# BETHANY SABDAM

**No. 128** **October 2022**

**Editorial Board**

Fr. Jobin Kuriakose OIC (Chief Editor)

Fr. Thomas Prasobh Kolliyelil OIC

Fr. Thomas Pramod Palavilayil OIC

Fr. Ebin Thomas Panicker OIC

Fr. Mathew Praful Palanilkunnathil OIC

**Printed at**

Bethany Press, Kottayam - 686010
Ph: 0481 - 2571355
e-mail: bethanyktm@gmail.com

**Published from**

Bethany Ashram Generalate
P.B.No. 06, Vadavathoor P.O.,
Kottayam - 686 010, KERALA
Ph : 0481 - 2578494
(Monday - Saturday from 9.30 AM to 5.00 PM)
web : www.bethanyashram.net
e-mail : oic.infonews@gmail.com

*for Private Circulation Only*

# ഉൾത്താളുകളിൽ


എഡിറ്റോറിയൽ

ബഥാന്യൻ പാരമ്പര്യത്തിലൂടെ.... - ഫാ. മത്തായി കടവിൽ ഒ.ഐ.സി.

ബഥാന്യനായ മെത്രാപ്പോലീത്താ - ഫാ. ഇഗ്നേഷ്യസ് തങ്ങളത്തിൽ ഒ.ഐ.സി

മഹാത്മാവായ ബെനഡിക്ട് മാർ ഗ്രീഗോറിയോസ് ആർച്ച് ബിഷപ്പ് - ഫാ. സജീവ് തെക്കെച്ചരുവിൽ ഒ.ഐ.സി

കർമ്മയോഗിയും ജ്ഞാനയോഗിയും ഭക്തിയോഗിയുമായ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് - ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി

ബഥനി-മലങ്കര സഭ വളർന്ന മണ്ണ് - ബ്രദർ റോഷൻ ഒടാലിൽ ഒ.ഐ.സി

ഓർമ്മയിൽനിന്ന് ഓർമ്മപ്പെരുന്നാളിലേക്ക് - ഫാ. ജോസ് മരിയദാസ് ഒ.ഐ.സി

The divine design for the Bethanian Bishop ... - Fr. Varghese Vinayanand OIC

പ്രണയസ്വപ്നം - ബ്രദർ സ്റ്റാലിൻ ഒ.ഐ.സി

സുവിശേഷസംഘത്തിന്റെ ആദ്ധ്യാത്മിക വഴികൾ - ഫാ. ആന്റണി കല്ലിൽ ഒ.ഐ.സി.

ഹൃദയങ്ങൾ കീഴടക്കിയ ഇടയശ്രേഷ്ഠൻ - ഫാ. യേശുദാസ് ഒ.ഐ.സി

Synodal Path of Bethany Ashram ....... - Fr Shiju K. Levy

പരമാരാധനയുടെ ശ്രേഷ്ഠാചാര്യൻ - ഫാ. സ്ലീബാദാസ് ഒ.ഐ.സി

മലങ്കരയുടെ സൂര്യതേജസ് - ഫാ. സിജോ ഒ.ഐ.സി

ഇലവിചാരം - ബ്രദർ ജെസ്സിൻ, നോവിഷ്യേറ്റ്

ദർശന സാഗരം - ഫാ. മനു വർഗീസ് ഒ.ഐ.സി

ഓർമ്മയുടെ ചിറകുകൾ - ബ്രദർ അലൻ വർക്കി, നോവിഷ്യേറ്റ്

ഗ്രിഗോറിയോൻ അനുഭവങ്ങൾ

ബഥനി വാർത്തകൾ

# എഡിറ്റോറിയൽ

# ബഥാന്യൻ പാരമ്പര്യത്തിലൂടെ....

**ഫാ. മത്തായി കടവിൽ ഒ.ഐ.സി.**

പാരമ്പര്യത്തിന് ഗൗരവമായ സ്ഥാനമാണ് കത്തോലിക്കാസഭ നല്കിയിട്ടുള്ളത്. കത്തോലിക്കാ സഭയും പൗരസ്ത്യപാരമ്പര്യത്തിലേർപ്പെട്ട വിവിധ സഭകളും വേദപുസ്തകത്തോടൊപ്പം പാരമ്പര്യത്തെയും വിശ്വാസസ്രോതസായി കാണുന്നു. രണ്ടാം വത്തിക്കാൻ സൂന്നഹദോസിലെ ദൈവാവിഷ്കരണത്തെ സംബന്ധിച്ച ഡിക്രി ഇത് മനോഹരമായി അവതരിപ്പിക്കുന്നുണ്ട്. പൗരസ്ത്യസഭകളെ സംബന്ധിച്ചും സമർപ്പിത ജീവിതത്തെ സംബന്ധിച്ചുമുള്ള ഡിക്രികൾ സഭയുടെയും സമൂഹങ്ങളുടെയും പാരമ്പര്യങ്ങൾ പഠനവിഷയമാക്കുന്നതിനും കാലാനുസൃതം നവീകരിക്കുന്നതിനും ആഹ്വാനം ചെയ്യുന്നു.

പാരമ്പര്യമെന്നത് എഴുതപ്പെട്ടതും പറയപ്പെട്ടതുമായ കാര്യങ്ങളനുസരിച്ചുള്ള ജീവിതത്തിന്റെ സാക്ഷ്യമാണ്. യേശുവിന്റെ പ്രബോധനങ്ങളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ അപ്പസ്തോലന്മാർ ചിട്ടപ്പെടുത്തിയ ജീവിതക്രമമാണ് അപ്പസ്തോലിക പാരമ്പര്യമായി വ്യാഖ്യാനിക്കപ്പെടുന്നത്. ഇതിന്റെ തുടർച്ചയാണ് സഭയുടെ പൊതുപാരമ്പര്യമായി വളർന്നുവന്നത്. “അതിനാൽ സഹോദരങ്ങളേ, പ്രഭാഷണത്താലും ലേഖനത്താലും, ഞങ്ങൾ നിങ്ങൾക്ക് നൽകിയ ഉപദേശങ്ങൾ മുറുകെ പിടിച്ചുകൊണ്ട് സുസ്ഥിരമായി നിൽക്കുക” (2 തെസ.2 :15) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ പാരമ്പര്യത്തിന്റെ അടിസ്ഥാനമായി നിലകൊള്ളുന്നു.

ബഥനിയെ സംബന്ധിച്ചിടത്തോളം ബഥനിയുടെ സ്ഥാപകനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ വിവിധങ്ങളായ ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളുമനുസരിച്ച് ബഥനിയുടെ പൂർവ്വപിതാക്കന്മാർ അനുഷ്ഠിച്ച ജീവിതക്രമമാണ് ബഥനിയുടെ പാരമ്പര്യമായി ചിട്ടപ്പെടുത്തേണ്ടത്. നമുക്കറിയാമെന്ന് നാം കരുതുന്നതും എഴുതപ്പെട്ടതുമായ ഇത്തരം കാര്യങ്ങളെ സംബന്ധിച്ച വിഷയങ്ങളുടെ ക്രോഡീകരണം ശക്തിപ്പെടേണ്ടത് കാലത്തിന്റെ ആവശ്യമാണെന്നത് തോന്നുന്നു. ഇതിന് സഹായകമായ വിധത്തിലാണ് ബഥനിശബ്ദത്തിന്റെ ഈ ലക്കം ക്രമീകരിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയെയും ജേക്കബ് മാർ ബർണ്ണബാസ് തിരുമേനിയെക്കുറിച്ചുമുള്ള അനുസ്മരണകൾ ഇവിടെ അവതരിപ്പിക്കുന്നു. ബഥനിയിലെ പൂർവ്വപിതാക്കന്മാരെക്കുറിച്ചുള്ള അനുസ്മരണകൾ നമുക്ക് പരിചിതമായ അവരുടെ ജീവിതരേഖകളായി ചുരുങ്ങിപോകാൻ പാടില്ല. സമർപ്പിത ജീവിതത്തിന്റെ ഭാഗമായി അവരിൽ തെളിഞ്ഞുനിന്ന ജീവിതദർശനങ്ങളെക്കുറിച്ചുള്ള അനുഭവസാക്ഷ്യങ്ങളും വിശകലനങ്ങളും ഇതിന്റെ ഭാഗമാകണം.

ബഥനിയുടെ പാരമ്പര്യത്തെ സംബന്ധിച്ച ഇത്തരം ചർച്ചകളുടെ പശ്ചാത്തലത്തിൽ, ബഥനിയുടെ ആദ്യതലമുറയെക്കുറിച്ച് തികച്ചും വ്യക്തിപരമായ ഒരുചിന്ത ഇവിടെ പങ്കുവയ്ക്കാനാഗ്രഹിക്കുന്നു: ബഥനിയുടെ ആരംഭം 1919 ആഗസ്റ്റ് 15 എന്നത് അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധത്തിൽ നമ്മുടെ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഓർത്തഡോക്സ് സഭയിലെ നമ്മുടെ സഹോദരങ്ങൾ ഇത് 1918 ലാണെന്ന് അവകാശപ്പെടുന്നു. ബഥനി ആശ്രമം ഔപചാരികമായി തുടങ്ങുന്നതിനുള്ള പ്രാരംഭജോലികൾക്കായി

അലക്സിയോസച്ചൻ, ഉമ്മൻ വാദ്ധ്യാർ, മത്തായി പണിക്കർ, കിളിലേത്ത് ചാക്കോ എന്നിവർ പ്രവർത്തനം ആരംഭിച്ചതിനെ ഇത് കുറിക്കുന്നു. ഇതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. എന്നാൽ, നാം പ്രത്യേകമായി അനുസ്മരിക്കേണ്ട ഒരു വിഷയം 1919 ആഗസ്റ്റ് 15-ന് മുമ്പ് അനൗപചാരികമായി ആരംഭിച്ചു പ്രവർത്തിച്ച ബഥനിയെക്കുറിച്ചു കൂടിയാണ്.

സഭയുടെ നവീകരണത്തിനും സുവിശേഷപ്രഘോഷണത്തിനുമായി എന്തു ചെയ്യണമെന്ന് ദൈവസന്നിധിയിൽ പര്യാലോചന നടത്തിയ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് സന്ന്യാസാശ്രമം തുടങ്ങാൻ തീരുമാനിച്ചതിനെക്കുറിച്ച് ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് തന്റെ ആത്മകഥയായ ഗിരിദീപത്തിൽ വിശദീകരിക്കുന്നുണ്ട് (ഗിരിദീപം 79-86) അനൗപചാരികമായി സെറാമ്പൂരിൽ ആരംഭിച്ച ബഥനിയുടെ രീതികളെക്കുറിച്ച് അദ്ദേഹം വിവരിക്കുന്നു: "ഈ വകയിൽ (സന്ന്യാസത്തെ സംബന്ധിച്ച) ഏതാണ്ടൊരു പരിജ്ഞാനം ലഭിച്ചതോടുകൂടി, സന്ന്യാസാശ്രമത്തിലെ പ്രാരംഭ നിയമങ്ങളെയും നിഷ്ഠാവ്രതങ്ങളെയും പാലിച്ചുകൊണ്ട് അവിടെ വച്ചുതന്നെ സന്ന്യാസജീവിതം സംബന്ധിച്ചുള്ള പ്രഥമ പരിശീലനങ്ങൾ തുടങ്ങണമെന്ന് നാം ആഗ്രഹിച്ചു. ഇതിലേക്ക് വലിയ തിരുമേനിയുടെ (വട്ടശേരിൽ മാർ ദിവന്നാസ്യോസ്) അനുവാദവും ആശീർവാദവും അപരിഹാര്യമാണെന്ന് നമുക്ക് തോന്നിയതിനാൽ ലഘുതരങ്ങളായ ചില പരിശീലന ചർച്ചകൾ തിരുമനസിലെ പേർക്ക് നാം എഴുതി അയ്ക്കുകയും അവ അനുഷ്ഠിപ്പാൻ അനുവാദമപേക്ഷിക്കുകയും ചെയ്തു. തിരുമനസുകൊണ്ട് അനുഗ്രഹപൂർവ്വം നമ്മുടെ അപേക്ഷയെ അനുവദിക്കുകയും ചെയ്തു. ഉടൻതന്നെ നാമും ശെമ്മാശന്മാരും അവ അനുഷ്ഠിച്ചുതുടങ്ങി. സന്ന്യാസപരമായ ജീവിതത്തിൽ എത്രയോ നിസാരങ്ങളും ലഘുതരങ്ങളുമായ ഏതാനും ചില അനുഷ്ഠാനങ്ങളും വ്രതങ്ങളും മാത്രമേ അപ്പോൾ പാലിച്ചുവന്നിരുന്നുള്ളു. കൃത്യസമയങ്ങളിലുള്ള നമസ്കാരത്തിന് ആരും ഉപേക്ഷവരുത്താൻ പാടില്ലെന്നും, ധ്യാനം, ജീവിതശോധന-ഇവ ദിവസംതോറും നിർവിഘ്നം നടത്തിക്കൊള്ളണമെന്നും, സൂത്താറാ നമസ്കാരം കഴിഞ്ഞാൽ പ്രഭാതപ്രാർത്ഥനയും ധ്യാനവും കഴിഞ്ഞതിനുമേൽ മാത്രമേ പരസ്പരം സംസാരിക്കാവൂ എന്നും, മറ്റും ആയിരുന്നു ശെമ്മാശന്മാർ അനുവർത്തിച്ചുവന്ന നിയമങ്ങളെന്ന് പറയാം" (ഗിരിദീപം, 92).

സെറാമ്പൂരിൽ ഇപ്രകാരം ആരംഭിച്ച ശൈശവാശ്രമത്തിലെ അംഗങ്ങൾ ആരൊക്കെയാണ് എന്ന ചോദ്യവും ഇവിടെ പ്രസക്തമാണ്. വിവിധ വിഷയങ്ങൾ പഠിച്ചുകൊണ്ട് പിതാവിനൊപ്പം സെറാമ്പൂരിൽ താമസിച്ചവർ നിരവധിയായിരുന്നു. ഇങ്ങനെ പഠിച്ച 19 ആളുകളുടെ പേരുകൾ ഇഞ്ചയ്ക്കലോടിയച്ചൻ നല്കുന്നുണ്ട്. ഇവരിൽ രണ്ടുപേർ പൗരോഹിത്യസ്വീകരണത്തിനു മുമ്പുതന്നെ മരണപ്പെടുകയുണ്ടായി (ജോൺ കാട്ടുമങ്ങാട്ട് MSc, ഗീവർഗ്ഗീസ് തച്ചേരിൽ M.A., BD). ബാക്കിയുള്ള 17 പേരിൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനോടൊപ്പം നാലു പേരാണ് മുണ്ടൻമലയിൽ ആരംഭിച്ച ബഥനി ആശ്രമത്തിൽ അംഗത്വം സ്വീകരിച്ചത്. ഡീക്കൻ യാക്കോബ് കളപ്പുരയ്ക്കൽ (മാർ തെയോഫിലോസ്), ഫാ.അലക്സിയോസ് മട്ടയ്ക്കൽ (മാർ തെവോദോസ്യോസ്), ഡീക്കൻ കോശി ശൂരനാട്ട് (ഡീക്കൻ സാമുവേൽ TOCD). ഡീക്കൻ ഗീവർഗീസ് മാമ്പുഴക്കാട്ട് (ഫാ.ഗീവർഗ്ഗീസ് ഒ.ഐ.സി). കോളേജിലെ പരീക്ഷകൾ തീരാതിരുന്നതിനാൽ ഗീവർഗ്ഗീസച്ചൻ 1920 മെയ് 26-ാം തീയതിയാണ് മുണ്ടൻമലയിലെ ബഥനി ആശ്രമത്തിൽ അംഗത്വം സ്വീകരിക്കുന്നത്.

പിതാവിനോടൊപ്പം സെറാമ്പൂരിൽനിന്നും മുണ്ടൻമലയിലെത്തിയ മൂന്നുപേരും ചേർന്ന് 1919 ആഗസ്റ്റ് 23-ന് ബഥനി ആശ്രമത്തിന്റെ പ്രഥമ ഭരണഘടന തയ്യാറാക്കി അതിൽ ഒപ്പുവച്ചു.

1920-ലെ പെന്തിക്കോസ്തി ദിനത്തിൽ (മാർച്ച് 9,1920) ഈ ഭരണഘടന അൾത്താരയിൽ സമർപ്പിക്കുകയും ചെയ്തു. ഇതനുസരിച്ച്, സെറാമ്പൂർ ഗണത്തിൽനിന്നും മുണ്ടൻമലയിലെത്തിയവരുടെ കൂട്ടത്തിൽ ഗീവർഗീസച്ചനൊഴികെയുള്ള നാലുപേരെ ബഥനിയുടെ സ്ഥാപകപിതാക്കന്മാരായി കണക്കാക്കാവുന്നതാണ്. ഈ നാൽവർസംഘത്തിൽ നിന്നും ശൂരനാട്ടുകാരൻ കോശിശെമ്മാശൻ സമൂഹം കർമ്മലീത്താ സഭയിൽ അംഗത്വം സ്വീകരിച്ചു. ജോഷ്വാ അച്ചന്റെ ദിനവൃത്താന്തത്തെ അടിസ്ഥാനപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുള്ള ബഥനി ആശ്രമത്തിന്റെ നാൾവഴികളിൽ സമൂഹം വിട്ടുപോയ കോശി ശെമ്മാശനെ സ്ഥാപകാംഗങ്ങളിൽ ഒരാൾ (പേജ് 43), സ്ഥാപകപിതാക്കന്മാരിൽ ഒരാൾ (പേജ് 65) എന്ന് വിശേഷിപ്പിച്ചിരിക്കുന്നുവെന്നതും പ്രസക്തമാണ്. കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുവാൻ തീക്ഷ്ണമായി ആഗ്രഹിച്ച കോശി ശെമ്മാശൻ കർമ്മലീത്താ ഒന്നാം സഭയിൽ ചേരുവാൻ താല്പര്യപ്പെട്ട് 1922-ൽ കൊല്ലം രൂപതയുടെ ബൻസിഗർ തിരുമേനിയെയാണ് ആദ്യം സമീപിച്ചത്. അദ്ദേഹം നിർദ്ദേശിച്ചതനുസരിച്ചാണ് കർമ്മലീത്താ മൂന്നാം സഭയായ (TOCD) ഇന്നത്തെ (CMI) സഭയിൽ അംഗത്വം സ്വീകരിച്ചത്. സഭാംഗമായ കോശി ശെമ്മാശൻ സാമുവേൽ പലാത്തടത്തിൽ TOCD എന്ന പേരിൽ 1928 നവംബർ 19-ാം തീയതി നിത്യവ്രതവാഗ്ദാനം ചെയ്തു. 1984 ജൂൺ 25ന് നിര്യാതനായ സാമുവേൽ പാലാത്തടത്തിലിനെ കർമ്മലീത്താ സഭയുടെ മാന്നാനം കൊവേന്തയിലാണ് അടക്കിയിരിക്കുന്നത്.

സെറാമ്പൂർ ഗണത്തിൽ നിന്നും മുണ്ടൻമലയിലെത്തിയ ഗീവർഗ്ഗീസ് മാമ്പുഴക്കാട്ടിൽ 1926-ൽ ശെമ്മാശപട്ടവും 1927 ഡിസംബർ 14-ാം തീയതി വൈദിക പദവിയേലക്കുയർത്തപ്പെട്ടു (നാൾവഴി, 61, 62). 1928 മെയ് 25-ാം തീയതി അദ്ദേഹം നിത്യവ്രതവാഗ്ദാനം ചെയ്തു.

6 പേർ മെത്രാൻ പദവിയിലേക്കുയർത്തപ്പെട്ടു. യാക്കോബ് മാർ തെയോഫിലോസ്, അല്സിയോസ് മാർ തെവോദാസ്യോസ്, മാത്യൂസ് മാർ ഈവാനിയോസ്-പാറേട്ട്-പത്രോസ് മാർ ഒസ്താത്തിയോസ്, ഗീവർഗ്ഗീസ് മാർ പീലക്സിനോസ്, ജോസഫ്, ഗീവർഗ്ഗീസ് മാർ പീലക്സിനോസ്, ജോസഫ് മാർ സേവേറിയോസ്) മെത്രാന്മാരായി ഉയർത്തപ്പെട്ട ആറുപേരും റമ്പാൻ പട്ട സ്വീകരണത്തിലൂടെ മാത്രമല്ല, മറിച്ച് ബഥനിയുടെ താപസശൈലി അതിന്റെ എല്ലാ അർത്ഥത്തിലും പിന്തുടർന്നവരായിരുന്നു.

# ബഥാന്യനായ മെത്രാപ്പോലീത്താ

ഫാ. ഇഗ്നേഷ്യസ് തങ്ങളത്തിൽ ഒ.ഐ.സി

ക്രൈസ്തവപാരമ്പര്യമുള്ള ശാന്തസുന്ദരമായ ഒരു പ്രദേശമാണ് കല്ലൂപ്പാറ. മണിമലയാറിനു വടക്ക് എടപ്പള്ളി തമ്പുരാക്കന്മാരുടെ ഭരണത്തിൽ, സമുദായ മൈത്രിയുള്ള ഹൈന്ദവരും ക്രൈസ്തവരും ഹൃദ്യമായ ഐക്യത്തിൽ ജീവിക്കുന്ന നാട്. വിവിധങ്ങളായ കാർഷിക വിളകൾ നിറഞ്ഞ ഗ്രാമാന്തരീക്ഷമുള്ള പ്രദേശം. ഏകദേശം എഴുനൂറുവർഷങ്ങൾമുമ്പുവരെ ഈ പ്രദേശത്തെ ക്രൈസ്തവർ ആരാധന നടത്തിയിരുന്നതും, ശവസംസ്കാരം നടത്തിയിരുന്നതും മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ നിരണം പള്ളിയിലായിരുന്നു. "കൊല്ലമൊരഞ്ഞൂറ്റൊരുപതടെഞ്ചിൽ ആടിയൊറാര ആയദിനത്തിൽ" അതായത് കൊല്ലവർഷം അഞ്ഞൂറ്റിപ്പതിനഞ്ച് കർക്കടകം മൂന്നാം തീയതിയാണ് കല്ലൂപ്പാറ പള്ളി പണി ആരംഭിക്കുന്നത്.

കാളിയാങ്കൽ കുടുംബത്തിൽ നിന്നും നിലയ്ക്കൽ കുടിയേറിയ പള്ളിവാതുക്കൽ കുടുംബക്കാരിൽ ചിലർ അവിടെനിന്ന് കടമ്പനാട്ടേക്കു മാറി. കല്ലൂപ്പാറ പള്ളി പണിയുന്നതിനുമുമ്പ് കടമ്പനാട് പള്ളി വാതുക്കൽ നിന്ന് രണ്ടു സഹോദരന്മാർ വടക്കോട്ടു മാറിയതിൽ ഒരാൾ-നൈനാൻ പുത്തൻകാവിലും (വലിയവീട്ടിൽ എന്നറിയപ്പെടുന്നു) സഹോദരൻ വർക്കി കല്ലൂപ്പാറയും താമസമാക്കി. എടപ്പള്ളി തമ്പുരാൻ അനുവദിച്ചു നൽകിയ മുണ്ടുപാലത്തുങ്കിൽ എന്ന് അറിയപ്പെടുന്ന സ്ഥലത്ത് താമസമാക്കിയ വർക്കിയുടെ സന്താനപരമ്പരയിൽ 16-ാം തലമുറക്കാരൻ വറുഗീസ് ഇടിക്കുളയുടെയും ചിറത്തലയ്ക്കൽ അന്നമ്മയുടെയും ഒൻപതു(9) മക്കളിൽ ഒന്നാമനായി 1-2-1916-ൽ കുഞ്ഞൂട്ടി എന്ന് ഓമനപ്പേരിൽ വർഗീസ് എന്ന മാമോദീസാ പേരുമുള്ള ബനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ജനിച്ചു.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ യാക്കോബായ സഭയിലുണ്ടായ തർക്കങ്ങളും കേസുകളും മൂലം കല്ലൂപ്പാറ പള്ളി പൂട്ടിയപ്പോൾ കടമാങ്കുളത്ത് പള്ളിയുണ്ടായി. ബഥനി ആശ്രമസ്ഥരായിരുന്നു ആദ്യകാലങ്ങളിൽ പുരോഹിത ശുശ്രൂഷ നടത്തിയിരുന്നത്.

ബാലനായിരുന്ന തങ്ങളത്തിൽ വറുഗീസ് ബഥനി വൈദികരുടെ ശുശ്രൂഷയിൽ പങ്കുകൊള്ളുകയും ശുശ്രൂഷകനായി പ്രവർത്തിക്കുകയും ചെയ്തിരുന്നു. സഭാജീവിതത്തിൽ തല്പരരായിരുന്ന മാതാപിതാക്കൾ ബഥനിയുടെ ആദ്യപിതാക്കന്മാരുടെ സന്ന്യാസജീവിതചൈതന്യം എല്ലാം വറുഗീസിനെ വളരെയേറെ സ്വാധീനിച്ചു. പ്രാർത്ഥനയിൽ ആഴപ്പെട്ട വ്യക്തിയായിരുന്നു.

ആത്മീയത നഷ്ടപ്പെട്ട് സഭ കലുഷിതാവസ്ഥയിലായിരുന്ന അവസ്ഥ മാർ ഈവാനിയോസ് തിരുമേനിയെ വളരെ അലട്ടിയിരുന്നു. പ്രാർത്ഥനയും ദൈവാനുഭവവമുള്ള ഒരു സമൂഹം വഴി മാത്രമേ സഭയെ നവീകരിക്കുവാൻ സാധിക്കുവെന്നും ബോധ്യപ്പെട്ടു. ബഥനി ആശ്രമസമൂഹം സ്ഥാപിച്ചത് ദൈവാനുഭവം ഉള്ളവർക്കു മാത്രമെ ദൈവത്തെ സാക്ഷ്യപ്പെടുത്തുവാൻ സാധിക്കൂ.

അടിസ്ഥാനപരമായി ആത്മീയതയിൽ തല്പരനായ വറുഗീസ് ബഥനിയുമായി ബന്ധപ്പെട്ടപ്പോൾ സന്ന്യാസജീവിതത്തിൽ തല്പരനായി മാതാപിതാക്കളും ബന്ധുജനങ്ങളും എതിർത്തെങ്കിലും അതു വകവയ്ക്കാതെ 1933-ൽ കത്തോലിക്കാ സഭാംഗമായി ബഥനി

സന്ന്യാസ സമൂഹത്തിൽ ചേർന്നു. പ്രാരംഭപരിശീലനം കഴിഞ്ഞ് 1935-ൽ സന്ന്യാസവ്രതം ചെയ്ത ബനഡിക്ട് 1944-ൽ കാൻഡിപേപ്പൽ സെമിനാരിയിൽ വൈദികപട്ടം സ്വീകരിച്ചു.

വൈദികൻ, മിഷനറി, കോളേജു പ്രിൻസിപ്പൽ, ഹോസ്റ്റൽ വാർഡൻ, മെത്രാൻ, മെത്രാപ്പോലീത്താ എന്നീ നിലയിൽ എന്നും തിരുമേനി ബഥനി സന്ന്യാസി ആയിരുന്നു. പ്രാർത്ഥിച്ചും തപസ്സുചെയ്തും ആധ്വാനിച്ചും സമ്പാദിച്ച ദൈവത്തെ ജനത്തിനു പകർന്നു കൊടുക്കുന്നവുടെ സമൂഹമായിരിക്കണം ബഥനി എന്നാണ് മാർ ഈവാനിയോസ് പിതാവ് പഠിപ്പിച്ചത്. ഗ്രിഗോറിയോസ് തിരുമേനി ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും പ്രാർത്ഥനയുടെ വ്യക്തിയായിരുന്നു. എത്ര ബദ്ധപ്പാടുള്ള അവസരങ്ങളിലും പ്രാർത്ഥനയ്ക്കു മുടക്കം വരുത്തില്ല. പാതിരാത്രിയുടെ യാമങ്ങളിൽ ദിവ്യകാരുണ്യ സന്നിധിയിൽ മണിക്കൂറുകൾ ചെലവിടും. പരിശുദ്ധ ദൈവമാതാവിന്റെ വലിയഭക്തനായിരുന്നു. യാത്രയിലാകട്ടെ രാത്രിയാമങ്ങളിൽ അരമനയുടെ ടെറസ്സിൽ നടന്നുകൊണ്ടാകട്ടെ മൂന്ന് ജപമാല പ്രാർത്ഥനയെങ്കിലും എല്ലാ ദിവസവും ചെല്ലുമായിരുന്നു. വി.കുർബാനയർപ്പണം ഒരു ദിവസം പോലും മുടക്കുകയില്ല. ദീർഘവിമാനയാത്രചെയ്യുമ്പോൾ ഇടയ്ക്കു നിർത്തുന്ന വിമാനത്താവളത്തിൽ അടുത്തു ദേവാലയമുണ്ടെങ്കിൽ അവിടെയെത്തി വി.കുർബാന അർപ്പിക്കം. അമേരിക്കയിൽ നിന്ന് ചികിത്സ കഴിഞ്ഞ് യാത്രയ്ക്കു തയ്യാറാകുമ്പോൾ പിറ്റേ ദിവസത്തേക്ക് വിമാനത്തിൽ ആയിരിക്കുമ്പോൾ സ്വീകരിക്കുന്നതിന് വി.കുർബാന കരുതിക്കൊള്ളണമെന്ന് എന്നോടു പറഞ്ഞു. പുലർച്ചയായപ്പോൾ സ്വീകരിക്കുകയും ചെയ്തു. വി.കുർബാനയുടെ ശക്തിയും പരിശുദ്ധ ദൈവമാതാവിന്റെ കരുതലുമാണ് വന്ദ്യപിതാവിന്റെ ജീവിതം ധന്യമാക്കിയതും ജനത്തിനു കരുതലായതും, സമ്പാദിച്ചതു വിതരണം ചെയ്തതും.

ഓരോ നിമിഷവും ഒരു ബഥാന്യനെന്ന ബോധ്യത്തിലുള്ള ജീവിതമായിരുന്നു. ബഥനിയുടെ നാലാം വ്രതമായി ദൈവദാസൻ തെരഞ്ഞെടുത്ത ലാളിത്യം വന്ദ്യപിതാവിന്റെ ജീവിതം ചൈതന്യമായിരുന്നു. എല്ലായ്പ്പോഴും ബഥനിയുടെ കാവിക്കുപ്പായമാണ് ധരിച്ചിരുന്നത്. കീറലുണ്ടായാൽ തന്നെത്താൻ തുന്നി ധരിക്കും. യാത്രയിലും എല്ലായ്പ്പോഴും അതിനുവേണ്ടി സൂചിയും നൂലും സൂക്ഷിച്ചിരുന്നു. യാത്രയ്ക്ക് ഒരു കാർ ദീർഘനാൾ ഉപയോഗിച്ചിരുന്നു. കേടുപാടുകൾ തീർക്കുവാനുള്ള സ്പെയർ പാർട്സ് തനിയെ വാങ്ങിക്കൊണ്ടുവരുന്നതു ഞാൻ കണ്ടിട്ടുണ്ട്. നാല്പത്തിയൊന്നു വർഷം സഭാതലവനായിരുന്ന തിരുമേനി നിരന്തരം കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും യാത്രയ്ക്ക് നാലു കാറുകൾ മാത്രമേ ഉപയോഗിച്ചുള്ളു.

ഭക്ഷണകാര്യങ്ങളിലും പ്രത്യേക നിഷ്ഠയുണ്ടായിരുന്നു. മലങ്കരസഭുടെ അനുഷ്ഠാനങ്ങൾ പാലിക്കുവാൻ അതീവശ്രദ്ധ ഉണ്ടായിരുന്നു. ഭക്ഷണം ലളിതമായിരിക്കണമെന്നതും നിർബന്ധം. അതുപോലെ മിതത്വം പാലിക്കുവാൻ നിഷ്കർഷിച്ചു. എന്തെങ്കിലും പ്രത്യേകമായി പാകം ചെയ്യുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല. അങ്ങനെ ജീവിതത്തിന്റെ എല്ലാ അംശങ്ങളിലും പ്രാർത്ഥനാജീവിതം, ഭക്ഷണം, തപസനുഷ്ഠാനം, വസ്ത്രം, യാത്ര, സന്ന്യാസോചിതമായ ചൈതന്യം കാത്തുസൂക്ഷിച്ചു.

ആഴമേറിയ പ്രാർത്ഥനാജീവിതം, താപസജീവിതം, ലളിതവും ഹൃദ്യവുമായ പെരുമാറ്റം എല്ലാം വഴി ദൈവത്തെ സമ്പാദിക്കുകയും എല്ലാ ജനതയുടെയും ഹൃദയം കവരുകയും ചെയ്തു. അതിനാൽ കലുഷിതമായ പല സന്ദർഭങ്ങളിലും ശാന്തിയും സമാധാനവും പുനഃസ്ഥാപിക്കുവാൻ സാധിച്ചു. ജാതിമതഭേദമെന്യേ എല്ലാവർക്കും സ്വീകാര്യനായ താപസൻ! ദൈവദാസൻ പഠിപ്പിച്ച ദൈവസേവനം ഉത്തമം, ദൈവസമ്പാദനം അത്യുത്തമം എന്നത് സ്വാംശീകരിച്ച ബഥാന്യൻ.

# മഹാത്മാവായ ബെനഡിക്ട് മാർ ഗ്രീഗോറിയോസ് ആർച്ച് ബിഷപ്പ്

ഫാ. സജീവ് തൈക്കച്ചരുവിൽ ഒ.ഐ.സി

ഭാഗ്യസ്മരണാർഹനായ ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിനെ ഓർക്കുമ്പോൾ തിരുമേനി ഒരു മഹാത്മാവായിരുന്നു എന്ന ചിന്തയാണ് എനിക്കുള്ളത്. മഹാത്മാക്കളായ ധാരാളം വ്യക്തികളെ ചരിത്രത്തിൽ നമുക്ക് അറിയാൻ സാധിക്കും. നമ്മുടെ രാജ്യത്തും ലോകത്തിന്റെ നാനാഭാഗത്തും മഹാത്മാക്കളെ നമുക്ക് കണ്ടെത്താനാകും. മലങ്കര കത്തോലിക്കാസഭയിലെ അംഗം എന്ന നിലയ്ക്ക് വിശേഷിച്ച് ബഥനി സന്ന്യാസി സമൂഹത്തിലെ അംഗം എന്ന നിലയ്ക്ക് നമ്മിൽ നിന്നും വാങ്ങിപ്പോയ അഭിവന്ദ്യ പിതാക്കന്മാർ എല്ലാവരും തന്നെ മഹാത്മക്കളാണെന്ന് കരുതാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്. എന്നാൽ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിനെ ഓർക്കുമ്പോൾ ഒരു പ്രത്യേകത എന്റെ ജീവിതത്തിൽ ഉണ്ട്. അതിനു കാരണം അഭിവന്ദ്യ ഗ്രീഗോറിയോസ് പിതാവിനെ കൂടുതൽ അറിയാനുള്ള അവസരങ്ങൾ എന്റെ ജീവിതത്തിൽ ഉണ്ടായി എന്നുള്ളതാണ്. അഭിവന്ദ്യപിതാവിന്റെ വ്യക്തിത്വം എന്റെ ജീവിതത്തിൽ ഒത്തിരി സ്വാധീനിച്ചിട്ടുണ്ട് എന്നത് സത്യമാണ്.

എന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട സംഭവമായ ആദ്യവിശുദ്ധ കുർബാനസ്വീകരണം 1966 ഫെബ്രുവരി 26ന് അഭിവന്ദ്യ മാർ ഗ്രീഗോറിയോസ് പിതാവിന്റെ കൈകളിൽ നിന്നായിരുന്നു. അന്ന് അഭിവന്ദ്യപിതാവ് പ്രസംഗത്തിൽ സന്ന്യാസവൈദിക ദൈവവിളികളെ പറ്റി പ്രസംഗിച്ചതായും ഞാൻ ഓർക്കുന്നു. എന്റെ ദൈവവിളിക്കും ഇത് ഒരു പ്രേരണയായിട്ടുണ്ട് എന്ന് മനസ്സിലാക്കുന്നു. അഭിവന്ദ്യപിതാവിനെ കൂടുതൽ അറിയാൻ സാധിച്ചതിന് മറ്റൊരു സാഹചര്യവും ഉണ്ടായിരുന്നു. പിതാവിന്റെ ഇളയ സഹോദരനായ ബഹു. ഇഗ്നേഷ്യസ് തങ്ങളത്തിൽ ഒ.ഐ.സി അച്ചൻ ഞങ്ങളുടെ ഇടവകയുടെ (കുമ്പഴ) വികാരിയായി 11 വർഷത്തോളം ശുശ്രൂഷ ചെയ്തിരുന്നു. ഇഗ്നേഷ്യസ് അച്ചന്റെ അടുത്ത്, കുമ്പഴ ആശ്രമത്തിൽ പിതാവ് വന്നിരുന്ന ചില അവസരങ്ങളിൽ പിതാവിനെ അടുത്ത് കണ്ട് പരിചയപ്പെടാൻ ഇടയായിട്ടുണ്ട്. ഞങ്ങളുടെ ഭവനത്തിലും അഭിവന്ദ്യപിതാവ് പല അവസരത്തിലും വന്നതും ഓർക്കുന്നു. ചുരുക്കത്തിൽ എന്റെ ബാല്യകാലത്തു തന്നെ അഭിവന്ദ്യ മാർ ഗ്രീഗോറിയോസ് പിതാവ് ഒരു മഹാത്മാവാണെന്ന രൂപം എന്റെ മനസ്സിൽ രൂപപ്പെട്ടിരുന്നു.

1974 ൽ ഞാൻ ബഥനി ആശ്രമത്തിൽ ചേർന്നതിനു ശേഷവും മാർ ഗ്രീഗോറിയോസ് പിതാവിനെ കൂടുതൽ അറിയുവാനും അദ്ദേഹത്തിന്റെ ധാരാളം പ്രസംഗങ്ങൾ കേൾക്കുവാനും ഭക്തി ശ്രുതിമധുരമായ ആരാധനയിലും കൂദാശകളിലും ഭാഗഭാക്കാകാനും അവസരങ്ങൾ ലഭിച്ചിട്ടുണ്ട്. എനിക്ക് ശെമ്മാശ്ശപട്ടവും വൈദികപട്ടവും നല്കിയതും അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവാണ്. പരസ്പരം കാണുമ്പോൾ പിതാവ് എന്നോട് ചോദിച്ചിരുന്നത്, “സന്ന്യാസി സുഖമാണോ” എന്നായിരുന്നു. അഭിവന്ദ്യപിതാവിൽ വിളങ്ങി ജ്വലിച്ചിരുന്ന സന്ന്യാസഭാവത്തിന്റെ ഒരു ബഹിർസ്പുരണമായിരുന്നു ഈ വാക്കുകൾ.

മാർ ഗ്രീഗോറിയോസ് പിതാവിന്റെ ജന്മശതാബ്ദി ആചരിക്കുന്ന ഈ അവസരത്തിൽ പിതാവിനെപ്പറ്റി അനുസ്മരിക്കുമ്പോൾ പിതാവിന്റെ ജീവിതം ഒരു അത്ഭുതജീവിതമായിരുന്നുവെന്ന് തോന്നുകയാണ്. 1916 ഫെബ്രുവരി ഒന്നിന് ജനിച്ച് 1994 ഒക്ടോബർ പത്തിന് ഇഹലോകവാസം വെടിഞ്ഞ് നിത്യതയിലേക്ക് പ്രവേശിച്ച മാർ ഗ്രീഗോറിയോസ് പിതാവ് മലങ്കര കത്തോലിക്കാ സഭയ്ക്കും മനുഷ്യകുലത്തിന് മുഴുവനായും നല്കിയ നന്മകളെപ്പറ്റി ചിന്തിക്കുമ്പോൾ പിതാവിനെ മഹാത്മാക്കളുടെ നിരയിലേക്ക് ഉയർത്താതിരിക്കാൻ സാധിക്കില്ല.

## പിതാവിനെ മഹാത്മാവാക്കിയ ഞാൻ കണ്ട ചില ഗുണങ്ങൾ കുറിക്കട്ടെ

### 1. മനുഷ്യന്റെ യഥാർത്ഥ മഹത്വം മനസ്സിലാക്കിയ പിതാവ്

ഒരു സാധാരണ കർഷക കുടുംബത്തിൽ ജനിച്ചു വളർന്ന ബാലനായിരുന്നു പിതാവ്. ഒരു നല്ല ആത്മീയ അന്തരീക്ഷം ഭവനത്തിലുണ്ടായിരുന്നു. ഭവനത്തിലെ പരിമിതികൾ പൂർണ്ണമായി ഉൾക്കൊണ്ട് കഠിനാദ്ധ്വാനം ചെയ്ത് പഠിച്ച് ഒരു ജോലി കരസ്ഥമാക്കാൻ സാധിച്ചു. എന്നാൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സന്ന്യാസപ്രസ്ഥാനത്താൽ ആകൃഷ്ടനായി ബഥനി ആശ്രമത്തിൽ ചേർന്ന് ഒരു സന്ന്യാസവൈദികനായി. മാർ ഈവാനിയോസ് പിതാവിന്റെ ഇഷ്ടമനുസരിച്ച് ഉപരിപഠനം നടത്തുകയും ഒന്നാം റാങ്കോടുകൂടി വലിയ ഡിഗ്രി കരസ്ഥമാക്കി ഏറ്റം വലിയ പദവിയായ മാർ ഈവാനിയോസ് കോളേജ് പ്രിൻസിപ്പൽ ആകുകയും ചെയ്തു. എന്നാൽ തന്റെ ബാല്യകാലത്തേയും സന്ന്യാസജീവിതത്തേയും മറക്കാൻ ഈ സ്ഥാനമാനങ്ങൾ ഒന്നും ഇടയാക്കിയില്ല. വിനയാന്വിതനും ലളിതജീവിതം നയിക്കുന്നവനും ആയ ദരിദ്രസന്ന്യാസിയായി ജീവിക്കാൻ അദ്ദേഹം മറന്നില്ല.

സമ്പത്തോ സ്ഥാനമാനങ്ങളോ അല്ല ഒരു വ്യക്തിയെ അളക്കാനുള്ള മാനദണ്ഡങ്ങളെന്ന് മനസ്സിലാക്കിയ ആചാര്യനായിരുന്നു മാർ ഗ്രീഗോറിയോസ് പിതാവ്. പാവങ്ങളോടും സമൂഹത്തിൽ താഴെക്കിടയിൽ എന്ന് സമൂഹം കരുതിയവരോടും പ്രത്യേകം സ്നേഹവും പരിഗണനയും പിതാവ് പ്രകടിപ്പിച്ചു. എല്ലാ മനുഷ്യരും ദൈവപിതാവിന്റെ മക്കളാണെന്നുള്ള സമഭാവന പിതാവിനുണ്ടായിരുന്നു. എല്ലാ മനുഷ്യരും മഹത്വമുള്ളവരാണെന്നും പിതാവു വിശ്വസിച്ചു. മറ്റുള്ളവരോട് പ്രത്യേകിച്ച് പിതാവിന്റെ ശുശ്രൂഷയുമായി ബന്ധപ്പെട്ടവരോടെല്ലാം ആദരവും സ്നേഹവും വാത്സല്യവും തന്റെ വാക്കിലും പ്രവർത്തിയിലും പിതാവ് പ്രകടിപ്പിച്ചിരുന്നു.

### 2. മനുഷ്യന്റെ സമഗ്ര വളർച്ച ആഗ്രഹിച്ച പിതാവ്

മനുഷ്യരെല്ലാം ദൈവസന്നിധിയിൽ വിലപ്പെട്ടവരാണെന്നും എല്ലാ മനുഷ്യർക്കും തുല്യമായ നീതി ഉണ്ടാവണമെന്നും ആഗ്രഹിച്ച പിതാവായിരുന്നു മാർ ഗ്രീഗോറിയോസ് തിരുമേനി. മനുഷ്യന്റെ ആത്മീയവും ഭൗതികവുമായ വളർച്ചയാണ് അവന്റെ പുരോഗതിക്ക് അടിസ്ഥാനമെന്ന് മനസ്സിലാക്കിയ പിതാവ് മനുഷ്യന്റെ സമഗ്ര വളർച്ചയെ മുന്നിൽ കണ്ട് അതിനുള്ള മാർഗ്ഗങ്ങൾ പ്രാവർത്തികമാക്കി. ദൈവത്തെ അറിഞ്ഞ് സ്നേഹിച്ച് ആത്മീയശക്തി പ്രാപിക്കുമ്പോൾ സമസൃഷ്ടികളെ സ്നേഹിക്കുവാനും അവർക്കുവേണ്ടി ജീവൻ സമർപ്പിക്കുവാനും മനുഷ്യൻ പ്രാപ്തനാകുന്നു. ഇപ്രകാരം ആത്മീയ ചൈതന്യം പ്രാപിക്കുന്നവർക്ക് മനുഷ്യസമൂഹത്തിന് നന്മ ചെയ്യുവാൻ ഹൃദയവിശാലത ഉണ്ടാകുമെന്ന് പിതാവ് പഠിപ്പിച്ചു. ഈശ്വര ചിന്തയും ഈശ്വരാനുഭവവും ഒരു വ്യക്തിയിൽ രൂപം കൊള്ളുമ്പോൾ ആ വ്യക്തി സമൂഹത്തിന് ഉപകാരിയായി മാറുമെന്നുള്ള ദർശനം തന്റെ ജീവിതത്തിലൂടെ പിതാവ് തെളിയിച്ചു. മനുഷ്യന്റെ സമഗ്രവളർച്ച

ക്കായി പള്ളിയും, പള്ളിക്കൂടങ്ങളും ആരോഗ്യകേന്ദ്രങ്ങളും, തൊഴിൽ ശാലകളും, ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളും, ധ്യാനമന്ദിരങ്ങളും ആശ്വാസകേന്ദ്രങ്ങളും മറ്റും സ്ഥാപിക്കുന്നതിൽ മാർ ഗ്രീഗോറിയോസ് പിതാവ് ശ്രദ്ധിച്ചിരുന്നു.

### 3. പ്രകൃതി സംരക്ഷകനായിരുന്ന പിതാവ്

ഒരു കർഷക കുടുംബത്തിൽ ജനിച്ചു വളർന്ന പിതാവ് പ്രകൃതിയോടും കൃഷിയോടും ചെറുപ്പം മുതലേ താല്പര്യം പ്രകടിപ്പിച്ചിരുന്നു. ദൈവത്തിന്റെ അത്ഭുതകരമായ കരവിരുത് ഈ പ്രകൃതിയിൽ ദർശിക്കുന്നതിന് പിതാവിന് സാധിച്ചു. താൻ കണ്ടറിഞ്ഞ സത്യങ്ങൾ മറ്റുളളവർക്ക് പ്രയോജനകരമായി ഭവിക്കുവാൻ അദ്ദേഹം എന്നും പരിശ്രമിച്ചിരുന്നു. കൃഷിയെ പ്രോത്സാഹിപ്പിക്കാനും അതും കൂടുതൽ പ്രയോജനപ്രദവും മനുഷ്യന്റെ പുരോഗതിക്ക് സഹായകരവുമാക്കാൻ പിതാവ് ഉത്സാഹത്തോടെ പരിശ്രമിച്ചിരിക്കുന്നു. നൂതനമായ കൃഷി സംരംഭങ്ങൾക്ക് അദ്ദേഹം നേതൃത്വം നല്കിയിരുന്നു. മരങ്ങൾ നട്ടുവളർത്തുന്നതിനും അത് മനുഷ്യന്റെ പുരോഗതിക്ക് ഉപയോഗപ്രദമാക്കുന്നതിനും ഉള്ള പദ്ധതികൾ പിതാവ് നടപ്പിലാക്കിയിരുന്നു. പ്രകൃതിയെ ചൂഷണം ചെയ്ത് നശിപ്പിക്കാനോ മലിനപ്പെടുത്തി ദുരുപയോഗിക്കാനോ മനുഷ്യൻ ശ്രമിക്കരുതെന്ന് പിതാവ് പഠിപ്പിച്ചിരുന്നു.

### 4. എല്ലാവരേയും സ്നേഹിച്ച പിതാവ്

മലങ്കര കത്തോലിക്കാ സഭയുടെ അദ്ധ്യക്ഷനായി തിരുവനന്തപുരം അതിരൂപതയുടെ ആർച്ചു ബിഷപ്പായി ചുമതലയേറ്റ മാർ ഗ്രീഗോറിയോസ് പിതാവ് സഭാമക്കളെ വാത്സല്യപൂർവ്വം സ്നേഹിക്കുകയും സഭാമക്കളുടെ നന്മയ്ക്കായി തന്റെ ജീവിതം സമർപ്പിക്കുകയും ചെയ്തു. “സ്നേഹം മമദീപം” എന്ന ആപ്തവാക്യം സ്വീകരിച്ച പിതാവ് സഭാ മക്കളെ എല്ലാവരേയും തന്റെ സ്നേഹവലയത്തിൽ സൂക്ഷിച്ച് അവരുടെ ഉന്നതിക്കായി തന്റെ ജീവിതം കാഴ്ച വെയ്ക്കുകയും ചെയ്തു. അത്മായ ജീവിതത്തിന് സഭാ ജീവിതത്തിൽ ഒന്നാം സ്ഥാനം നല്കിയ പിതാവ് സഭാ മക്കൾക്ക് എന്നും ഒരു ആത്മീയ തേജസ്സായിതന്നെ നിലകൊണ്ടു. പിതാവിന്റെ ആരാധനയിലും കൂദാശാനുഷ്ടാനങ്ങളിലും പ്രസരിച്ചിരുന്ന ആത്മീയ ചൈതന്യം എല്ലാവരേയും ധന്യരാക്കി. ആത്മീയ തേജസ്സും ചൈതന്യവും ഉള്ളവർക്കു മാത്രമേ എല്ലാവരേയും സ്നേഹിക്കുവാനും ശുശ്രൂഷിക്കുവാനും സാധിക്കൂ എന്ന് മാർ ഗ്രീഗോറിയോസ് പിതാവിന്റെ ജീവിതം സാക്ഷിക്കുന്നു.

മാർ ഗ്രീഗോറിയോസ് പിതാവിന്റെ സ്നേഹവലയത്തിൽ നിന്നും ആരും തന്നെ മാറ്റപ്പെട്ടിരുന്നില്ല. സഭാ മക്കളെയും സമൂഹത്തിലുള്ള എല്ലാവരെയും, ഏതു മതത്തിലുള്ളവരെയും, മതവിശ്വാസമില്ലാത്തവരെയും, ഏതു തത്വസംഹിതയിൽ വിശ്വസിക്കുന്നവരെയും പാവപ്പെട്ടവരെയും ധനികരെയും പണ്ഡിതന്മാരെയും പാമരന്മാരെയും ഒക്കെ ഉൾക്കൊള്ളുന്ന സ്നേഹവലയമായിരുന്നു മാർ ഗ്രീഗോറിയോസ് പിതാവിനുണ്ടായിരുന്നത്. ശത്രുക്കളെപ്പോലും സ്നേഹിക്കണമെന്ന യേശുനാഥന്റെ ഉപദേശം പിതാവ് തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കിയിരുന്നു. ആത്മീയ ചൈതന്യത്തിൽ നിറവുള്ള ഒരു വ്യക്തിക്ക് മാത്രമേ ഈ വിശാല സ്നേഹത്തിന് ഉടമയാകാൻ സാധിക്കൂ. പിതാവിന്റെ പ്രവർത്തനമണ്ഡലങ്ങളിൽ പൊതുസമൂഹത്തിലെ എല്ലാവരെയും ഉൾപ്പെടുത്തുവാനുള്ള ഒരു ജാഗ്രത എപ്പോഴും ഉണ്ടായിരുന്നു. ആയതിനാൽ പൊതുസമൂഹം ഒന്നാകെ പിതാവിനെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു.

### 5. ഉത്തമ സന്ന്യാസിയായിരുന്ന പിതാവ്

സന്ന്യാസ സമർപ്പണ ജീവിതത്തിന്റെ ഉദാത്തഭാവം മാർ ഗ്രീഗോറിയോസ് പിതാവിൽ ദൃശ്യമായിരുന്നു. താൻ ഒരു സന്ന്യാസിയാണെന്നും തന്റെ ജീവിതം ദൈവത്തിനും മനുഷ്യസമൂഹത്തിനുമായി സമർപ്പിച്ചതുമാണെന്നുള്ള ഉൾക്കാഴ്ച പിതാവിന് എപ്പോഴുമുണ്ടായിരുന്നു. മൂല്യാധിഷ്ഠതമായ ഒരു സന്ന്യാസജിവിതത്തിന് ഉത്തമ മാതൃകയായിരുന്നു മാർ ഗ്രീഗോറിയോസ് തിരുമേനി.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് തന്റെ പിൻഗാമിയായി മാർ ഗ്രീഗോറിയോസ് പിതാവിനെ നിയോഗിക്കാനുള്ള കാരണം മാർ ഗ്രീഗോറിയോസ് പിതാവിന്റെ കറയറ്റ വ്യക്തിത്വമായിരുന്നു. “He is gold, pure gold” എന്നായിരുന്നു മാർ ഈവാനിയോസ് പിതാവ് ബനഡിക്ട് അച്ചനെ വിശേഷിപ്പിച്ചത്, ഈ വിശേഷണം തന്റെ ജിവിതം കൊണ്ട് മാർ ഗ്രീഗോറിയോസ് പിതാവ് അന്വർത്ഥമാക്കി.

ഒരു യഥാർത്ഥ ബഥാന്യൻ സന്ന്യാസ നിഷ്ഠാജീവിതം മാർ ഗ്രീഗോറിയോസ് പിതാവ് നയിച്ചിരുന്നുവെന്ന് പിതാവിനെ അടുത്തറിയുന്നവർ സാക്ഷിക്കുന്നു. സന്ന്യാസത്തിന്റെ അടിസ്ഥാനഘടകങ്ങളായ ലളിതജീവിതവും അദ്ധ്വാനജീവിതവും പിതാവ് എന്നും തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കിയിരുന്നു. ഭക്ഷണത്തിലും വസ്ത്രത്തിലും സാധനങ്ങളുടെ ഉപയോഗത്തിലും തികഞ്ഞ മിതത്വവും ലാളിത്യവും പുലർത്തിയ ഉന്നതനായിരുന്നു മാർ ഗ്രീഗോറിയോസ് പിതാവ്. ഭക്ഷണത്തെപ്പറ്റിയോ, വസ്ത്രത്തെപ്പറ്റിയോ, ജീവിതസൗകര്യങ്ങളെപ്പറ്റിയോ ഒരിക്കലും ആകുലതയോ പരാതിയോ പിതാവിന്റെ ജീവിതത്തിൽ ഇല്ലായിരുന്നു. വസ്ത്രം അലക്കുക, മുറി വൃത്തിയാക്കുക തുടങ്ങി സ്വന്തമായി തനിക്ക് ചെയ്യാവുന്ന എല്ലാക്കാര്യങ്ങളും പിതാവ് സ്വയമായി ചെയ്തിരുന്നു. ചുരുക്കത്തിൽ ആർച്ചുബിഷപ്പും സഭാദ്ധ്യക്ഷനുമെന്ന വലിയ പദവികളൊന്നും തന്റെ സന്ന്യാസ ലാളിത്യത്തിനോ ദാരിദ്ര്യഭാവത്തിനോ അദ്ധ്വാനശീലത്തിനോ കോട്ടം വരുത്തിയില്ല.

സന്ന്യാസത്തിന്റെ നിർമ്മലതയിൽ സ്ഫുടം ചെയ്ത ഒരു വ്യക്തിത്വമായിരുന്നതിനാൽ ഒരു ആത്മീയ ചൈതന്യം പിതാവിൽ നിറഞ്ഞു നിന്നിരുന്നു. അതുകൊണ്ടാണ് അനേകം ആളുകളെ ആകർഷിക്കുവാനും സ്വാധീനിക്കുവാനും മാർ ഗ്രീഗോറിയോസ് പിതാവിന് സാധിച്ചത്. തൊട്ടതെല്ലാം പൊന്നാക്കി മാറ്റി അനുഗ്രഹീതനായി (ബനഡിക്ട്) ഉണർവ്വുള്ളവനായി (ഗ്രീഗോറിയോസ്) ജീവിച്ച ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെ ജന്മശതാബ്ദി അനുസ്മരണയിൽ ആ ധന്യജീവിതം അനേകർക്ക് ചൈതന്യം പകർന്ന് നിൽക്കുന്നതിൽ ദൈവത്തെ മഹത്വപ്പെടുത്താം. മഹാത്മാവായ മാർ ഗ്രീഗോറിയോസ് പിതാവിന് ആദരാഞ്ജലികൾ അർപ്പിക്കാം.

# കർമ്മയോഗിയും ജ്ഞാനയോഗിയും ഭക്തിയോഗിയുമായ
# ബെനഡിക്ട് മാർ ഗ്രിഗോറിയോസ്

ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി

'കടമാൻകുളം' എന്ന ചെറുഗ്രാമത്തിലെ അതിസാധാരണമായ ജീവിതസാഹചര്യങ്ങളിൽ നിന്ന് വിശ്വപൗരനായി വളർന്ന അത്ഭുത പ്രതിഭാസമായിരുന്നു അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി. തന്റെ മുൻഗാമിയായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെപ്പോലെ തീരെ ചെറുപ്പം മുതലേ സന്ന്യാസാഭിമുഖ്യം പുലർത്തിയ ആ ശ്രേഷ്ഠാചാര്യൻ സന്ന്യാസം പൂർണാർത്ഥത്തിൽ ജീവിക്കുകയും അതേ സമയം തന്നെ പൊതുസമൂഹത്തിന്റെ ഗുണപരമായ വളർച്ചയ്ക്കു സഹായിക്കുന്ന വിവിധ മേഖലകളിൽ സ്വയം സമർപ്പിക്കുകയും ചെയ്തു.

മലങ്കര കത്തോലിക്കാസഭ പതിനൊന്നു രൂപതകളും അതിനോടനുബന്ധിച്ച ഭരണസംവിധാനങ്ങളുമായി ഇന്നു പ്രവർത്തിക്കുന്നു. എന്നാൽ ഗ്രിഗോറിയോസ് പിതാവിന്റെ ഭരണകാലയളവിൽ നാലുരൂപതകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. വിശാലമായ തന്റെ ഭരണസീമയിലെ ക്ലേശകരമായ അജപാലന ശുശ്രൂഷ മാതൃകാപരമായി നിർവ്വഹിച്ച പിതാവ് സഭയ്ക്കുള്ളിലായി തന്റെ സേവന പ്രവർത്തനങ്ങളെ പരിമിതപ്പെടുത്തിയില്ല.

അതിസമർത്ഥനായ വിദ്യാർത്ഥി, പ്രഗത്ഭനായ കോളേജ് പ്രിൻസിപ്പൽ, ത്യാഗിയായ അജപാലകൻ, ശ്രേഷ്ഠനായ ഭരണ കർത്താവ്, സമാദരണീയനായ ശ്രേഷ്ഠാചാര്യൻ, മതമൈത്രിയുടെ പതാകവാഹകൻ, പണ്ഡിതനായ മനുഷ്യസ്നേഹി... മാർ ഗ്രിഗോറിയോസ് പിതാവിന്റെ മഹത്വം വർണനകൾക്ക് അതീതമാണ്. ഉന്നതശീർഷരായ മഹാവ്യക്തികൾക്കും സമൂഹത്തിൽ ഏറ്റം അരികുവൽക്കരിക്കപ്പെട്ട ആളുകൾക്കും ഒരുപോലെ സമീപിക്കാനും സംവദിക്കാനും കഴിയാവുന്ന വ്യക്തിത്വമായിരുന്നു ഗ്രിഗോറിയോസ് പിതാവ്.

പിതാവിന്റെ വാക്കുകൾക്കായി കേരള ജനത കാതോർത്തു നിന്നു. കൃഷി, വ്യവസായം, വിദ്യാഭ്യാസം, പരിസ്ഥിതി... എന്നിങ്ങനെ ഏതു വിഷയത്തെക്കുറിച്ചും കണ്ടും കേട്ടും വായിച്ചും അറിഞ്ഞ കാര്യങ്ങൾ പങ്കുവയ്ക്കുക ഗ്രിഗോറിയോസ് തിരുമേനിക്കു ഹരമായിരുന്നു. ഓരോ പദ്ധതിയെക്കുറിച്ചു ചിന്തിക്കുമ്പോഴും നാടിന്റെ വികസനം എങ്ങനെ സാധ്യമാക്കാം, പാവപ്പെട്ടവരുടെ ദുരിതം എങ്ങനെ ലഘൂകരിക്കാം എന്ന ചിന്തയാണ് പിതാവിനെ നയിച്ചിരുന്നത്. വിജ്ഞാന കുതുകിയായിരുന്ന പിതാവ് ഓരോ വിഷയത്തെപ്പറ്റിയും ആഴത്തിലും പരപ്പിലും പഠിച്ചു; പഠിച്ചവ പ്രചരിപ്പിച്ചു.

'ചാരുകസേര പ്രസംഗകൻ' (Arm Chair Preacher) ആയിരുന്നില്ല അഭിവന്ദ്യ ഗ്രിഗോറിയോസ് തിരുമേനി. പറഞ്ഞ തത്വങ്ങളൊക്കെ സ്വജീവിതത്തിൽ അദ്ദേഹം പ്രാവർത്തികമാക്കി. "എന്റെ ജീവിതമാണ് എന്റെ സന്ദേശം" എന്ന് മഹാത്മാഗാന്ധി പറഞ്ഞത് മാർ ഗ്രിഗോറിയോസ് അന്വർത്ഥമാക്കി. കൃഷിയെക്കുറിച്ചു സംസാരിച്ച തിരുമേനി തന്റെ അരമനപ്പറമ്പും കെട്ടിടത്തിന്റെ ടെറസുപോലും കൃഷിസ്ഥലങ്ങളാക്കി. പരിസ്ഥിതിയെക്കുറിച്ചു വാചാലനായ അദ്ദേഹം, ആയിരക്കണക്കിനു വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാൻ നേതൃത്വം നൽകി.

വ്രതമായി താൻ പുൽകിയ ദാരിദ്ര്യം (ലാളിത്യം) ചിന്തയിലും വാക്കിലും പ്രവൃത്തിയിലും പിതാവു പ്രകടമാക്കി.

കാലങ്ങൾക്കുമുമ്പേ സഞ്ചരിച്ച ദീർഘദർശിയായിരുന്നു ഗ്രിഗോറിയോസ് പിതാവ്. മഴവെള്ള സംഭരണത്തെക്കുറിച്ചു സർക്കാരുകൾ ചിന്തിക്കുന്നതിന് ദശാബ്ദങ്ങൾക്കുമുമ്പ് പട്ടം സെന്റ് മേരീസ് സ്കൂളിൽ പിതാവു നിർമ്മിച്ച ബൃഹത്തായ ജലസംഭരണി ഒരു ചെറിയ ഉദാഹരണം മാത്രം. കേരളത്തിന്റെ വികസനത്തിനു സഹായകമായ കൃഷിരീതികൾ, വ്യവസായ സംരഭകത്വം, പരിസ്ഥിതി സൗഹൃദം പുലർത്തുന്ന ഭവനനിർമ്മാണം മുതലായി വിവിധ വിഷയങ്ങളെപ്പറ്റി ഒരു ആസൂത്രണ വിദഗ്ദ്ധന്റെ മികവോടെ അദ്ദേഹം നിരന്തരം സംസാരിച്ചുകൊണ്ടിരുന്നു.

ഏതെങ്കിലും സമുദായത്തിന്റെ അല്ലെങ്കിൽ രാഷ്ട്രീയ പ്രത്യയശാസ്ത്രത്തിൽ കള്ളിയിൽ ഒതുങ്ങുന്നവനായി ബെനഡിക്ട് പിതാവിനെ ആരും കണ്ടിരുന്നില്ല. എല്ലാവർക്കും അദ്ദേഹം സ്വീകാര്യനായിരുന്നു. വിജ്ഞാന സദസുകളിൽ; സഭാ മണ്ഡലങ്ങളിൽ; സാമുദായിക സമ്മേളനങ്ങളിൽ; സാംസ്കാരിക വേദികളിൽ... പിതാവിന്റെ സാന്നിദ്ധ്യവും പണ്ഡിതോചിതങ്ങളായ പ്രതികരണങ്ങളും ജനം കൊതിച്ചു. തിരുവനന്തപുരത്ത് സാമുദായിക കലാപം നടന്ന വേളയിൽ സമാധാനം പുലരാൻ പൊലീസ് സേനയേക്കാൾ നന്ന് ഗ്രിഗോറിയോസ് പിതാവിന്റെ സാന്നിദ്ധ്യവും ശാന്തിസന്ദേശവുമാണെന്ന് സർക്കാർപോലും അംഗീകരിച്ചു. പ്രകാശം സ്ഫുരിക്കുന്ന മുഖവും തീപിടിച്ച കാലുകളും ഹൃദയത്തിൽ തൊടുന്ന സംസാരവുമായി ആ സാത്വികൻ അനേകരുടെ ചങ്കിലേക്ക് നടന്നു കയറി.

പാവപ്പെട്ടവരെ അതീവ കരുതലോടെ വീക്ഷിച്ചവനായിരുന്നു ഗ്രിഗോറിയോസ് പിതാവ്. സാമ്പദികശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം ഒന്നാംറാങ്കോടെ പാസായ അഭിവന്ദ്യ പിതാവ്, കൈത്തൊഴിലുകൾ, ചെറുകിട വ്യവസായങ്ങൾ, കൃഷി എന്നിവയിലൂടെ താഴേക്കിടയിൽ നിൽക്കുന്നവരെ എങ്ങനെ സമുദ്ധരിക്കണമെന്ന് പഠിക്കുകയും പഠിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്തു. വിവാഹസ്വപ്നം പൊലിഞ്ഞുപോയ അനേകർക്ക് സമൂഹവിവാഹ പദ്ധതിയിലൂടെ അദ്ദേഹം പുതുജീവിതം നൽകി. ശാരീരിക പരിമിതി അനുഭവിക്കുന്നവർക്കും മാറാരോഗപീഡകൾകൊണ്ട് ക്ലേശിക്കുന്നവർക്കും വീട്ടുകാരും സമൂഹവും പുറംതള്ളിയവർക്കും സന്തോഷത്തോടെയും ആത്മാഭിമാനത്തോടെയും ജീവിക്കാനുള്ള കേന്ദ്രങ്ങൾ പിതാവു തുറന്നു.

സഭാദർശനങ്ങൾ വ്യക്തതയോടും ധീരതയോടും പ്രതിപക്ഷ ബഹുമാനത്തോടുംകൂടി അദ്ദേഹം സി.ബി.സി.ഐ., വത്തിക്കാൻ കൗൺസിൽ മുതലായ വേദികളിൽ അവതരിപ്പിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സമ്മേളനത്തിൽ ചില വിഷയങ്ങളിൽ പിതാവു പണ്ഡിതോചിതമായി തന്റെ ദർശനങ്ങൾ അവതരിപ്പിക്കുക മാത്രമല്ല, അവിടുത്തെ ലത്തീനിലുള്ള വിഷയാവതരണ വിഭാഗത്തിന്റെ സെക്രട്ടറിയായി സേവനം ചെയ്യുകയും ചെയ്തു. ഇംഗ്ലീഷ്, ലത്തീൻ, സുറിയാനി, മലയാളം ഭാഷകളിലൊക്കെ നല്ല പ്രാവീണ്യമുണ്ടായിരുന്ന പിതാവിന്റെ പ്രസംഗങ്ങൾ ശ്രോതാക്കളെ ആകർഷിക്കുന്നവയായിരുന്നു. ഗഹനങ്ങളായ വിഷയങ്ങൾ ലളിതമായും സ്പഷ്ടമായും അവതരിപ്പിക്കുവാൻ അസാധാരണമായ പാടവം പിതാവിനുണ്ടായിരുന്നു.

പ്രഥമ ദർശനത്തിൽ തന്നെ ആരെയും തന്നിലേക്ക് അടുപ്പിക്കുന്ന കാന്തിക പ്രവാഹത്തിന്റെ ഉടമയായിരുന്നു ഗ്രിഗോറിയോസ് പിതാവ്. അദ്ദേഹത്തിന്റെ ഇമ്പമുള്ള ശബ്ദവും കരുണ സ്ഫുരിക്കുന്ന നോട്ടവും പെരുമാറ്റത്തിലെ ആഭിജാത്യവും ലാളിത്യവും അതോടൊപ്പം ഹൃദയവിശുദ്ധിയും ഒത്തുചേർന്നപ്പോൾ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയെ കേരളത്തിന്റെ പൊതു സ്വത്തായി ജനം ഏറ്റെടുത്തു. മലങ്കര കത്തോലിക്കാസഭയെന്നാൽ 'ഗ്രിഗോറിയോസ് പിതാവിന്റെ സഭ' എന്നുപോലും കരുതിയ ആളുകളുണ്ട്.

ബെനഡിക്ട് എന്നാൽ 'അനുഗ്രഹീതൻ' (Blessed) എന്നും ഗ്രിഗോറിയോസ് എന്നാൽ 'ഉണർവ്വുള്ളവൻ' (Watchful / Alert) എന്നുമാണ് അർത്ഥം. നിതാന്ത ജാഗ്രതയോടെയും അതീവ തീക്ഷ്ണതയോടെയും സഭയെയും സമൂഹത്തെയും ശുശ്രൂഷിക്കാൻ ദൈവം നമുക്കു നൽകിയ വലിയ അനുഗ്രഹമായിരുന്നു അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത. ആ പാവന ജന്മം അനേകം ആളുകളെ തുടർന്നും പ്രചോദിപ്പിക്കുക തന്നെ ചെയ്യും. ദീപ്തമായ ആ ഓർമ്മകൾക്കു മുമ്പിൽ ശതകോടി പ്രണാമം!

# ബഥനി-മലങ്കര സഭ വളർന്ന മണ്ണ്

ബ്രദർ റോഷൻ ഒടാലിൽ ഒ.ഐ.സി

സന്യാസം സഭയുടെ ചങ്കാണ്. ചങ്ക് ഇല്ലാതെ ഒരു ശരീരം ഇല്ലാത്തതു പോലെ സന്യാസം ഇല്ലാതെ ഒരു സഭയ്ക്ക് നിലനിൽപ്പില്ല. മലങ്കര കത്തോലിക്കാ സഭയിലേക്ക് വരുമ്പോൾ ആ കാര്യം വളരെ സ്പഷ്ടമാണ് പ്രാർത്ഥനയിലും കർമ്മങ്ങളിലും സ്വയം സമർപ്പിച്ച ജീവിതം ധന്യമാക്കിയ മഹാത്മാവാണ് 'മലങ്കര സൂര്യൻ' എന്ന് വിശേഷിപ്പിക്കുന്ന, പുനരൈക്യത്തിന്റെ പ്രണേതാവും സഭൈക്യത്തിന്റെ പ്രവാചകനമായ, ഭാഗ്യസ്മരണാർഹനായ മാർ ഇവാനിയോസ് പിതാവ് പ്രാർത്ഥനയിലൂടെ പിതാവിനു നിരവധി ദൈവിക ദർശനങ്ങൾ ലഭിച്ചു അതായിരുന്നു അദ്ദേഹത്തിൻറെ മിഷൻ. ആ ദർശനങ്ങളിൽ ഒന്നായിരുന്നു 1930 സെപ്റ്റംബർ മാസം 20ന് നടന്ന ചരിത്രപ്രസിദ്ധമായ പുനരൈക്യം. പറ്റം വിട്ടുപോയ ആട് യജമാനന്റെ പക്കലേക്ക് മടങ്ങി വന്നതുപോലെ കത്തോലിക്കാ സഭയിലേക്ക് മലങ്കര മക്കൾ മടങ്ങി വന്നതാണ് പുനരൈക്യം.

മലങ്കരസഭയിൽ ഇന്നോളം ഉണ്ടായിട്ടുള്ള എല്ലാ നന്മകളുടെയും അഭിവൃദ്ധിയുടെയും നിദാനം മാർ ഇവാനിയോസ് പിതാവ് തന്നെയാണ്. സ്വർഗ്ഗത്തിൽ ഇരുന്നുകൊണ്ട് എന്നും മലങ്കര സഭയ്ക്ക് വേണ്ടിയും സഭാതനയർക്കുവേണ്ടിയും മാധ്യസ്ഥം വഹിക്കുന്ന പിതാവിന്റെ സ്മരണ നമ്മൾ എന്നെന്നും നവമായി നിലകൊള്ളേണ്ടിയിരിക്കുന്നു.

മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് എന്ന നിലയിൽ മലങ്കരസഭയുടെ നവോത്ഥാനത്തിന് നെടുനായകത്വം വഹിച്ച മാർ ഇവാനിയോസ് പിതാവ് ഭാരതത്തിലെ പൂർവികരായ ഋഷിവര്യന്മാരുടെ പൈതൃകം ഉൾക്കൊണ്ട് പ്രവർത്തിച്ച ഒരു മഹാത്മാവായിരുന്നു. ബാല്യകാലം മുതൽ സന്ന്യാസജീവിതം അഭിലഷിച്ചിരുന്ന അദ്ദേഹം ആർഷഭാരതത്തിന്റെ അന്തസത്ത ഉൾക്കൊള്ളുന്ന രീതിയിലാണ് 'ബഥനി' എന്ന തന്റെ ആശ്രമം സ്ഥാപിച്ചത്. 1919 ബഥനിക്ക് തുടക്കം കുറിച്ചപ്പോൾ അഭിവന്ദ്യ പിതാവ് ആഗ്രഹിച്ചത് മലങ്കര ഓർത്തഡോക്സ് സഭയിൽ സമാധാനവും ആധ്യാത്മികതയും ഉറപ്പിക്കുന്നതിന് അതു സഹായകമാവണം എന്നായിരുന്നു. ആ ആഗ്രഹം സഫലമാകാതെ വന്നപ്പോൾ സമാധാന കാംക്ഷിയായ അദ്ദേഹം സത്യാന്വേഷണ പരിശ്രമത്തിലൂടെ കത്തോലിക്കാസഭയിൽ യഥാർത്ഥ സമാധാനം കണ്ടെത്തി. ബഥനിക്ക് വളരാനുള്ള വളക്കൂറുള്ള മണ്ണ് കത്തോലിക്കാസഭയാണെന്നും അദ്ദേഹത്തിന് ബോധ്യമായി.

1946-ൽ അഭിവന്ദ്യ പിതാവ് പുറപ്പെടുവിച്ച ഒരു ഇടയ ലേഖനത്തിൽ ഇങ്ങനെ പറയുന്നു: "മിശിഹാ തമ്പുരാൻ തന്റെ വത്സല ശിഷ്യനായ തോമാശ്ലീഹാ വഴി നമുക്ക് നൽകിയ വിശ്വാസം ആകുന്ന നിക്ഷേപത്തെ നമ്മുടെ രാജ്യത്തിന് മുഴുവനും പ്രദാനം ചെയ്യുകയും അതു കഴിയുന്നതും ദേശീയമായ രീതിയിൽ വളർത്തുകയും ചെയ്യുന്നതത്രേ ബഥനിയുടെ ആദർശവും ലക്ഷ്യവും." മലങ്കര കത്തോലിക്കാ സഭയുടെ പിള്ളത്തൊട്ടിലായ ബഥനി മഹത്തായ ഈ ദൗത്യം നിർവഹിക്കുന്നു.

മുണ്ടൻമലയിൽ മാർ ഇവാനിയോസ് പിതാവ് സ്ഥാപിച്ച ബഥനിയുടെ മലങ്കര ദൗത്യം പുനരൈക്യത്തോടെ അവസാനിച്ചതല്ല. പിന്നീടുവന്ന ഗ്രിഗോറിയോസ് പിതാവും സിറിൽ

പിതാവുമെല്ലാം ബഥനിയുടെ ദർശനത്തെ അതിന്റെ പൂർണ്ണതയിൽ ഉൾക്കൊണ്ടുകൊണ്ട് സഭയെ നയിച്ചവരാണ്.

ജാതി, മത, വർഗ്ഗ, വർണ്ണ, ഭേദമന്യേ പിതാവ് സകലരെയും സ്നേഹിച്ചു. പിതാവിന്റെ വിനീതത്വം എന്നും ആശ്രമസ്ഥർക്ക് ഒരു മാതൃകയാണ്.

രണ്ടു ഉദാഹരണങ്ങൾ ഇവിടെ കുറിക്കട്ടെ:

ബഥനി ആശ്രമം മുണ്ടൻമലയിൽ നിന്ന് ആശ്രമവാസികൾക്ക് ആഹാരത്തിന് നിവൃത്തിയില്ലാതെ വന്നപ്പോൾ പിച്ചച്ചട്ടിയുമായി മാവേലിക്കരയിൽ തന്റെ സ്വന്തം വീട്ടിൽ എത്തുവാനും മാതാപിതാക്കളോട് ധർമ്മം യാചിക്കാനും ആർക്കാണ് കഴിയുക.

പുനരൈക്യപ്പെട്ട ശേഷം റോമിലെത്തി പരിശുദ്ധ പിതാവിന്റെ അടുത്ത് മുട്ടുകുത്തികൊണ്ട് 'പിതാവിൽനിന്ന് വേർപെട്ടുപോയ ധൂർത്തപുത്രൻ ഇതാ തിരിച്ചെത്തിയിരിക്കുന്നു' എന്നുപറഞ്ഞ് നമ്മുടെ വന്ദ്യ പിതാവിന്റെ അത്യഗാധമായ വിനയം ആദർശപരമാണ്.

ചെസ്റ്റർട്ടൺ നമ്മുടെ പിതാവിന് 'ഭാരത ന്യൂമാൻ' എന്ന കീർത്തിമുദ്ര കൊടുത്തതും അദ്ദേഹത്തിൽ വിളങ്ങിനിന്ന മൂല്യങ്ങൾ കണ്ടിട്ടാവണം.

"ഉത്തമം ദൈവ സേവനം, അത്യുത്തമം ദൈവ സമ്പാദനം" ദൈവത്തെ സമ്പാദിച്ചവനു മാത്രമേ ദൈവത്തെ മറ്റുള്ളവർക്ക് കൊടുക്കുവാൻ സാധിക്കുകയുള്ളൂ എന്ന മാർ ഇവാനിയോസ് പിതാവിന്റെ ദർശനവുമായി ബഥനി തന്റെ ജൈത്രയാത്ര തുടരുകയാണ്. ഒപ്പം ബഥനിയുടെ സ്വന്തം മലങ്കരസഭ 92 വർഷം പൂർത്തിയാക്കുകയാണ്. ബഥനിയേയും മലങ്കരയേയും സ്നേഹിച്ച മാർ ഇവാനിയോസ് പിതാവിന്റെ ദർശനങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരുന്നു മാർ ഗ്രിഗോറിയോസ് പിതാവിന്റെയും മാർ സിറിൽ പിതാവിന്റെയും സഭാ ദർശനങ്ങളും.

മലങ്കര കത്തോലിക്കാ സഭ 92-ാം പുനരൈക്യ വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ നമ്മുടെ സഭയെ കാത്തുപരിപാലിച്ച എല്ലാ പിതാക്കന്മാരുടെയും തീക്ഷ്ണതക്കു മുൻപിൽ നിറഞ്ഞ മനസ്സോടെ നമുക്ക് സഭയുടെയും ബഥനി ആശ്രമത്തിന്റെയും അഭിവൃദ്ധിക്കായി മധ്യസ്ഥ യാചിക്കാം.

**"ഞാൻ വെക്കുന്ന ഓരോ കാലടിയിലും നല്ലവനായ ദൈവം എന്നെ നിയന്ത്രിച്ചു കൊണ്ടിരിക്കുന്നു എന്നുള്ള പരിപൂർണ്ണ വിശ്വാസം എനിക്കുണ്ട്"**

മാർ ഇവാനിയോസ് പിതാവ്

# ഓർമ്മയിൽനിന്ന് ഓർമ്മപ്പെരുന്നാളിലേക്ക്

**ഫാ. ജോസ് മരിയദാസ് ഒ.ഐ.സി**

"ഓർമ്മിക്കുന്നതാണ് ജീവിതം" എന്ന് കുറിച്ചത് ഗബ്രിയേൽ ഗാർസിയ മാർക്വേസാണ് (Living to Tell the Tale). ഈ ലോകത്തിൽ ഒരാൾ ജീവിച്ച്, മരിച്ച് പോകുമ്പോൾ അവശേഷിപ്പിക്കുന്ന തിരുശേഷിപ്പാണ് ഓർമ്മകൾ. ഓർമ്മകൾ രണ്ടു തരത്തിലായിരിക്കും. നല്ലതും ചീത്തയും; സന്തോഷിപ്പിക്കുന്നതും, വേദനിപ്പിക്കുന്നതും; വീണ്ടും, വീണ്ടും ഓർക്കുവാൻ ഇഷ്ടപ്പെടുന്നതും, എത്രയും വേഗം മറന്നു കളയുവാൻ ആഗ്രഹിക്കുന്നതും. ചുരുക്കത്തിൽ ഒരാളുടെ ജീവിതത്തിന്റെ നന്മകളുടെ അളവുകോലാണ് അയാൾ അവശേഷിപ്പിക്കുന്ന ഓർമ്മകൾ.

അഭിവന്ദ്യ പിതാക്കന്മാരുടെ ചരമവാർഷികം എന്ന് നാം സാധാരണ പറയാറില്ല. ഓർമ്മപ്പെരുന്നാളുകൾ എന്നാണ് ആ ദിവസങ്ങളെ നാം വിശേഷിപ്പിക്കാറുള്ളത്. ധന്യമായ ഒരു ജീവിതത്തിന്റെ ഓർമ്മകൾ ഉത്സവങ്ങളും പെരുന്നാളുകളുമായി മാറുമ്പോളാണ് ആ ജീവിതം മഹത്വമുള്ളതാകുന്നത്.

അഭി.ബർണബാസ് പിതാവ് നമ്മിൽ നിന്ന് വേർപിരിഞ്ഞിട്ട് ഒരു വർഷമാകുന്നു. അകാലത്തിലായിരുന്നു ആ വേർപാട് എന്ന് നാം കരുതുന്നു. തുടങ്ങിവച്ച പ്രവർത്തനങ്ങളും, ചെയ്യുവാനും പറയുവാനും കാത്തുവച്ച പലതും, പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ട സ്വപ്നങ്ങളായി മാറിപ്പോയി എന്ന് കരുതുന്നതും സ്വാഭാവികം തന്നെ. അതിലുപരി അപ്രതീക്ഷിതമായ ആ വേർപാട് അദ്ദേഹത്തിന്റെ വത്സലമാതാവിലും, സഹോദരങ്ങളിലും സൃഷ്ടിച്ച ആഘാതവും വേദനയും എത്ര വലുതാണ്. എങ്കിലും അഭി.ബർണബാസ് പിതാവിനെക്കുറിച്ചുള്ള ഓർമ്മകൾ ആ ജീവിതത്തിന്റെ ഇനിയും കെടാത്ത അലയൊലികളായി, അദ്ദേഹം തുടങ്ങിവച്ച ജീവകാരുണ്യപ്രവർത്തനങ്ങളുടെ ആവേശവും ഊർജ്ജവുമായി മുന്നേറുവാൻ ഇടയാക്കുന്നതിന് നാം സാക്ഷ്യം വഹിക്കുന്നു.

ഭാരതീയ പാരമ്പര്യങ്ങളിൽ ഈ കാര്യം വെളിവാക്കുന്ന ഒരു മനോഹരമായ കഥയുണ്ട്. വാചസ്പതി എന്ന് പേരുള്ള ഒരു ബ്രാഹ്മണയുവാവ്. ഒരു ധനിക കുടുംബത്തിൽ ജനിച്ച വാചസ്പതിക്ക് സംസ്കൃതത്തിലായിരുന്നു കമ്പം. ഈ ആവേശം അദ്ദേഹത്തെ സംസ്കൃതഭാഷയ്ക്ക് ഒരു നല്ല വ്യാകരണഗ്രന്ഥം രചിക്കുക എന്ന സ്വപ്നത്തിലേക്ക് എത്തിച്ചു. പിന്നെ രാവും പകലും അതിൽ മാത്രമായി ശ്രദ്ധ. ഊണും ഉറക്കവും മറ്റെല്ലാ കാര്യങ്ങളിലുമുള്ള താല്പര്യവും ഉപേക്ഷിച്ച് വാചസ്പതി ഈ വ്യാകരണ ഗ്രന്ഥത്തിന്റെ രചനയിൽ മുഴുകി. എല്ലാം മറന്നുള്ള മകന്റെ ഈ തപസ് കണ്ട് മാതാപിതാക്കൾ വ്യാകുല ചിത്തരായി. മകൻ ഇതിനൊടുവിൽ സന്ന്യസിക്കുവാൻ പോകുമോ എന്നതായി അവരുടെ ചിന്ത. നാട്ടുകാരുടെ പതിവുള്ള ഉപദേശം അവരെയും തേടിയെത്തി. "വാചസ്പതിയെ വിവാഹം കഴിപ്പിച്ചാൽ തീരുന്ന പ്രശ്നമേയുള്ളു. അപ്പോളവൻ ജീവിതത്തിലേക്കും കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങളിലേക്കും തനിയെ മടങ്ങി എത്തിക്കൊള്ളും." അങ്ങനെ കൊണ്ടുപിടിച്ചുള്ള വിവാഹാലോചനകളായി. ഒടുവിൽ അദ്ദേഹം ആ നിർബന്ധത്തിന് വഴങ്ങി. പക്ഷേ വിവാഹദിവസവും അദ്ദേഹം ഗ്രന്ഥരചനയിൽ മുഴുകിയിരിക്കുകയാണ്. മുഹൂർത്തമായപ്പോൾ കല്ല്യാണ മണ്ഡപത്തറയിൽ അദ്ദേഹത്തെ ആരോ കൊണ്ടുവന്നിരുത്തി. വിവാഹത്തിന്റെ ചടങ്ങുകൾ ഒന്നൊന്നായി നടക്കുമ്പോൾ

വാചസ്പതിയുടെ മനസ്സ് സംസ്കൃത വ്യാകരണത്തിലെ പ്രശ്നങ്ങൾക്ക് ഉത്തരങ്ങൾ തേടിയലയുകയായിരുന്നു. അന്ന് രാത്രി ഗ്രന്ഥരചനയിൽ മുഴുകിയിരിക്കുമ്പോഴാണ്, ഭാര്യ, ഭാനുമതി ഒരു ഗ്ലാസ് പാലുമായി മുറിയിലേക്ക് കടന്നുവന്നത്.

"പാല്"

''അവിടെങ്ങാനും വച്ചേര്'' എഴുതിക്കൊണ്ടിരുന്ന താളിയോലകളിൽ നിന്ന് മുഖമുയർത്താതെയാണ് വാചസ്പതി അത് പറഞ്ഞത്. പാവം, ഭാനുമതി തറയിൽ പായ വിരിച്ച് അന്ന് കിടന്നുറങ്ങി. പിന്നീടുള്ള ദിവസങ്ങളിലും ഇതാവർത്തിക്കപ്പെട്ടു. ദിവസങ്ങൾ, മാസങ്ങളായി, വർഷങ്ങളായി കടന്നുപോയി. ഒരു ദിവസത്തെ ദാമ്പത്യം പോലുമില്ലാതെ ഭാനുമതി ഭർതൃഗൃഹത്തിൽ കഴിഞ്ഞുകൂടി. ഒടുവിൽ വാചസ്പതി ഗ്രന്ഥം പൂർത്തിയാക്കി അപ്പോഴാണ് വാചസ്പതി മുറിയിൽ ഒരു സ്ത്രീ നിൽക്കുന്നത് കണ്ടത്.

"നീ ആര്" അതായിരുന്നു ചോദ്യം.

തകർന്നുപോയ ഭാനുമതി തന്റെ ഭർതൃശുശ്രൂഷയുടെ നിസ്വാർത്ഥദിനങ്ങൾ വിവരിച്ചപ്പോഴാണ് മനസ്സിന്റെ അഭ്രപാളിയിൽ വാചസ്പതി കഴിഞ്ഞുപോയ കാര്യങ്ങൾ തിരിച്ചറിഞ്ഞു കണ്ടത്. അയാൾ വിലപിച്ചു, "ഈശ്വരാ ഞാനെന്ത് പാതകമാണീ ചെയ്തത്." ഭാനുമതി ആശ്വസിപ്പിച്ചു. "സാരമില്ല, ഗ്രന്ഥം പൂർത്തിയായല്ലോ, ഇനിയും നമ്മൾക്ക് ഒരു കുടുംബജീവിതം തുടങ്ങാമല്ലോ?" വിലപിച്ചുകൊണ്ട് വാചസ്പതി പറഞ്ഞു, "ഞാനീ ഗ്രന്ഥം എഴുതി പൂർത്തിയാക്കിയപ്പോൾ എഴുതിച്ചേർത്ത മംഗളവാക്യം എന്തെന്നറിയാമോ? ഞാൻ സന്ന്യസിക്കുവാൻ പോകുന്നു എന്നാണ്." വീണ്ടും അകന്നുപോയ ജീവിതസ്വപ്നങ്ങളെ ഓർത്ത് വിലപിക്കാതെ ഭാനുമതി അക്ഷോഭ്യയായി പറഞ്ഞു, "സാരമില്ല. അങ്ങ് സന്ന്യസിക്കാൻ പോയാലും. ഞാൻ അനുവദിച്ചിരിക്കുന്നു." അക്ഷോഭ്യയായ ആ പെൺകരുത്തിന് മുൻപിൽ വാചസ്പതി നമിച്ചു പോയി. ആ വ്യാകരണ ഗ്രന്ഥത്തിന് അയാൾ പേരിട്ടു. "ഭാനുമതീസൂക്തം." ഈ ഗ്രന്ഥത്തിന് ഈ പേര് വരാനുള്ള കാരണമായി ഭാരതീയ പാരമ്പര്യങ്ങൾ പറയുന്ന കാരണമിതാണ്. അടുത്ത ദിവസം സന്ന്യാസത്തിന് വാചസ്പതി ഇറങ്ങിയപ്പോൾ പടിപ്പുര വാതിൽ കടന്നു കഴിഞ്ഞ് ഒന്നു തിരിഞ്ഞു നോക്കിയത്രേ. അപ്പോൾ വാതിൽപ്പടിചാരി നിന്നിരുന്ന ഭാനുമതി പറഞ്ഞു, "എന്തേ, തിരിഞ്ഞ് നോക്കിയത്? സന്ന്യാസത്തിനായി ഇറങ്ങിപ്പോയ അങ്ങ് എന്നെ ഒന്ന് തിരിഞ്ഞു നോക്കിയല്ലോ? ആ നോട്ടത്തിൽ അങ്ങയുടെ ഹൃദയത്തിലെന്നെക്കുറിച്ചുള്ള സ്നേഹം ഞാൻ കാണുന്നു. ഈ ഭർതൃഗൃഹത്തിൽ ശേഷിക്കുന്ന കാലം പതിവ്രതയായിക്കഴിയുവാൻ എനിക്ക് ഈ ഒരു നോട്ടത്തെക്കുറിച്ചുള്ള ഓർമ്മ മതിയാകും."

ഈ കഥയുടെ ന്യായാന്യായങ്ങൾ നമ്മൾക്ക് വിട്ടുകളയാം. ചില നോട്ടങ്ങളും ജീവിതങ്ങളും അവയെക്കുറിച്ചുള്ള ഓർമ്മകളും അങ്ങനെയാണ്. ജീവിതത്തെ തപിപ്പിച്ചു നിർത്തും. വി.കുർബാനപോലും ഒരു ഓർമ്മയാകുന്നത് അങ്ങനെയാണ്.

അഭി.ബർണബാസ് പിതാവ് സന്ന്യാസത്തിനായി സ്വന്തം ഭവനം വിട്ട് ബഥനിയിലേക്കിറങ്ങിയപ്പോഴും, പിന്നീട് ബഥനി വിട്ട് സഭാ സേവനത്തിനായി മേല്പട്ടക്കാരനായി ഇറങ്ങിയപ്പോഴും പിന്നീട് നിത്യസമ്മാനത്തിനായി ഈ ലോകം വിട്ട് പോയപ്പോഴും ബാക്കിവച്ചത് ഒരുപിടി നല്ല ഓർമ്മകളാണ്. അദ്ദേഹത്തിന്റെ വത്സലമാതാവിനും സഹോദരങ്ങൾക്കും അദ്ദേഹത്തോട് അടുത്തിടപഴകിയവർക്കും അദ്ദേഹം പങ്കിട്ടു നല്കിയ ഓർമ്മകൾ മുമ്പോട്ടുള്ള അവരുടെ യാത്രയിൽ കൂടുതൽ ഊർജ്ജം നല്കും.

അഭി.പിതാവിന്റെ ഓർമ്മകൾ സൃഷ്ടിക്കുന്ന ചില അടയാളപ്പെടുത്തലുകൾ ഉണ്ട്. വൈദികനായിരിക്കുമ്പോഴും, പ്രത്യേകിച്ച് ഡൽഹിയിലെ മേല്പട്ട ശുശ്രൂഷയിലും അദ്ദേഹം കാണിച്ച, പാവപ്പെട്ടവരോടും വിശക്കുന്നവരോടും കാണിച്ച കരൾക്കനിവ്; അവരുടെ വിശപ്പു മാറ്റുവാൻ കാണിച്ച കരുതലിന്റെ സമീപനങ്ങൾ; അതുപോലെ ഔപചാരികതയുടെ മരവിപ്പ് ബാധിക്കാതെയുള്ള ഊഷ്മളമായ സ്നേഹബന്ധത്തിന്റെ ഇടപെടലുകൾ, സമീപനങ്ങൾ, സൗഹൃദങ്ങൾ അണഞ്ഞുപോകാതെ കാത്തുസൂക്ഷിക്കുവാൻ അദ്ദേഹം വ്യക്തിപരമായ ജീവിതത്തിൽ കാണിച്ചിട്ടുള്ള കരുതലുകൾ, മാർ ഈവാനിയോസ് പിതാവിന്റെ ആദർശങ്ങൾ സഭയിലാകമാനം സജീവമാക്കി നിർത്തുന്നതിന് നടത്തിയ പരിശ്രമങ്ങൾ (ഉദാ.ജൂലൈ മാസത്തിലെ പദയാത്രകളിൽ തന്റെ വ്യക്തിപരമായ സാന്നിദ്ധ്യംകൊണ്ട് അദ്ദേഹം പകർന്നു കൊടുത്ത ആവേശം), തുടങ്ങി അദ്ദേഹം സ്വന്തമായ വ്യക്തിമുദ്ര പതിപ്പിച്ച മേഖലകളോരോന്നും അദ്ദേഹത്തിന്റെ ഓർമ്മകളെ ഓർമ്മപ്പെരുനാളുകൾ ആക്കിക്കൊണ്ടിരിക്കുന്നു.

പരമകാരുണികനായ ദൈവം അദ്ദേഹത്തിന് നിത്യവിശ്രാന്തി നല്കട്ടെ.

# The divine design for the Bethanian Bishop from the treasury of my memory

**Fr. Varghese Vinayanand OIC**
Bethany Ashram, Ghaziabad-Delhi.

Sitting at the two ends of the small dining table, Aboon and me sharing thoughts while waiting for the dinner, which must reach us from a faraway home, has been a cherished memory that linger in my memory when I think of His Excellency, who left this world imprinting heterogeneous images in my mind. A three phased lived experience is treasured in me of the personality of His Excellency Most Rev. Jacob Mar Barnabas OIC of blessed memory. Rector during my theology studies, which can be considered as the first phase, in Bethany Ashram, Pune; Apostolic Visitator of Extra Territorial Regions in India of the Malankara Catholic Church, the second phase of my experience with him in Delhi, helping him in the administration; and my office as the Administrator ad Interim of the Eparchy of St. John Chrysostom Gurgaon-Delhi, and the third phase, during His Excellency's long-term hospitalization, are my experiences with the Bethanian who served the Church with his episcopacy.

"Are you incapable of doing what these men and women have done? Do you think them capable of achieving this by their own resources and not by the Lord their God? . . . Why are you relying on yourself, only to find yourself unreliable? Cast yourself upon him, do not be afraid. He will not withdraw himself so that you fall. Make the leap without anxiety, he will catch you and heal you."These thoughts about the men and women who dedicated their life for the sake of the kingdom inspired St. Augustine to follow the Lord. It is also true for our Bethanian Bishop of blessed memory, who being the eldest son of the Aerath family on who the parents had entwined dreams of looking after the younger one sand the family, left all possibilities of the worldly success to join the religious life. The inner call, at the teenage, pulled him towards the religious priesthood in the Bethany Ashram. The spark of vocation inside the young Monachan was ignited by Rev. Fr. Mathew Thuruthel OIC, a zealous missionary of blessed memory. At the age of fifteen he started the formal religious formation in Bethany Ashram, which helped him to be formed in the basic principles of living in faith and trusting in God's care. He took it as the most important essence of his spiritual journey.

***Phase one***: The Rector during our Theology formation, at Bethany Ashram, Pune, was Rev. Fr. Chacko Aerath OIC. Memories of that age remains evergreen because of the creativity born and encouraged by our rector Chackochen. He was open to all new steps taken. Stereotyped behaviours were challenged, and risks taken were nurtured with care like a father. This helped us to understand the teachings of Vatican II more meaningfully. Thus, our formation in theologizing was live and creative. We were put to daily life situations, and our learning was not just restricted

to books, classes and libraries but was supported by the life-sustaining activities. The formation team in our Ashram, led by Chackochen, were open to multitasking approach of life.

I remember my experience with the dairy farm for two consecutive years, which was given a special encouragement and supported by our Chackochen, apart our academic formation. The manual labour in the dairy farm department, of our evening timetable, just did not focus on milk production, rather it was a holistic approach, in which we had a nursery section for the new-born calves, a section for the pregnant cows, a section for the milking ones, and a section for the breading of the cows. The goat farming was also developed in adjacent to it. Cultivation of the natural feeds for the animals, like sorghum (jawari), maize, and other green fodders were produced to provide natural way of nutrients. This enhanced the production of milk, which in turn helped us to reach out to the residents at Ramwadi, religious houses in the campus of Jnana Deepa Institute of Philosophy and Theology, and the remaining milk was send to the milk product companies in Koregaon Park, Pune.

Protecting vocations of religious and priests was one of the major focuses of His Excellency of blessed memory. “Learn dedication from Catholic priests and religious” are the words of a senior most doctor from Bangalore, who had come across extremely dedicated priests and religious, to the students. For the doctor they are models of commitment. But on the other hand, the emeritus professor and sociologistof Jnana Deep, Fr. Paul Parathazham, from his findings of a study says that there are good number of seminarians and young religious show signs of greater immaturity compared to their ager group outside.These findings, we see is true, when seminarians and sisters approach for helpduring their vocational crisis. Fr. Chacko OIC from Bethany Ashram used to handle many such crisis and was a healer to many. He was simple, easy to approach person than a frightening rector. We were able to pour out our troubles without fear, knowing that he listens and consoles us fraternally.

***Phase two***: My memory traces back to the year 2007, when His Excellency of blessed memory, took charge as Apostolic Visitator of the Extra Territorial Regions in India of the Malankara Catholic Church. He started his leadership in organizing the pastoral care of the Malankara Catholic migrants from Kerala. During this period, he was able to give a special initiative and focus his ministry for the poor on the streets, where he could have been in the extraordinary security and comfort of the ecclesial life. From his situation of not struggling for food, clothes, rent, travel, medicine, etc. he took steps to reach out to the poor.

The vow of poverty has helped him to be happy with the limited facilities of living. He started his life of episcopacy in Delhi with the limited facilities of a flat. Since then, he never was in a hurry to increase his personal space with more facilities, even when we used to insist him on the desire of extending a better residing ambience. Rather he wanted to help the poor on the streets and made small steps by providing food for a few hungry people. This process then later was extended to cater many hungry on the streets through a programme called “Food for Hungry”.

Thus, a social service society was registered, and many projects sprouted through it for the poor and needy. It has now become, amid much farce and counter witness, the brighter face of the diocese in the public sphere. This initiative helped the Malankara Catholic Church to reach out to the villages with the Gospel of Christ in the form of daily bread.

Spark for the Gospel was another sphere of which we remember His Excellency of the blessed memory. He was nicknamed as the ‘missionary bishop’ among the bishops in India. Once, when I was serving the Church in Delhi, a person came to me, after a couple of hours sharing, expressed his desire to join our liturgical tradition and receive baptism. Since he was a Hindi speaking person, I was not able to guide him to our Malankara Catholic tradition as it was not able to accommodate such people because of the limitation of jurisdiction and language barriers. Later when the Church extended its jurisdiction by erecting a diocese, the focus of the Church’s call to preach the Gospel was exercised in new cultures of India. Now the Malankara Catholic Church can receive all, irrespective of language and culture, to the Malankara liturgical tradition. His Excellency of blessed memory was chosen by the Church to give leadership to this Mission. With the short span of six years, since the formation of the Eparchy of St. John Chrysostom in 2015, made a great leap, which astonishes us and has become an eye-opening to the whole Malankara Catholic Church. He encouraged the priests of the Church to take risky steps of starting mission stations for the Church. Different congregations were invited to serve in the missions. Lay persons, from different localities were chosen and trained to preach the Gospel and were sent to give leadership in their own villages. It was a *duc in altum* (launch into the deep)! He looked forward to the future, not because he could see it how it unfolds, but had the faith in the Lord who called him. ‘The Lord will take care’, was the dictum in the lips of His Excellency. He believed that God is new every day, which points to the fact that we should expect the unexpected as the normal way God’s providence, which is at work. He believed and shared that there is nothing ‘by chance’ for God!

***Phase three***: The third phase of my encounter with His Excellency of blessed memory started with an unexpected note – Tracheotomy, a medical surgical procedure of incision in the windpipe made to relieve the obstruction to breathing, done because of the infections caused by Covid-19. With this procedure most of the air he breathes passes out through the tracheostomy tube rather than the vocal cords and so he was not able to talk. I could sense the struggle and pain he went through when he was not able to express what he wanted to communicate with me as the Administrator ad Interim of the diocese.

The misery brought by the four months hospitalisation and the unexpected demise of His Excellency of blessed memory, has put me to many questions of the meaning of human life. The great challenges of that time stirred me up; the theological virtues - faith, hope and charity - challenged me; the realities of life and death compelled me to search for the truth.

I realised the limitedness of human thoughts, which I used to talk about a lot from my intellect. The human mind interpreted the life of His Excellency of blessed memory as a life of

‘unfulfilled dreams’ and the end of his life on this earth as an ‘untimely demise’ of His Excellency. I, at the time of crisis, found it difficult to express my personal convictions and revelations through human language. Silence, most of the time engulfed me, when my inner voice wanted to share the intervention of God; I willed I could explain the divine intervention in His Excellency’s life. But later I realised that it was a private revelation to me, and it was the divine plan for me to go through the stressful times.

The unexpected situations, later I realized, was an expected condition in the Eternal Design of God for his children. I remember the times when I had gone to the intensive care unit of the hospital with the Holy Eucharist for our Excellency. While receiving our Lord, an unexpected calmness flowed from him. After the prayers and the reception of the Holy Blood of Christ, sometimes the Holy Body, he used to share a smile and respond confidentially with his bodily gestures. The tears of happiness, which made the pillow wet, while receiving our Lord increased my confidence. The silence and calmness surrounded him remained me of the *sannyasi* in him. It gave me the hope of a total cure. I dreamt of His Excellency coming back to normal health; I shared, with my colleague priests, the plans of giving him post covid care, a systematic rehabilitation.

I have witnessed the surprises of the Holy Spirit; I have witnessed the love of God hidden in the human misery. I am not put in naïve expectation. Christ is at the centre of my life and so I learned to take him seriously than ever before. The life in the Church is not a programme designed by human intellect but is sketched by her bridegroom - Christ. I realised that the divine plan is takes its own course and it is actualised in our life by imitating Him.

God is not exhausted by loving us; He knows our needs and brings situations and persons for our growth. My consecrated life helped me to experience that our real satisfaction comes from the fidelity to God and to the mission for which He called me. All the rest are support systems, which I should not make it as the centre of my life. I realised that every person has a package designed by God to be unpacked and lived out.

Yes! His Excellency of blessed memory too had a Divine designed life, which was unfolded, and remains a mystery to human mind. Many questions of the human intellect remain unanswered, but with conviction I would like to share that the hope in me has the faith to believe that nothing has happened in His Excellency’s life outside the Divine Design.

> It is not speech that one should seek to understand;
> one should know the speaker…
> It is not joy and suffering that one should seek to understand;
> one should know the one who experiences joy and suffering…
> It is not the mind that one should seek to understand;
> one should know the one who thinks…

*(The Rhythm of Being-The Unbroken Trinity, p.64)*

# പ്രണയസ്വപ്നം

ബ്രദർ സ്റ്റാലിൻ ഒ.ഐ.സി

പുലർകാല സൂര്യനെ നോക്കിനിൽക്കവേ
യൊരിളം തെന്നലെൻ ഹൃത്തിലെത്തിനോക്കി
എൻ മിഴിപ്പൂവുകളാദൃശ്യവിസ്മയം
കണ്ടു മയങ്ങി നിന്നു
ഹാ! എന്തു ചന്തമാണാസുന്ദരാംഗിതൻ
തൂമലർ പോലുള്ളൊരാ മുഖത്ത്
സൗന്ദര്യപൂരമെൻ കണ്ണിലേക്കവിടുന്ന് പിന്നെന്റെ
ഹൃത്തിലേക്കാഴ്ന്നിറങ്ങി

ഇന്നുമാമായാവലയത്തിലാണെന്റെ
മാനസം നിലയില്ലാതലഞ്ഞിടുന്നു
എവിടെപ്പോയ് മറഞ്ഞെന്നുമറിയില്ല
പിന്നെങ്ങുമിതുവരെ കണ്ടതില്ല
കാലമേറെയൊഴുകിക്കടന്നിട്ടും
സുന്ദരസ്വപ്നമായോർത്തു വയ്ക്കുന്നു

ഞാനല്ലാതെ വേറെന്തു ചെയ്യാൻ
പുഴകളും പൂക്കളും ശലഭങ്ങളും
മലനിരകളാം വർണാഭമാം
വാനവും പറയുന്നു പ്രണയിക്കു ഞങ്ങളെ
പകരം തരാം നല്ല നാളുകളെ
പ്രണയിനിയാണെനിക്കീഭൂമി
പൂക്കളും പുഴകളും താരാഗണങ്ങളും
കിട്ടാക്കനിയല്ല സ്വാർത്ഥമോഹങ്ങളോ
ചാപല്യമോയല്ല ദിവ്യസ്നേഹം

# സുവിശേഷസംഘത്തിന്റെ ആദ്ധ്യാത്മിക വഴികൾ

**ഫാ. ആന്റണി കല്ലിൽ ഒ.ഐ.സി.**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രഥമ അസംബ്ലിയിൽ ഉടലെടുത്ത ഒരു ചിന്തയായിരുന്നു സുവിശേഷസംഘം. അത് പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും കൂട്ടായ പരിശ്രമത്തിന്റെയും പരിണിതഫലമായിരുന്നു. അസംബ്ലിയിലുണ്ടായ ഈ തീരുമാനം സുന്നഹദോസിൽ ഒരു പ്രധാന വിഷയമാവുകയും പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ സഭയുടെ ഒരു സുപ്രധാന തീരുമാനമായി തീരുകയും ചെയ്തു. സുവിശേഷ സംഘത്തിന്റെ പിറവി സഭയിൽ ഒരു ആദ്ധ്യാത്മിക ഉണർവ് ഉണ്ടാക്കാൻ സഹായിച്ചെന്ന് മാത്രമല്ല ഒരു സമഗ്രമായ വളർച്ചയ്ക്കും കെട്ടുറപ്പിനും സഹായകമായി.

**സുവിശേഷസംഘത്തിന്റെ ആദ്ധ്യാത്മികത നിലകൊള്ളുന്ന തലങ്ങൾ**

**1. സഭയുടെ യാമപ്രാർത്ഥനയിൽ**

സഭയുടെ ആത്മിക ജീവിതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകം ആരാധനാ ജീവിതമാകുന്നു. ഇതിൽ വളരെ പ്രധാനപ്പെട്ട ഒരു ഘടകം യാമപ്രാർത്ഥനയാണ്. മലങ്കര കത്തോലിക്കാസഭയ്ക്ക് പൂർവ്വപിതാക്കന്മാരിലൂടെ ലഭിച്ച യാമപ്രാർത്ഥന നമ്മുടെ ജീവിതത്തെ മാറ്റിമറിക്കുവാൻ കരുത്തുറ്റതാണ്. സഭയുടെ വലിയ സമ്പത്താണ് യാമപ്രാർത്ഥന. സുവിശേഷസംഘത്തിലെ ഓരോ അംഗവും യാമപ്രാർത്ഥനയ്ക്ക് വലിയ പ്രാധാന്യം നൽകുന്നു. ഓരോ വിശ്വാസിയുടെയും ആയുധമാണ് യാമപ്രാർത്ഥന.

**2. നോമ്പ്, പ്രാർത്ഥന, ഉപവാസം**

യേശു ഇപ്രകാരം പഠിപ്പിച്ചു, പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയുമല്ലാതെ സാത്താനെ പുറത്താക്കാൻ സാധിക്കുകയില്ല. സുവിശേഷസംഘാംഗങ്ങൾ നോമ്പ്, പ്രാർത്ഥന, ഉപവാസം തുടങ്ങിയ ആത്മീകമായ മാർഗ്ഗങ്ങളിലൂടെ അഥവാ ഭക്തിപരമായ നിഷ്ഠകളിലൂടെ മുന്നേറുമ്പോഴാണ് സഭയുടെ ആകമാനമായുള്ള എല്ലാ തിന്മയുടെ ശക്തികളെയും അതിജീവിക്കാൻ സാധിക്കുന്നത്. ഈ ആധുനിക ലോകത്ത്, വിശ്വാസ സമൂഹത്തിൽ പലപ്പോഴും നമ്മൾ കാണുന്ന ഒരു പ്രവണതയാണ് നോമ്പ്, പ്രാർത്ഥന, ഉപവാസം തുടങ്ങിയ ആത്മീയമായ തലങ്ങളിൽ നിന്ന് വിശ്വാസ സമൂഹം താഴേക്കു പോകുന്നതായിട്ട് കാണുന്നത്. അപ്പോൾ ഇപ്രകാരം താഴോട്ടു പോകുകയാണെങ്കിൽ അത് തീർച്ചയായിട്ടും സഭയുടെ ആത്മീയ മേഖലകളെ വല്ലാതെ സ്വാധീനിക്കുകയും ആത്മീയമായ തലങ്ങളിൽ തകർച്ച ഉണ്ടാകുവാൻ ഇടയാക്കുകയും ചെയ്യും.

**3. വി.ലിഖിതത്തിൽ അധിഷ്ഠിതമായ ജീവിതം**

ദൈവവചനം എന്റെ കാലുകൾക്ക് വിളക്കും, ഊടുവഴികൾക്ക് പ്രകാശവുമാകുന്നു. വിശ്വാസികൾ വചനത്തിന്റെ ശക്തി തിരിച്ചറിഞ്ഞ്, പരി.മാതാവിനെപ്പോലെ ദൈവവചനം ഹൃദയത്തിൽ സൂക്ഷിക്കേണ്ടവർ ആകുന്നു. സുവിശേഷസംഘത്തിലെ ഓരോ അംഗവും ഇപ്രകാരം വചനത്തിന്റെ വഴിയിലൂടെ സഞ്ചരിച്ച് ഫലം പുറപ്പെടുവിക്കാൻ വിളിക്കപ്പെട്ടവരാണ്. ഇപ്രകാരം വചനത്തിന്റെ ഫലം പുറപ്പെടുവിക്കുമ്പോൾ സുവിശേഷത്തിന്റെ പരിമളം നൽകാൻ സുവിശേഷകർക്ക് കഴിയുന്നു.

### 4. കൗദാശികജീവിതത്തിൽ അധിഷ്ഠിതം

ഓരോ വിശ്വാസിയും കൗദാശിക ജീവിതത്തിൽ വളരുമ്പോൾ സഭയുടെ കൂട്ടായ്മയിൽ ശക്തി പ്രാപിക്കുകയാണ്. കർത്താവിന്റെ സഭയെ കെട്ടി പടുത്തുയർത്തുന്നു. സുവിശേഷ സംഘാംഗങ്ങൾ കൗദാശിക ജീവിതത്തിലൂടെ പ്രത്യേകിച്ച് പരിശുദ്ധ കുർബാന, കുമ്പസാരം നിത്യമായി വി.കുർബാനയിൽ പങ്കുചേരുകയും ആവശ്യാനുസരണം കുമ്പസാരം നടത്തുകയും ചെയ്യുമ്പോൾ അത് സഭയ്ക്ക് ആകമാനം ഒരു വലിയ ആത്മീയ ഉണർവ്വ് ഉണ്ടാക്കുന്നു. പരി.കുർബാനയുടെ ആ ഒരു സ്വാധീനംമൂലം സുവിശേഷസംഘാംഗങ്ങൾക്ക് പരിശുദ്ധ കുർബാനയാകുന്ന ദൈവീകസാന്നിദ്ധ്യം ആ സാന്നിദ്ധ്യം വഴി ലോകത്തിനു പ്രകാശം കൊടുക്കുവാൻ സഹായകരമായി തീരുന്നു.

### 5. സ്വയം വിശുദ്ധീകരണം, സാക്ഷ്യജീവിതം

സ്വയം വിശുദ്ധീകരിക്കുക, സാക്ഷിയാവുക ഇത് സുവിശേഷസംഘത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രമാണമാണ്. സുവിശേഷ സംഘത്തിന്റെ ചെയർമാനായി സേവനമനുഷ്ഠിച്ച് നമ്മെ വിട്ടുപോയ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവ് സ്വയം വിശുദ്ധീകരണവും സാക്ഷ്യജീവിതവും നമുക്ക് കാണിച്ചുതന്നു. പിതാവിന്റെ കരുതലും ഉത്തരവാദിത്വവും സുവിശേഷസംഘത്തിലെ ഓരോ അംഗത്തിനും മാതൃകയായിരുന്നു. അഭി.പിതാവിന്റെ സാക്ഷ്യജീവിതം സുവിശേഷസംഘത്തിന് എന്നും മറക്കാത്ത അനുഭവങ്ങൾ നൽകി. കഴിഞ്ഞ കാലഘട്ടങ്ങളിൽ പ്രത്യേകിച്ച് സുവിശേഷസംഘം രൂപീകൃതമായതിനുശേഷം സഭയിൽ സമഗ്രമായ ഒരു ആദ്ധ്യാത്മിക ഉണർവ്വ് ഉണ്ടായിട്ടുണ്ട്. അതിന്റെ കാരണം മറ്റൊന്നുമല്ല, സമൂഹത്തിൽ വിവിധ തുറകളിൽ ജീവിക്കുന്ന വ്യക്തികൾ സുവിശേഷസംഘത്തിൽ എത്തിച്ചേരുകയും അവർ സ്വയംവിശുദ്ധീകരണത്തിലൂടെ സാക്ഷിജീവിതത്തിലൂടെ ആരാധനക്രമജീവിതത്തിലൂടെ നോമ്പ്, വർജ്ജന, ഉപവാസം, കൗദാശികജീവിതം, വചനാധിഷ്ഠിത ജീവിതം തുടങ്ങിയ ഈ അടിസ്ഥാനപ്രമാണങ്ങൾ അതിൽ ജീവിച്ചുകൊണ്ട് സഭയുടെ ഉന്നതിക്കും ആദ്ധ്യാത്മീക നവീകരണത്തിനും അവരുടെ ജീവിതം കാരണമായി എന്നത് ഏറ്റവും വിശ്വസനീയമായ രീതിയിൽ നമുക്ക് ഉൾക്കൊള്ളാവുന്ന ഒരു കാര്യമാണ്. വരും നാളുകളിൽ സഭയുടെ വിവിധങ്ങളായ തലങ്ങളിൽ സുവശേഷസംഘാംഗങ്ങൾ വളരെ തീക്ഷ്ണതയോടെ നിലകൊള്ളാനും സുവിശേഷത്തിന്റെ ചൈതന്യം പകർന്നുകൊടുക്കുവാനും സാധിക്കും എന്ന് നമുക്ക് വിശ്വസിക്കാം. ഇപ്രകാരം ഇന്ന് സമൂഹത്തിൽ നിലകൊള്ളുന്ന വെല്ലുവിളികളെ അതിജീവിക്കുവാൻ സഭയിൽ നിന്ന് ഇത്തരത്തിലുള്ള ആത്മീകമൂല്യങ്ങൾ ജീവിക്കുന്ന വ്യക്തികളിലൂടെ സാധിക്കട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം.

# ഹൃദയങ്ങൾ കീഴടക്കിയ ഇടയശ്രേഷ്ഠൻ

**ഫാ. യേശുദാസ് ഒ.ഐ.സി**

**ആമുഖം**

2021 ഓഗസ്റ്റ് 26 ഓർമ്മകളിൽ ഇന്നും കണ്ണുനീരിന്റെ നനവുള്ള ഒരു ദിനം. ആത്മീയതയുടെ തീക്കനൽ ഹൃദയത്തിലൊളിപ്പിച്ച് ആ കനൽ വെളിച്ചത്തിൽ സഹയാത്രികർക്ക് വഴികാട്ടിയും കാവലാളായും മാറിയ അഭിവന്ദ്യ ബർണ്ണബാസ് പിതാവ് കാലം ചെയ്തുവെന്ന വാർത്ത ആരെയും നൊമ്പരപ്പെടുത്തുന്നതായിരുന്നു. സ്വന്തമെന്നുള്ളതെല്ലാം ഉപേക്ഷിച്ചിട്ട് സ്വന്തമല്ലാത്തതിനെ സ്വന്തമാക്കിയ യോഗീശ്വരൻ- എന്തൊക്കെയില്ലായെന്നു ചിന്തിക്കുന്നതിനു പകരം എന്തൊക്കെയുണ്ടെന്നു ചിന്തിച്ച് നമുക്ക് ലഭിച്ചിട്ടുള്ള ചെറിയ ചെറിയ അനുഗ്രഹങ്ങൾക്കുപോലും നന്ദിയുള്ളവരായിരിക്കണമെന്നും മാത്രമല്ല എല്ലാം ദൈവത്തിന്റെ ദാനമാണെന്ന് തിരിച്ചറിയുമ്പോൾ ഹൃദയം അസ്വസ്ഥമാവുകയില്ലെന്ന് നമ്മെ പഠിപ്പിച്ച അഭിവന്ദ്യ ബർണ്ണബാസ് പിതാവിന്റെ ശുശ്രൂഷാ ജീവിതത്തിലേക്ക് ഒന്നു തിരിഞ്ഞു നോക്കിയാൽ അദ്ദേഹം എങ്ങനെയാണ് ജനഹൃദയങ്ങളെ കീഴടക്കിയതെന്ന് നിസംശയം മനസിലാകും. ഗുഡ്ഗാവ് രൂപതയിലെ ഓരോ ഭവനങ്ങൾ സന്ദർശിച്ചും രോഗികളെ ആശ്വസിപ്പിച്ചും വിശക്കുന്നവന് അപ്പം നൽകിയും തെരുവിന്റെ മക്കളെ നെഞ്ചോടു ചേർത്തും 'നിങ്ങൾ അനാഥരല്ല നിങ്ങൾക്ക് ഞാനുണ്ട്' എന്ന് ഉറപ്പു നൽകിയും കുഞ്ഞുങ്ങൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകിയും മിഷൻ മേഖലകൾ വിന്യസിപ്പിച്ചും ഹൃദയസ്പർശിയായ വാക്കിലൂടെയും നല്ല നിറവാർന്ന സൗഹൃദത്തിലൂടെയും ഓരോ വ്യക്തിയുടെയും ഹൃദയം കവർന്ന വന്ദ്യ പിതാവിന്റെ ഒന്നാം ചർമ വാർഷിക വേളയിൽ അദ്ദേഹത്തിന്റെ ശുശ്രൂഷകളെ നിറമിഴിയോടെ മാത്രമേ സ്മരിക്കാനാവുകയുള്ളു.

**ജനനവും വൈദികപഠനവും**

പത്തനംതിട്ട ജില്ലയിലെ റാന്നിയിൽ കരകുളം കുടുംബത്തിൽ ശ്രീമാൻ ഗീവർഗീസിന്റെയും ശ്രീമതി റെയ്ച്ചലിന്റെയും മൂത്ത മകനായി 1960 ഡിസംബർ 3-ാം തീയതി ജനിച്ചു. മാമോദീസാപ്പേര് ചാക്കോ എന്നായിരുന്നു. പഠനത്തിൽ സമർത്ഥനും അധ്യാപകർക്കും സഹപാഠികൾക്കും പ്രിയപ്പെട്ടവനുമായിരുന്നു. സ്വഭാവത്തിൽ ശുദ്ധതയും പ്രാർത്ഥനയിൽ ഭക്തിയും ദൈവീകകാര്യങ്ങളിൽ അതീവ തല്പരനുമായിരുന്നു. സ്കൂൾ പഠനം പൂർത്തിയാക്കിയ ചാക്കോ 1975-ൽ ഒരു സന്ന്യാസ വൈദികനാകുന്നതിനായി ബഥനി ആശ്രമത്തിൽ അർത്ഥിയായി ചേർന്നു. 1979-ൽ ആദ്യവ്രതവാഗ്ദാനവും 1985-ൽ നിത്യവ്രതവാഗ്ദാനവും നടത്തി. പൂനെ ജ്ഞാന ദീപ വിദ്യാപീഠത്തിൽ നിന്നും വൈദിക പഠനം പൂർത്തിയാക്കിയ അദ്ദേഹം ഭാഗ്യസ്മരണാർഹനായ മാർ ഗ്രിഗോറിയോസ് പിതാവിൽ നിന്നും 1986 ഒക്ടോബർ 2-ാം തീയതി വൈദികപട്ടം സ്വീകരിച്ചു.

**പേര് ചൊല്ലി വിളിക്കുന്ന ഇടയൻ**

കൈവെള്ളയിൽ ഓരോരുത്തരുടെയും പേരെഴുതി സൂക്ഷിക്കുന്ന സ്വർഗ്ഗസ്ഥപിതാവിന്റെ കരുതൽ ഓർമ്മപ്പെടുത്തുംവിധം ഏവരെയും സ്നേഹപൂർവ്വം പേരുചൊല്ലി വിളിക്കുക പിതാവിന്റെ പ്രത്യേകതയായിരുന്നു. ഒരുപ്രാവശ്യം പരിചയപ്പെട്ടാൽ അവരുമായുള്ള സൗഹൃദത്തിന്റെ കണ്ണികൾ വിട്ടുപോകാതിരിക്കാൻ അതീവ ശ്രദ്ധ പുലർത്തിയിരുന്നു.

അദ്ദേഹത്തിന് അത്ഭുതകരമായ ഓർമ്മശക്തിയുമുണ്ടായിരുന്നു. ഏവരെയും ഒരുപോലെ ഉൾക്കൊള്ളുന്ന ഹൃദയവിശാലതയും ബൈബിൾ, ആരാധനക്രമം, സഭാചരിത്രം, മോറൽ തിയോളജി എന്നിവയിലെ ആഴമായ ജ്ഞാനം അദ്ദേഹത്തിന് അനേകം ശിഷ്യസമ്പത്തും നേടിക്കൊടുത്തു. സുവിശേഷസംഘത്തിന്റെ അമരക്കാരനായിരുന്നതിനാൽ അനേകരെ തന്നോടു ചേർത്തു പിടിച്ച് തന്റെ സ്നേഹവും കരുതലും മറ്റുള്ളവർക്ക് ഹൃദയസ്പർശിയാകുംവിധം പ്രതിപാദിച്ചിരുന്നു. പ്രകടിപ്പിച്ചിരുന്നു. ഇങ്ങനെ ഒരുപിടി നന്മകളാൽ അദ്ദേഹം മറ്റുള്ളവരിൽ നിന്നും ഏറെ വ്യത്യസ്തനായിരുന്നു.

**അശരണർക്ക് അത്താണിയായ ഇടയൻ**

2015 മാർച്ച് 26-ന് മലങ്കര കത്തോലിക്കാസഭയിൽ ഡൽഹി കേന്ദ്രമാക്കി ഗുഡ്ഗാവ് സെന്റ് ജോൺ ക്രിസോസ്റ്റോം രൂപത നിലവിൽ വന്നു. ആദ്യത്തെ അമരക്കാരനായി സ്ഥാനമേറ്റെടുത്ത നാൾ മുതൽ അദ്ദേഹം തുടങ്ങിയ ജീവകാരുണ്യ പ്രവർത്തികളിൽ ഒന്നാണ് ജെസോളയിലെ ശാന്തി ആശ്രമം. അവിടുത്തെ അന്തേവാസികളുടെ സാക്ഷ്യം വളരെ ഹൃദയസ്പർശിയാണ്. “പിതാവ് ഞങ്ങളെ സന്ദർശിക്കുകയും കുശലാന്വേഷണം നടത്തുകയും പ്രചോദനാത്മകമായ വാക്കുകളാലും പ്രാർത്ഥനകളാലും ഞങ്ങളെ അനുഗ്രഹിക്കുകയും ഒപ്പം പ്രോത്സാഹിപ്പിക്കുകയും ചെയ്യുമ്പോൾ നഷ്ടമായ പലതും ജീവിതത്തിൽ തിരിച്ചു കിട്ടുന്ന പ്രതീതിയായിരുന്നു. എത്ര സമയം പിതാവിനോടൊപ്പമിരുന്ന് സംസാരിച്ചാലും നമ്മുടെ സന്തോഷം വർദ്ധിക്കുകയേയുള്ളു. അതുകൊണ്ട് തന്നെ ഞങ്ങൾ പിതാവിനെ ഏറെ സ്നേഹിച്ചിരുന്നു. ആരുമില്ലാത്ത ഞങ്ങൾക്ക് അവിടുന്ന് ഞങ്ങളുടെ സ്വന്തം അപ്പനായിരുന്നു.”

**അറിവിന്റെ വാതായനം തുറന്ന ഇടയൻ**

മാനസരോവരപാർക്കിന്റെ സമീപമുള്ള ചേരിപ്രദേശം കണ്ടാൽ അറപ്പും വെറുപ്പും തോന്നും. അത്രക്കും ദുർഗന്ധം വമിക്കുന്ന അഴുക്കു ചാലിന് സമീപത്തായി ധാരാളം കുടുംബങ്ങൾ താമസിക്കുന്നു. ധാർമ്മിക മൂല്യച്യുതിയിൽ നിലംപൊത്തിയവർ. അക്ഷരജ്ഞാനം ലവലേശം ഇല്ലാത്തവർ എല്ലാറ്റിനുമുപരി ഒരു സ്ഥിരവരുമാനമോ സർക്കാരിൽനിന്ന് എന്തെങ്കിലും കാര്യമായ സഹായമോ ലഭിക്കാത്തവർ, ചുരുക്കത്തിൽ പറഞ്ഞാൽ ആർക്കും വേണ്ടാത്തവർ, ഇവിടെ കുട്ടികൾ ആരുംതന്നെ സ്കൂളിൽ പോകുന്നില്ല. ഇവരെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി സൗജന്യവിദ്യാഭ്യാസവും ഭക്ഷണവും നൽകി ദൈവത്തിന്റെ അരുമസന്താനങ്ങളാക്കി മാറ്റുവാൻ അവരുടെ ഇടയിലേക്ക് ഈ മനുഷ്യസ്നേഹി ഇറങ്ങി ചെന്നു. ഏകദേശം 150-ഓളം കുഞ്ഞുങ്ങൾ ഇവിടെ വിദ്യാഭ്യാസം ചെയ്യുന്നു. പ്രതീക്ഷകൾ പൂവിടുന്ന നന്മകൾ വിളയുന്ന ഒരു സ്ഥലമാക്കി മാറ്റാൻ പിതാവ് പ്രാരംഭനടപടികൾ ചെയ്തിരുന്നു. സുവിശേഷം ഉപാസിക്കുക മാത്രമല്ല അത് സത്കർമ്മമായി പരിണമിക്കുമ്പോഴാണ് സുവിശേഷത്തിന്റെ അർത്ഥവും വ്യാപ്തിയും കൈവരിക്കയെന്ന് സ്വന്തം ജീവിതത്തിലൂടെ സഭയ്ക്കും സമൂഹത്തിനും സാക്ഷ്യമേകി.

**മേച്ചിൽപ്പുറമൊരുക്കുന്ന ഇടയൻ**

നഷ്ടപ്പെട്ടതിനെ കണ്ടെത്തുന്നതിനും പുതിയവയെ ആലയിലേക്ക് കൊണ്ടുവരുന്നതിനുമായി പുതിയ മിഷനുകൾ ആരംഭിച്ചു. ഭാഷ, ദേശം, വർണ്ണം, വർഗ്ഗം എന്നിവയ്ക്കൊക്കെ അതീതമായി എല്ലാവരോടും സുവിശേഷം പ്രഘോഷിക്കണമെന്ന ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ‘ഭാരത മാനസാന്തരം’ എന്ന സ്വപ്നം

സാക്ഷാത്കരിക്കാൻ വന്ദ്യപിതാവ് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. 22 സംസ്ഥാനങ്ങളിലായി വ്യാപിച്ചു കിടക്കുന്ന ഗുഡ്ഗാവ് രൂപത അതത് സംസ്ഥാനത്തെ മാതൃഭാഷകളിൽ ദൈവത്തെ ആരാധിക്കാനും പ്രാർത്ഥിക്കുവാനും പ്രഘോഷിക്കാനുമായി ആരാധനക്രമം വിവിധ ഭാഷകളിൽ തർജ്ജിമ ചെയ്തു. അതുകൊണ്ട് തന്നെ വി.മാമ്മോദീസായിലൂടെ സഭയിൽ അംഗമാകുന്ന ഒരു വ്യക്തിക്ക് ക്രൈസ്തവ ജീവിതശൈലി നിത്യഅഭ്യാസമായി മാറുമ്പോൾ അവരുടെ മാതൃഭാഷയിൽ തന്നെ ക്രിസ്തുവിനെ രുചിച്ചറിയുവാൻ അവിടുന്ന് വഴിയൊരുക്കി.

ഭവനങ്ങളിൽ നിത്യവരുമാനമില്ലാത്തവർക്ക് ദ്രുതവരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് സ്ത്രീകൾക്ക് തയ്യൽ ക്ലാസുകളും ആൺകുട്ടികൾക്കായി ഐ.റ്റി.സി.യും സ്ഥാപിച്ചു. ഈ നന്മ ലാക്കാക്കി ശുശ്രൂഷാമേഖല വ്യന്യസിപ്പിക്കുന്നതിന് വൈദികരെയും സന്ന്യസ്തരെയും പ്രത്യേകം പ്രോത്സാഹിപ്പിക്കുകയും അതിനുവേണ്ട ക്രമീകരണങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു.

**ഭവനങ്ങൾ സന്ദർശിച്ച ഇടയൻ**

ഗുഡ്ഗാവ് രൂപതയിലെ എല്ലാ ഇടവക ദേവാലയങ്ങളിലെയും കുടുംബാംഗങ്ങൾ ഏക സ്വരത്തിൽ പറയുന്ന കാര്യമാണ് 'പിതാവ് ഞങ്ങളുടെ ഭവനത്തിൽ വന്നിരുന്നുവെന്നത്' അപൂർവ്വമായി സംഭവിക്കുന്ന കാര്യം സ്വാഭാവികമായി സംഭവിച്ചു തുടങ്ങിയപ്പോൾ അവർ പറഞ്ഞു, 'നമ്മുടെ പിതാവ് എത്ര എളിമയുള്ള വ്യക്തിയാണ്.' ഈ നിറവാർന്ന അനുഭവം ഏറ്റുവാങ്ങിയ കുടുംബാംഗങ്ങൾക്ക് പിതാവിന്റെ ഭവനസന്ദർശനം ഒരു പ്രത്യേക അനുഭവമായിരുന്നു. കുടുംബങ്ങളിലെ ഓരോ അംഗത്തെക്കുറിച്ചും അന്വേഷിക്കുകയും അവരുടെ കൂദാശജീവിതത്തെ ആത്മീകമായി ശക്തിപ്പെടുത്തുന്നതിനും പ്രാർത്ഥനാജീവിതം മുടക്കം കൂടാതെ തുടരുന്നതിനുമായി അവരെ ഉദ്ബോധിപ്പിച്ചു. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കഠിനാദ്ധ്വാനത്തിന്റെ ആവശ്യകതയും ദുശീലങ്ങളെ ഒഴിവാക്കി മാതൃക ജീവിതം ചിട്ടപ്പെടുത്തുന്നതിനായി സദ്ചിന്തകൾ പകർന്നു നൽകി. ഓരോ വ്യക്തിക്കും പിതാവിന്റെ ഈ ഉപദേശം സ്വന്തം കൂടപ്പിറപ്പു നൽകുന്നപോലുള്ള പ്രതീതിയാണ് ഉളവാക്കിയത്. ഭവനങ്ങളിലെ രോഗികളെ കണ്ടപ്പോൾ അവരെ പ്രത്യേകം പ്രാർത്ഥനകൊണ്ടും സൗഹൃദസംഭാഷണം കൊണ്ടും ആശ്വസിപ്പിച്ചു. അങ്ങനെ പിതാവിലെ നല്ല ഇടയനെ അവർ തിരിച്ചറിഞ്ഞു. വലിപ്പ ചെറുപ്പമില്ലാതെ എല്ലാവരെയും ഒരുപോലെ സ്നേഹിക്കുന്ന ഒരു പിതാവിനെയാണ് ദൈവം ഞങ്ങൾക്ക് നൽകിയതെന്ന് അഭിമാനപൂർവ്വം പൊതുവേദികളിലും അവർ സാക്ഷ്യപ്പെടുത്തുക പതിവാണ്.

**സൗഹൃദം കാത്തുസൂക്ഷിച്ച ഇടയൻ**

'പിതാവ് സ്നേഹിച്ച, പിതാവിനെ സ്നേഹിക്കുന്ന' ഒരു സുഹൃദ്വലയം പിതാവിനുണ്ടായിരുന്നു. അവർ ഒന്നടങ്കം പറയുമായിരുന്നു, നമ്മുടെ ചെറിയ സങ്കടങ്ങൾ പോലും വിശ്വസിച്ച് പറയാവുന്ന ഒരു വ്യക്തിയാണ് പിതാവ്. അതുകൊണ്ട് പിതാവിനോടുള്ള സൗഹൃദം എപ്പോഴും ഊഷ്മളമായ അനുഭവമായിരുന്നു. അവർക്ക് ഏതു കാര്യത്തിനും ഒരു ഔപചാരികതയു കൂടാതെ അദ്ദേഹത്തെ സമീപിക്കാനും കാര്യങ്ങൾ തുറന്നുപറയാനുമുള്ള സ്വാതന്ത്ര്യവും നൽകിയിരുന്നു. ഇനിയും എത്രകാലം കാത്തിരുന്നാലാണ് ഇതുപോലൊരു പിതാവിനെ നമുക്ക് ലഭിക്കുക. സത്യത്തിൽ പിതാവിന്റെ വേർപാട് നല്കുന്ന ശൂന്യത എന്നും വേദനിക്കുന്ന ഒരു ഓർമ്മ തന്നെയാണ്.

**ഞങ്ങൾക്കുവേണ്ടി ജീവനർപ്പിച്ച ഇടയൻ**

കോവിഡ് മഹാമാരി വരുത്തിയ വിനാശം ചെറുതായിരുന്നില്ല. എവിടെയും ആമ്പുലൻസിന്റെ ചൂളം വിളി. മൃതശരീരങ്ങൾ തലസ്ഥാന നഗരിയിൽ കുന്നുകൂടി. ഉറ്റവർക്ക് ഒരുനോക്ക് കാണുവാനോ അന്ത്യചുംബനം നല്കുവാനോ സാധിക്കാതെ ഹൃദയഭേദകമായ നിമിഷങ്ങൾ സമ്മാനിച്ച ഭീകര നിമിഷം. ഒറ്റപ്പെട്ടുപോയവർക്ക് ഒരു നേരത്തെ ആഹാരമെങ്കിലും നല്കണമെന്ന് വിചാരിച്ച് 'Community Kitchen' ആരംഭിച്ചു. കടകമ്പോളങ്ങൾ അടഞ്ഞ് കിടന്നപ്പോൾ അനേകർക്ക് ഇത് വളരെ ആശ്വാസമായി മാറി. ജാതിഭേദവർഗ്ഗമന്യേ ഏവർക്കും ഈ നന്മ കൊടുക്കുവാൻ പിതാവിന്റെ നേതൃത്വത്തിൽ ഒരു കൂട്ടം വൈദികരും അല്മായ സഹോദരങ്ങളും ചേർന്ന് 'ഭക്ഷണപ്പൊതി' അർഹതപ്പെട്ടവരുടെ കൈകളിൽ എത്തിക്കുവാൻ അക്ഷീണം പരിശ്രമിച്ചു. ചുറ്റുമുള്ളവരിൽ ക്രിസ്തുവിനെ കണ്ടപ്പോൾ അവർക്ക് അത് ചെയ്തു കൊടുക്കുവാൻ അദ്ദേഹം തീക്ഷ്ണതയോടെ തെരുവിലേക്കിറങ്ങി. സ്വന്തം ജീവൻ നഷ്ടപ്പെടുത്തുന്നവൻ അത് കണ്ടെത്തുമെന്ന ഗുരുമൊഴി സ്വന്തം ജീവിതത്തിൽ അന്വർത്ഥമാക്കി. കോവിഡ് കാലത്തെ ഈ സേവനം സ്വീകരിച്ച അനേകം വ്യക്തികൾ പിതാവ് കാലം ചെയ്തുവെന്ന വാർത്ത കേട്ടപ്പോൾ കത്തീഡ്രൽ കവാടത്തിനു മുമ്പിൽ തടിച്ചുകൂടുകയും അശ്രുകണങ്ങളാൽ അവർ ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു. ആ ഇടയ ശ്രേഷ്ഠൻ സ്വന്തം ജീവൻ ബലിയായി നൽകിക്കൊണ്ട് ക്രിസ്തുസാക്ഷ്യമേകി നിത്യതയിലേക്ക് പോയെന്ന് അഭിമാനപൂർവ്വം അവർ ഇന്നും സ്മരിക്കുന്നു.

**ഉപസംഹാരം**

ദൈവീക കരുണ അക്ഷരാർത്ഥത്തിൽ തന്റെ ജീവിതത്തിൽ പകർത്തിയ ഒരു ഉത്തമ ഇടയനാണ് പിതാവെന്ന് പറയുന്നതിൽ നമുക്ക് അഭിമാനിക്കാം. മലങ്കര കത്തോലിക്കാ സഭയ്ക്ക് ഭാരത മണ്ണിൽ തന്റെ നിസ്വാർത്ഥ സേവനത്തിലൂടെ വലിയ സാക്ഷ്യം നല്കാനാകുമെന്ന് നമ്മെ ചുരുങ്ങിയ കാലയളവുകൊണ്ട് പഠിപ്പിച്ച ധീരയോദ്ധാവാണ് പിതാവെന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. കാരണം അദ്ദേഹം വളരെ വിശാലഹൃദയത്തോടെയാണ് ഓരോ കാര്യത്തെയും സമീപിപ്പിച്ചത്. ഇത്തരം സമീപനമാണ് അദ്ദേഹത്തിന് അനന്യത നേടിക്കൊടുത്തത്.

സ്വർഗ്ഗീയ പറുദീസയിൽ നിത്യം വാഴുന്ന പുണ്യതാത ഞങ്ങൾക്കായി നിത്യവും മാധ്യസ്ഥം യാചിക്കണമെന്ന് നിറമിഴിയോടെ ഞങ്ങൾ അപേക്ഷിക്കുന്നു.

# Synodal Path of Bethany Ashram in the Third Millennium

**Fr Shiju K. Levy**

Synodality is the life of the Church and Synodal model of governance is the essential style and structure of the Church from the apostolic period. The Second Vatican Council (1962-1965) takes up the paradigm of synodality, but altered with vision of collegiality. The immediacy for the rediscovery and the infusion of synodal way in the ecclesial life emerges from the need of a deeper participation, communion and successful mission of the church in the third millennium. Holding this intention, the process of the XVI Ordinary General Assembly of the Synod of Bishops began on 9 October 2021 based on the Apostolic letter *Episcopalis Communio* (2018) on the theme of *For a Synodal Church: Communion, Participation and Mission,* which directly deal with the very nature, structure, style and the pattern of the life of the church (*LG* 48). As a pontifical religious congregation, in the multi-ritual mission context, Bethany Ashram invites all its members for a synodal way of life for actualization of its charism in prolific mode in the universal Church.

The synodal process of Synod on Synodality (2021-2024) is a deeper effort to the reception of Communion ecclesiology of the Second Vatican Council in practical terms in the life of the Church. The goal of the synodal process is to reflect and discerningly establish more effective modes and styles of living the gospel values, as bearing witness to the Kingdom. Hence, the synod has to formulate the nature and the modes of functioning of the people of God in the world. The synodal process is a gift and challenge, going beyond the conceptual views for translating the doctrinal orthodoxy into the experiential activation of concrete life situations. Pope Francis in his address for the ceremony commemorating the 50th anniversary of the institution of the Synod of Bishops (17 October 2015) affirms that this process includes teaching, interpretation, new legislations and social public action based on the tradition and doctrinal faith to address the life situations. This requires a new *modus operandi* of people of God (*Preparatory Document, no.* 10), a reform of the ecclesiastical life, catechesis, canonical reforms, pastoral and administrative structures. Pope Francis is instructing the church upside down following the guidance of the Vatican II council, to go for a total *aggionamento* by rediscovering the synodal culture at every level of its administration.

The real Challenge in this entire initiative would be actualize these lofty ideas and to concretely apply them to the governance process and institution of the church. The Synodal process will naturally call for a renewal of structures at various levels of the church, in order to foster deeper

communion, fuller participation and more fruitful mission (*Vademecum for Synod on Synodality,* September 2021, 2.4.4). In order to realize this, the church has to restructure itself to create processes and institutions that will facilitate the participation of all. Moving not occasionally but structurally towards a synodal Church, an open square where all can feel at home and participate (Discourse of Pope Francis, 9 October 2021). Hence, true synodality in the life of the church embraces the participation of all, the People of God as a whole.

The Second Vatican Council bestowed special attention to the Church as People of God based on the ecclesiology of People of God (*LG* 9; *CCEO* c.7§1). Yet this motif has been overshadowed by the doctrine of collegiality based on the communion ecclesiology (*LG* 18). Collegiality finds its origin in the collegial character of the apostolic college, of which, the Episcopal college is the successor. Collegiality of Bishops is footed on the concept of *ecclesia di comunione*, in which the Church is composed of *ecclesiae Particularis* presided over by the Bishops. To this *ecclesia di comunione* of the Particular Churches, the Council introduced a form of governance of the Church, which is Collegial Governance of the Church. Thus, unlike the Conciliar vision, collegiality becomes the model of governance of the Church. The Codes have introduced the Episcopal Conferences, Synods of Bishops of Oriental Churches and Synods in Rome as the expression of this Collegial Governance (*CCEO* cc. 46, 102, 153; *CIC* cc. 342-348). These organs of Collegial Governance confined themselves solely to creamy layer, eparchs, and failed to fulfill the dream of Vatican II, the decentralized participatory ecclesial governance of the People of God. This model of governance, collegiality, influenced heavily the governance of the Religious Institutes in the Church too. Centralization turned into the model of administration and the participatory canonical organs, synaxis, councils, commissions and tribunals are limited and tarnished to mere consultative bodies in praxis.

The third millennium church deserves better ecclesial governance, which is more participatory and decentralized. In this juncture, Pope Francis proposes a new vision of ecclesial governance in the Church. This change of vision can be seen from his first major interview after becoming pope in 2013 when he said, “The image of the Church I like is that of the holy, faithful people of God.” During this interview, he sounded key themes closely associated with the intuition in Vatican II documents of the Church as a people of God: the sense of the faithful; the historical and eschatological character of the people of God journeying together; and heeding the signs of the times in reality. In his Address for the ceremony commemorating the 50th anniversary of the institution of the Synod of Bishops on 17 October 2015, Pope Francis has initiated a new phase in the reception of Second Vatican Council’s vision of the Church by presenting a new model of ecclesial governance called Synodality. The main intuition of Synodality derives from the ecclesiology of the People of God (Lev. 26:9-12; Jer 32:38; Ex 19: 5, 23: 25 LG 9-17) which

draws from the Second Vatican Council. The Church as the People of God is closely related with the ideas on the *sensus fidei* of all the People of God. By baptism all participates in the *triple munera* of Christ and incorporates into Christ and thereby constitutes as People of God. Hence, People of God is of divine right. People of God constitutes all Baptized; lay persons, the consecrated, deacons, priests and bishops. Thus, Pope Francis Model of ecclesial governance is a Synodal model of governance based on the Synodality of People of God, rooted on the ecclesiology of People of God of the Second Vatican Council. This *magisterium* of People of God has an inverted pyramidal hierarchical structure which aims at decentralized participatory governance. Implementation and practice of Synodality is tiresome but possible in the life of the Church in the third millennium. For better actualization of this we need a model, a model that is practical and possible.

Though the collegiality and Synodality are from divine right and in the insight of Second Vatican Council, they are different. Synodality of the People of God drafts its essence from that intuition of People of God, but the collegiality drafts its intuition from the *ecclesia di comunione* and *Ecclesiae Particularis*. Hence, the Synodal model of ecclesial governance based on Synodality of the People of God is a total transfer from the collegial model of ecclesial governance based on episcopal collegiality. This model of ecclesial governance is better expressed in the ecclesial governance of *Yogam* in *Malankara Nazrani* (St. Thomas Christian) tradition. *Yogam* represents a Synodal model of ecclesial governance of People of God based on the ecclesiology of People of God. This model of ecclesial governance is closer to Second Vatican Council Ecclesiology of People of God and Synodal governance of People of God, envisioned by Pope Francis. Synodality does not mean synodal democracy found in non-catholic churches in *Malankara* tradition. Infact, the synodal Church is a participatory and co-responsible Church not a democratic Church. In a synodal style, decisions are made through discernment, based on a consensus that flows from the common obedience to the Spirit.

Pope Francis urges the religious institutes to experience this Synodal process. The Pope recounts "I am counting on you so that the synodal process that we are experiencing in the Church may also take place within your institutes." Accepting this invitation, Bethany Ashram as well enters into the Synodal path with the Superior General's letter dated 13 December 2021 (SGL XX / 05 Bethany Ashram Generalate, Kottayam- 686 010 December 13, 2021). The Major Superior advocates to all a Bethanian Synodal path of listening, participation and communion which is well expressed in *Sanyasa Jeevitha Sahayi* (Kottayam: Bethany Press, 1980, 61-70). Here, listening is something more than hearing. The Prefect of the Dicastery for Institutes of Consecrated Life and Societies of Apostolic Life, João Cardinal Brãz de Aviz states a synodal path is one "which listens, and realizes that listening is more than simply hearing," he continues, "It

is mutual listening in which everyone has something to learn" (Message to AMECEA *on* 25 June 2022 from CICLSAL). Here, the members shall listen to each other devoid of dissection and disparity. Pope reminds further that it is a chance to "let uncomfortable questions emerge" without concealment (Address to UISG on 5 May 2022).

The whole Bethanian synodal process has to be really communal discernment. Because, as João Cardinal Brãz de Aviz states, it is above all a journey that challenges every vocational community in its being a visible expression of a communion of love. It is a body that requires the participation of all. No one excludes self or feels excluded from this path (H.Rs. 85; 139; 140). No one thinks it does not concern me, which requires the unity of the members with the body and the communion of all the riches of life and charism, including fatigue and wounds, which should not be hidden; the participation then becomes responsibility. Hence, it provokes the active participation of all members in its processes of discernment, consultation and cooperation at all levels of decision-making and mission. This demands proper canonical structures to practice and implement this Synodal process in the congregation. This new canonical organ has to sanction a decentralized participatory form of governance of discerning not limited to mere consultative. There the disparity between *high profile superior* and *inferior local member* is diluted (H.Rs. 86; 219). Then it becomes a participatory governance of members of equal status; an inverted pyramidal style of governance (H.Rs. 85; 152). The reformation of the Holy Rule has to be in tune with the synodal process. Moreover, the visit of Apostolic Visitator becomes a fitting sign of this process and an invitation of Bethany Ashram to the universal Synodal life of the church.

# പരമാരാധനയുടെ ശ്രേഷ്ഠാചാര്യൻ

**ഫാ. സ്ലീബാദാസ് ഒ.ഐ.സി**

"ചില ഗ്രന്ഥങ്ങൾ രുചിച്ചിറക്കാനുള്ളതാണ്". ഫ്രാൻസിസ് ബേക്കൺ പറഞ്ഞ ഈ വാക്കുകളുടെ പൊരുൾ അഭിവന്ദ്യ ഗ്രീഗോറിയോസ് തിരുമേനിയുടെ ജീവിതത്തിൽ നിറഞ്ഞു നില്ക്കുകയാണ്. ഇന്നത്തെ യുവതലമുറയ്ക്ക് വന്ദ്യപിതാവിനെ വലിയ പരിചയം ഇല്ലെങ്കിലും അദ്ദേഹം കാട്ടിത്തന്ന മാതൃകയും നടന്നു പോയ വഴികളും ഇന്ന് മലങ്കര മക്കൾ രുചിച്ചിറക്കുകയും അതിനെ അനുഭവിക്കുകയും ചെയ്യുന്നു എന്നു പറയുന്നതിൽ യാതൊരു സംശയവുമില്ല. ഒരു കാലത്ത് തന്റെ സഭയുടെ ആത്മീയത കാത്തു സൂക്ഷിക്കുകയും സമൂഹത്തിന്റെ ഏതു പ്രതിസന്ധികളെയും പരിഹരിക്കുകയും താൻ ആയിരിക്കുന്ന ദേശത്തിന്റെ സംസ്ക്കാരം ഉൾക്കൊള്ളുകയും ചെയ്ത വ്യക്തിയായിരുന്നു അഭിവന്ദ്യ ഗ്രീഗോറിയോസ് തിരുമേനി. ഇത്രമാത്രം ശ്രേഷ്ഠമായി ജീവിച്ച് കടന്നു പോയ ഈ ശ്രേഷ്ഠാചാര്യന്റെ ആരാധനാജീവിതത്തിലൂടെ ഒന്നു കടന്നു പോകുന്നത് അഭികാമ്യമാണെന്നു തോന്നുന്നു.

മലങ്കര സഭയിൽ സാർവ്വത്രിക ചൈതന്യവും സാർവ്വത്രികസഭയിൽ മലങ്കര ചൈതന്യവും ഒരു പോലെ നിലനിർത്താൻ നിതാന്തജാഗ്രത പുലർത്തിയൊരു ശ്രേഷ്ഠാചാര്യനാണ് മാർ ഗ്രീഗോറിയോസ് തിരുമേനി. ഓരോ പുതിയ നിയോഗവും പുതിയ നന്മ ഉണ്ടാകുന്നതിനുള്ള ദൈവത്തിന്റെ തീരുമാനമാണെന്ന് അദ്ദേഹം പഠിപ്പിച്ചു. അന്താരാഷ്ട്രദൈവശാസ്ത്രപഠനകളരികളിലും, സെമിനാറുകളിലും മലങ്കര ആരാധനക്രമത്തിന്റെ ഔന്നത്യത്തെ ഉയർത്തിക്കാട്ടാൻ പിതാവ് ശ്രമിച്ചു. ഈശ്വരാരാധനയാണ് ജീവിതം മുഴുവനുമെന്ന് അദ്ദേഹം ജീവിച്ചു കാണിച്ചു. രണ്ടാം വത്തിക്കാൻ സുനഹദോസിന്റെ മുഖ്യപ്രധാനമായൊരു പ്രമേയമായിരുന്നു ആരാധന. സുനഹദോസിൽ ആദ്യവസാനം പങ്കെടുത്ത തിരുമേനി കൗൺസിൽ കൈക്കൊണ്ട തീരുമാനങ്ങൾ സ്വസഭയിൽ പ്രാവർത്തികമാക്കാൻ പരിശ്രമിച്ചു. ആരാധനാ ഭാഷാ കൗൺസിലിൽ ഒരു പ്രധാന ചർച്ചാവിഷയം ആയിരുന്നു. ആരാധനയ്ക്ക് പ്രാദേശികഭാഷകൾ മതിയെന്ന് കൗൺസിൽ തീരുമാനിച്ചു. അതിനനുസരിച്ച്, മലങ്കരസഭയിൽ ആരാധനാക്രമപുസ്തകങ്ങൾ മലയാളത്തിലേക്ക് തർജ്ജിമ ചെയ്യാൻ വന്ദ്യ ഗ്രീഗോറിയോസ് തിരുമേനി നന്നായി പ്രയത്നിച്ചു. കുർബ്ബാന തക്സാ, പെരുന്നാൾക്രമം, കൂദാശക്രമങ്ങൾ, ശ്ഹിമ്മോനമസ്ക്കാരം തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്. തമിഴ്നാട്ടിലുള്ള മലങ്കരമക്കളെയും അദ്ദേഹം മറന്നില്ല. അവർക്ക് വേണ്ടിയും ആരാധനക്രമങ്ങൾ തമിഴിലേക്കു തർജിമ ചെയ്യാൻ അദ്ദേഹം ഏറെ പ്രയത്നിച്ചു. 1965-ൽ തമിഴിലുള്ള കുർബ്ബാന തക്സാ പ്രസിദ്ധീകരിച്ചു. പിന്നീട് മറ്റു ആരാധനാക്രമപുസ്തകങ്ങളും തമിഴിലേക്കു തർജ്ജിമചെയ്തു.

മലങ്കര ആരാധനയുടെ തനിമയും പവിത്രതയും നിലനിർത്താൻ വന്ദ്യ ഗ്രീഗോറിയോസ് തിരുമേനി നിരന്തരം പ്രയത്നിച്ചിരുന്നു എന്നതിന്റെ മറ്റൊരുദാഹരണമാണ് 1985-ൽ കോട്ടയം കേന്ദ്രമായി. 'സീരി' (SEERI- St. Ephrem Eccumenical Research Institute) എന്ന ഗവേഷണകേന്ദ്രം സ്ഥാപിച്ചത്. നമ്മുടെ ആരാധനാ ഭാഷയായ സുറിയാനി പരിപോഷിപ്പിക്കുവാനും സഭാ പിതാക്കന്മാരുടെ ഉജ്ജ്വല പഠനങ്ങൾ പ്രയോജനപ്പെടുത്താനും ആണ് ഗവേഷണനിലയം സ്ഥാപിച്ചത്. സുറിയാനിഭാഷയിൽ ഗവേഷണം നടത്താൻ പര്യാപ്തമാണീ കേന്ദ്രം.

പിതാവിന്റെ ജീവിതത്തിന്റെ ചുരുളുകൾ അഴിയുമ്പോൾആരാധനയുടെ പരിവേഷം ഈ

ശ്രേഷ്ഠാചാര്യനിൽ അതിന്റെ പൂർണ്ണതയിൽ നിറഞ്ഞുനിന്നിരുന്നു. ആശ്രമചിട്ടകൾക്ക് വിധേയപ്പെട്ട് സന്ന്യാസത്തിന്റെ വ്രതനിഷ്ഠകൾ, പാലിച്ചിരുന്നൊരു ബഥാന്യനിൽ നിന്നാണ് ഈ മഹത്തായ മാതൃക ഞാൻ കാണുന്നത് എന്നതിൽ ആത്മാഭിമാനം കൊള്ളുന്നു. "മലങ്കരകുർബ്ബാന തീർത്ഥാടകസഭയിൽ" എന്ന പുസ്തകത്തിൽ പിതാവ് ഒരാശംസ കുറിച്ചിടുന്നതിപ്രകാരമാണ്. "മലങ്കരസഭയെ സംബന്ധിച്ചിടത്തോളം ആരാധന നമ്മുടെ ജീവശ്വാസവും എല്ലാ നന്മകളുടെയും ഉറവിടവും ആണ്." പഴമയുടെ മനോഹരിതയും ഉച്ചാരണശുദ്ധിയും നിലനിർത്തുവാൻ അദ്ദേഹം ഒരു ആദ്യകുർബ്ബാനയിൽ പങ്കെടുത്ത സമൂഹത്തോട് പറഞ്ഞു. "ഒരു വൈദികന്റെ കുർബ്ബാന അർപ്പണം എങ്ങനെയോ അപ്രകാരമായിരിക്കും അദ്ദേഹത്തിന്റെ ജീവിതവും". ബലയർപ്പണത്തിൽ മനസ്സും ശരീരവും ആത്മാവും അതികൂർമ്മതയോടെ ഏകാഗ്രമാക്കിയ യതിവര്യനാണ് ഈ ശ്രേഷ്ഠാചാര്യൻ. ആരാധനാക്രമം അനുസരിച്ചുള്ള തിരുനാളുകളും മറ്റും ആഘോഷിക്കുന്നതിൽ പിതാവ് കൃത്യനിഷ്ഠ പുലർത്തിയിരുന്നു. സദാ സമയം യാമ പ്രാർത്ഥനകളിലും ധ്യാനമനനങ്ങളിലും നിമഗ്നനായിരുന്നു വന്ദ്യപിതാവ്. ബലിപീഠത്തിനു മുമ്പിൽ നിലയുറപ്പിച്ച ശേഷമായിരുന്നു അദ്ദേഹത്തിന്റെ എല്ലാ ദിനചര്യകളും ആരംഭിച്ചു പോന്നത്. ഭക്താഭ്യാസങ്ങളായ കുരിശിന്റെ വഴിയും ജപമാലപ്രാർത്ഥനകളും ചൊല്ലുന്നതിന് ഏവരേയും ഉദ്ബോധിപ്പിച്ചിരുന്നു. ആരാധനയിലൂടെ ദൈവജനത്തെ ദൈവഗിരിയിലേക്ക് നയിക്കുവാൻ ഈ പിതാവിന് കഴിഞ്ഞത് അത്ഭുതാദരങ്ങളോടെ കാണേണ്ട ഒരു വസ്തുതയാണ്. ഈ ശ്രേഷ്ഠാചാര്യൻ ചരിത്രത്തിന്റെ ഭാഗമായല്ല ജീവിക്കുന്നത്; മറിച്ച് ചരിത്രം സൃഷ്ടിച്ചുകൊണ്ടാണ് ജീവിക്കുന്നത്. ഏവർക്കും സ്വീകാര്യമായ ശൈലിയിൽ ഗഹനമായ ആത്മീയതത്വങ്ങൾ അവതരിപ്പിച്ചിരുന്നു ഈ വന്ദ്യപിതാവ്.

ആരാധനയിൽ സഭയോടൊത്ത് ചിന്തിക്കുവാനും സഭയ്ക്ക് വിധേയമായി ജീവിക്കുവാനും സഭയെ വളർത്തുവാനും വന്ദ്യ ഗ്രീഗോറിയോസ് പിതാവിന് കഴിഞ്ഞു. ഈ കുറിപ്പിന് വിരാമം കുറിക്കും മുൻപ്, വന്ദ്യപിതാവേ അങ്ങേയ്ക്ക് ആരാധനയിൽ നിന്നൊരു പ്രാർത്ഥനാ മഞ്ജരി നേദിക്കുന്നു.

ആചാര്യേശാ മിശിഹാ കൂദാശകളർപ്പിച്ചോ-
രാചാര്യൻമാർക്കേകുക പുണ്യം തവകൃപയാലെ

*"ആ തേജസ്സാർന്ന മുഖവും, വശ്യമായ പുഞ്ചിരിയും, മധുരശബ്ദവും, ഇന്നും ഓർമ്മയുടെ മണിമുറ്റത്ത് കുടികൊള്ളുന്നു. ഇന്ന് സ്വർഗ്ഗത്തിലിരുന്ന് നമ്മെ നോക്കി അദ്ദേഹം പുഞ്ചിരി തൂകുന്നുണ്ട്. അവിടിരുന്ന് ബഥനിക്കുവേണ്ടിയും, മലങ്കരകത്തോലിക്കാ സഭയ്ക്കുവേണ്ടിയും പിതാവ് ദൈവ സന്നിധിയിൽ മദ്ധ്യസ്ഥം വഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു എന്നുള്ളത് നമുക്കെല്ലാം സന്തോഷം പകരട്ടെ"*

# മലങ്കരയുടെ സൂര്യതേജസ്: അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് തിരുമേനി

**ഫാ. സിജോ ഒ.ഐ.സി**

"നിങ്ങളോടു ദൈവവചനം പ്രസംഗിച്ച നിങ്ങളുടെ നേതാക്കന്മാരെ ഓർക്കുവിൻ. അവരുടെ ജീവിതചര്യയുടെ ഫലം കണക്കിലെടുത്ത് അവരുടെ വിശ്വാസം അനുകരിക്കുവിൻ" (ഹെബ്രാ 13:7).

മലങ്കര കത്തോലിക്കാസഭയെ നാലുപതിറ്റാണ്ടിലേറെ ഔന്നത്യത്തിന്റെ പടികളിൽ നയിച്ച അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ജന്മശതാബ്ദി വർഷത്തിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. തന്റെ ഗുരുഭൂതനായ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി 'മലങ്കര സൂര്യൻ' ആയിരുന്നെങ്കിൽ ആ സൂര്യന്റെ തേജസ്സ് ഒട്ടും കുറയാതെ കർമ്മപഥത്തിൽ എത്തിച്ചു. തന്റെ കർമ്മ രംഗങ്ങളിൽ നൂറുമേനി വിളയിച്ച ധന്യജീവിതത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. എല്ലാവരാലും ആദരിക്കപ്പെടുന്ന വ്യക്തിത്വം നമ്മുടെ മുൻപിൽ അനുകരണീയമാം വിധം ഇന്നും ചേതനയോടെ നിലനിൽക്കുന്നതിനു കാരണം അദ്ദേഹത്തിന്റെ കർമ്മകുശലതയും, പുണ്യജീവിതത്തിന്റെ സുകൃതങ്ങളുമാണ്. ജാതി മത ഭേദമെന്യേ മനുഷ്യ ഹൃദയങ്ങളിൽ ജീവിക്കുന്ന തിരുമേനി സ്വർഗ്ഗത്തിൽ ഇരുന്നുകൊണ്ടു നമുക്കുവേണ്ടി മാധ്യസ്ഥം യാചിക്കുന്നു എന്ന പ്രത്യാശ സഭാ ജീവിതത്തെ കൂടുതൽ അർത്ഥവത്താക്കുകയും അനേകരെ ആദർശപൂരിതമായ ജീവിതത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

1916 ഫെബ്രുവരി 1-നു കല്ലൂപ്പാറയിൽ തങ്ങളത്തിൽ ഇടുക്കുളയുടെയും അന്നമ്മയുടെ മകനായി ജനിച്ച അദ്ദേഹം പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ബഥനി മിശിഹാനുകരണ സന്ന്യാസി സമൂഹത്തിൽ ചേർന്ന് സന്ന്യാസ വൈദിക പരിശീലനം ആരംഭിച്ചു. വർഗ്ഗീസ് എന്ന മാമ്മോദീസാ നാമത്തിൽ അറിയപ്പെട്ട അദ്ദേഹം 1935-ൽ തന്റെ പ്രഥമ സന്ന്യാസ വ്രതവാഗ്ദാനത്തിനുശേഷം 'ആശീർവദിക്കപ്പെട്ടവൻ' എന്നർത്ഥമുള്ള ബെനടിക്ട് എന്ന നാമം സ്വീകരിച്ചു. തുടർന്ന് തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾക്കുശേഷം 194 ആഗസ്റ്റ് 24-നു കാൻഡിയിൽ വച്ച് വൈദികപട്ടം സ്വീകരിച്ചു. യുവത്വത്തിന്റെ പ്രസരിപ്പ് ഒട്ടും കളയാതെ തന്റെ കർമപഥങ്ങളിൽ പ്രസരിപ്പിച്ച അദ്ദേഹത്തെ തേടി വിവിധ ഉത്തരവാദിത്വങ്ങൾ എത്തി. സന്ന്യാസാർത്ഥികളുടെ ഗുരുവച്ചൻ, സെമിനാരിയിലെ അദ്ധ്യാപകൻ, പാളയം ഇടവകയുടെ സഹവികാരി തുടങ്ങിയവ അവയിൽ ചിലതാണ്. അച്ചനിൽ അതു വലിയ നേതൃത്വപാടവം കണ്ടെത്തിയ മാർ ഈവാനിയോസ് തിരുമേനി അദ്ദേഹത്തെ തൃശ്ശിനാപ്പള്ളിയിൽ ഉപരി പഠനത്തിനയച്ചു. ഉപരി പഠനത്തിനുശേഷം നാലാഞ്ചിറ ബഥനിക്കുന്നിന്റെ നെറുകയിൽ പണിതുയർത്തപ്പെട്ട മാർ ഈവാനിയോസ് കോളേജിന്റെ പ്രഥമ പ്രിൻസിപ്പലായി അദ്ദേഹം നിയമിതനായി. ആ കലാലയത്തിന്റെ വളർച്ചയിലും നല്ലവരായ കുറേ മനുഷ്യർക്ക് ഉന്നതവിദ്യാഭ്യാസം നൽകുന്നതിനും ഒക്കെ അദ്ദേഹത്തിന്റെ സംഭാവന വിലപ്പെട്ടതാണ്. ക്രമേണ അദ്ദേഹത്തിന്റെ ഒരു വിദ്യാഭ്യാസദർശനം രൂപപ്പെട്ടു. അതിന്റെ കതിരുകൾ സഭയുടെ വിദ്യാഭ്യാസ ശുശ്രൂഷയിൽ ഇന്നും പ്രശോഭിക്കുന്നു.

പുനരൈക്യ പ്രസ്ഥാനവും സഭയും അതിവേഗം വളർന്നുകൊണ്ടിരിക്കുന്നു. കാര്യങ്ങൾ വേഗം ക്രമപ്പെടുത്തുന്നതിന് സാരഥിയായ മാർ ഈവാനിയോസ് തിരുമേനിക്ക് കഴിയാതെ

വന്നു. വാർദ്ധക്യ സഹജമായ പ്രശ്നങ്ങൾ അദ്ദേഹത്തെ അലട്ടുവാൻ തുടങ്ങി. തന്റെ പിൻഗാമി ആരായിരിക്കണമെന്നും ആ ക്രാന്തദർശിക്കു നേരത്തെതന്നെ അറിയാമായിരുന്നതുപോലെ തോന്നും വിധം 1952 ഡിസംബർ 27-ാം തീയതി ബനഡിക്ടച്ചൻ റമ്പാൻ പട്ടവും, 1953 ജനുവരി 29-ന് എപ്പിസ്കോപ്പ പട്ടവും നൽകി തന്റെ സഹായ മെത്രാനായി വാഴിച്ചു. 'ഉണർവുള്ളവൻ' എന്നർത്ഥമുള്ള 'ഗ്രീഗോറിയോസ്' എന്ന നാമം അദ്ദേഹം സ്വീകരിച്ചു. തന്റെ മേൽപട്ടശുശ്രൂഷയുടെ ആപ്തവാക്യം 'സ്നേഹം മമ ദീപം' എന്നായിരുന്നു. യേശുതമ്പുരാന്റെ സ്നേഹമാർഗ്ഗം പിതാവിന്റെ ധന്യജീവിതത്തിന്റെ തിരുനാളായി അനേകർക്ക് അനുഭവവേദ്യമായതിന് ചരിത്രം സാക്ഷി.

അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി കാലം ചെയ്തതിനെ തുടർന്ന് 1955-ൽ പരിശുദ്ധ പിതാവ് പതിനൊന്നാം പീയൂസ് മാർപാപ്പാ അദ്ദേഹത്തെ സഭയുടെ അധ്യക്ഷനും ആർച്ചുബിഷപ്പുമായി നിയമിച്ചു. പരിമിതികളുടെ നടുവിലും പിച്ചവയ്ക്കുന്ന മലങ്കര കത്തോലിക്കാ സഭയെ വളർത്തുന്നതിന് ചോര നീരാക്കി ആ കർമ്മ യോഗി അനേകം പദ്ധതികൾ സഭയിലും സമൂഹത്തിലും നടപ്പാക്കി. സഭുയടെ ശുശ്രൂഷാമേഖലകളെ അടിയന്തിര ശ്രദ്ധ നൽകി വളർത്തുന്നതിൽ അദ്ദേഹം പൂർണ്ണവിജയം ആയിരുന്നു. സഭയിൽ മാത്രമല്ല, സമൂഹത്തിന്റെ ഉന്നമനത്തിനും, നാനാ ജാതി മതസ്ഥരേയും ഉൾക്കൊള്ളിച്ച് പദ്ധതികൾ നടപ്പാക്കുന്നതിന് അദ്ദേഹം പരിശ്രമിച്ചു. സഹോദര മതങ്ങളോടും വിശ്വാസികളോടും അദ്ദേഹത്തിനുള്ള സമീപനം ഹൃദ്യവും ആരേയും ഉൾക്കൊള്ളുന്നതും, സർവവും നൻമയ്ക്കായി പരിണമിപ്പിക്കുന്നതിനും വേണ്ടിയായിരുന്നു. ചുരുക്കത്തിൽ സഭയിൽ മാത്രമല്ല സമൂഹത്തിൽ തന്നെ ഒരു മാറ്റത്തിനു ചുക്കാൻ പിടിക്കാൻ അദ്ദേഹത്തിനു സാധിച്ചു എന്നതാണ് യാഥാർത്ഥ്യം. അഭിവന്ദ്യ പിതാവിനാൽ സമാരംഭിക്കപ്പെട്ട വ്യത്യസ്ഥവും വിവിധങ്ങളുമായ ശുശ്രൂഷകൾ, പുനരൈക്യ പ്രേഷിത പ്രവർത്തനങ്ങൾ, സഭാവിപുലീകരണങ്ങൾ ഇവ ഇന്ന് രൂപതകളായും എക്സാർക്കേറ്റുകളായും സമൂഹത്തിന്റെ മുഖ്യധാരയിലുള്ള പ്രവർത്തനത്തിനുതകുന്ന സ്ഥാപനങ്ങളായി വളർന്നു വന്നു. മലങ്കര കത്തോലിക്കാ സഭയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ രണ്ടാം വത്തിക്കാൻ കൗൺസിലിൽ സ്ഥിരാംഗമായി അദ്ദേഹം നിയമിതനായി. പുനരൈക്യ പ്രസ്ഥാനത്തിന്റെ സുവർണ്ണജൂബിലി 1980-ൽ കോട്ടയത്തുവച്ചു നടത്തുന്നതിനുവേണ്ടി അദ്ദേഹം നേതൃത്വം നൽകി.

ഭാരത, കേരള മെത്രൻ സമിതിയുടെ അദ്ധ്യക്ഷൻ ആയിരുന്ന്, പ്രാദേശികമായി സഭയെ വളർത്തുന്നതിനും അദ്ദേഹം അക്ഷീണം പരിശ്രമിച്ചു. സർവമത സാഹോദര്യം ഊട്ടിയുറപ്പിക്കുന്നതു കൂടാതെ സഭൈക്യ പ്രാർത്ഥനയിലൂടെ സാഹോദര്യത്തിന്റെ മൂല്യങ്ങൾ അദ്ദേഹം പകർന്നു നൽകി. നിലയ്ക്കൽ പള്ളിയുമായി ബന്ധപ്പെട്ടുണ്ടായ തെറ്റിദ്ധാരണകൾ ഫലപ്രദമായി പരിഹരിക്കുന്നതിന് അദ്ദേഹം മുൻകൈ എടുത്തിന്റെ ഫലമാണ് ഇന്നു കാണുന്ന നിലയ്ക്കൽ എക്യുമെനിക്കൽ പ്രാർത്ഥനാലയം. അതുപോലെതന്നെ വർഗ്ഗീയ സംഘർഷത്തിൽ, മതസൗഹാർദ്ദത്തിനു കോട്ടം തട്ടിയ പല അവസരത്തിലും അദ്ദേഹത്തിന്റെ സമയോചിതവും സമചിത്തവുമായ ഇടപെടലുകൾ സമാധാനത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കുന്നതിനു കാരണമായി. ഏതു പ്രശ്നത്തിലും പിതാവിന്റെ സാന്നിദ്ധ്യം ഒരു ഉത്തരമായിരുന്നു. പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഭാരതം സന്ദർശിച്ചപ്പോൾ അഭിവന്ദ്യ പിതാവ് സഭാതലവൻ എന്ന നിലയിൽ സ്വീകരണ പരിപാടികളിൽ സജീവമായി പങ്കുവഹിച്ചു.

നാടിന്റെ വികസനത്തിനും പാവപ്പെട്ടവന്റെ ഉന്നമനത്തിനും അഭിവന്ദ്യ പിതാവ് അതീവ ശ്രദ്ധ ചെലുത്തിയിരുന്നു. സാധാരണക്കാരന്റെ സാമ്പത്തിക ഭദ്രത ഉറപ്പിക്കുന്നതിന് പല പദ്ധതികൾ ആവിഷ്കരിച്ചു. തികച്ചും ഒരു പ്രകൃതി സ്നേഹിയായിരുന്നു അദ്ദേഹം. കാർഷിക രംഗത്തിലൂടെ നൂതനമായ പ്രകൃതി പരിപോഷണത്തിന്റെ പാഠങ്ങൾ സാധാരണക്കാരെ പഠിപ്പിച്ചു. പ്രകൃതിക്ക് അനുയോജ്യമായ ചിലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്ന സംസ്കാരത്തിന് അദ്ദേഹം പ്രോത്സാഹനം നൽകി. ആരോഗ്യസംരക്ഷണത്തിനാവശ്യമായ ഭക്ഷണക്രമം, ശരിയായ വ്യായാമ മുറകൾ, യോഗാഭ്യാസം, ധ്യാനം തുടങ്ങിയവ ജീവിതത്തിൽ അദ്ദേഹം പ്രാവർത്തികമാക്കി മറ്റുള്ളവരോട് പിന്തുടരുന്നതിന് ഉപദേശിച്ചു. സഭയുടെ ആരോഗ്യമേഖലയിലെ ശുശ്രൂഷാക്രമീകരണത്തിനു സ്ഥാപനങ്ങൾ അദ്ദേഹം ആരംഭിച്ചു. വിദ്യാഭ്യാസ മേഖലയിൽ അദ്ദേഹത്തിന്റെ സംഭാവന വളരെ വിലപ്പെട്ടതാണ്. വിദ്യാഭ്യാസമാണ് വികസനത്തിന്റെ അടിസ്ഥാനം എന്നു മനസിലാക്കിയ ആ മഹാൻ അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങൾ പടുത്തുയർത്തി. സാധാരണക്കാർക്ക് ഉന്നതവിദ്യാഭ്യാസം നൽകുക എന്ന സ്വപ്നം ക്രമേണ അങ്ങനെ സാക്ഷാത്കരിക്കപ്പെട്ടു.

തന്റെ ഗുരുവായ മാർ ഈവാനിയോസ് തിരുമേനിയുടെ ദാർശനികത, മത സാമൂഹിക, രാഷ്ട്രീയ മേഖലകളിൽ മാത്രം ഒതുങ്ങുന്നതല്ലായിരുന്നില്ല. ഒരു സൂര്യനായി വിളങ്ങിയ അദ്ദേഹത്തിന്റെ പുണ്യങ്ങൾ സഭ ആകമാനം പരിമളം വീശിക്കൊണ്ടിരിക്കുന്നു. ആ സൂര്യന്റെ തേജസ്സ് നെല്ലിടവ്യത്യാസം വരാതെ തന്റെ ജീവിതത്തിൽ പ്രസരിപ്പിക്കുന്നതിനു ഗ്രിഗോറിയോസ് തിരുമേനിക്കു കഴിഞ്ഞു. വി.കുർബാന കേന്ദ്രീകൃതമായ ആദ്ധ്യാത്മികതയും, സന്ന്യാസ നിഷ്ഠകളും, അദ്ദേഹത്തെ കാലത്തിന്റെ അടയാളമായി ചരിത്രം ഉൾക്കൊണ്ടു. നിഷ്കളങ്കമായ പുഞ്ചിരിയും സ്നേഹമസൃണമായ പെരുമാറ്റവും നിറഞ്ഞ അദ്ദേഹത്തിന്റെ ജീവിതശൈലി ഹൃദയങ്ങളിൽ പ്രതിഷ്ഠിക്കപ്പെടുന്നതിനു മനുഷ്യമനസ്സുകളെ പ്രചോദിപ്പിച്ചു. അദ്ദേഹത്തിന്റെ സ്നേഹവലയത്തിൽ നിന്ന് ഒന്നും അന്യമായിരുന്നില്ല. സർവതും അദ്ദേഹത്തിന്റെ പഠനവിഷയവും ധ്യാനവുമായിരുന്നു. തന്റെ അടുത്തെത്തുന്നവർക്ക് ഒരിക്കലും വിഷമത്തോടെ തിരികെപ്പോവാൻ അദ്ദേഹം അനുവദിച്ചിരുന്നില്ല. ഒരു മനുഷ്യായുസ്സ് മുഴുവൻ സഭയ്ക്കും സമൂഹത്തിനുംവേണ്ടി പ്രയത്നിച്ച ആ പുണ്യതാതന്റെ 1945 ഒക്ടോബർ 10-ാം തീയതി തന്റെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. രോഗത്തിന്റെ കഠിനവേദനയിൽപ്പോലും താൻ സ്നേഹിക്കുന്നവരുടെ ക്ഷേമം അന്വേഷിക്കുന്നതിലും കുറവുകൾ പരിഹരിക്കുന്നതിലും അദ്ദേഹം അതീവ ശ്രദ്ധാലുവായിരുന്നു. 2015 ഫെബ്രുവരി 1 മുതൽ 2016 ഫെബ്രുവരി 1 വരെ നീണ്ടുനിൽക്കുന്ന അദ്ദേഹത്തിന്റെ ജന്മശതാബ്ദി ആചരണത്തിൽ, മലങ്കര മക്കളായ നമ്മുടെ മുമ്പിൽ അഭിവന്ദ്യ പിതാവ് ഒരു വെല്ലുവിളിയായി നിലകൊള്ളുന്നു. ഈ അവസരത്തിൽ അദ്ദേഹത്തിൽ വിളങ്ങി ശോഭിച്ചിരുന്ന പുണ്യങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുമ്പോൾ അതു നമ്മെ നാൾക്കുനാൾ വളർച്ചയിലേക്കു നയിക്കും എന്നു തീർച്ച. മലങ്കരയുടെ സൂര്യതേജസ്സ് നമ്മിലൂടെ മറ്റുള്ളവരിലേക്ക് എത്തട്ടെ. നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം.

"ആചാര്യേശാ മിശിഹാകൂദാശകളർപ്പിച്ചോൻ,
ആചാര്യന്നായ് ഏകുക പുണ്യം നാഥാ സ്തോത്രം"

# ഇലവിചാരം

ബ്രദർ ജെസ്സിൻ, നോവിഷ്യേറ്റ്

ഇലകളില്ലാതെ വൃക്ഷങ്ങളില്ല. കാരണം ഇലകളാണ് വൃക്ഷത്തിലെ ജീവന്റെ തുടിപ്പുകൾ. ഒരിലയെ നമ്മുടെ കൈകളിലെടുത്ത് ഒന്നു തലോടി നോക്കാം. എന്തു മൃദുത്വം. നമ്മുടെ കണ്ണുകളെ അവയിൽ പതിപ്പിച്ച് ഇലയോടു സംസാരിച്ചാൽ ചില ചോദ്യങ്ങൾ ഇല നമ്മോടു ചോദിക്കുന്നതു കേൾക്കാം...

ഇലയുടെ പുറംഭാഗത്ത് ധാരാളം സംവാഹക കുഴലുകൾ നമുക്ക് കാണാം. ഈ സംവാഹക കുഴലുകളാണ് മണ്ണിൽനിന്നും വേരു വലിച്ചെടുക്കുന്ന ജലവും ലവണവും ഇലകളിലെത്തിക്കുന്നത്. കൂടാതെ ഇലകൾ നിർമ്മിക്കുന്ന ആഹാരത്തെ സസ്യത്തിന്റെ പ്രത്യേക ഭാഗത്ത് ശേഖരിച്ചു വയ്ക്കുന്നു. കൂടാതെ ഇവ ഇലയ്ക്ക് ആകൃതി നൽകുന്നു.

നമ്മുടെ ജീവിതത്തിൽ നമ്മെ വളരാൻ സഹായിക്കുന്ന ധാരാളം ആളുകൾ നമ്മുടെ ചുറ്റുമുണ്ട്. അവർ നമുക്ക് ആവശ്യമായവ എല്ലാം തന്ന് നമ്മെ പോറ്റുന്നു. നമ്മുടെ ജീവിതത്തിന് ആകൃതിയും ഭംഗിയും ലഭ്യമാകുന്നത് അവരുടെ ജീവിതത്തിന്റെ കഠിനാധ്വാനങ്ങളിൽ നിന്നാണ്. ഓരോ ദിനവും സ്വയം ബലിയായിത്തീർന്ന് നീറിനീറി നാമറിയാതെ നമുക്കു നിരന്തരം യാഗമായി മാറുന്ന നമ്മുടെ സഹോദരങ്ങളെ ഒരിക്കലെങ്കിലും നാം ഓർക്കാറുണ്ടോ? ഇതാണ് ഇല നമ്മോടു ചോദിക്കുന്ന ആദ്യത്തെ ചോദ്യം.

ഈ ചോദ്യം മനസിൽ കിടക്കുമ്പോൾ തന്നെ അടുത്തൊരു ചോദ്യം ഇല ചോദിക്കുന്നു. ഇലകൾ അടുക്കളകളാണ്. ഇവിടെ വച്ചാണ് ആഹാരം പാകം ചെയ്യപ്പെട്ട് സസ്യശരീരത്തിലെത്തുന്നത്. ഈ ആഹാരം പാകം ചെയ്യപ്പെടുന്നത് സൂര്യപ്രകാശത്തിന്റെ സാന്നിദ്ധ്യത്തിലാണ്. സൂര്യ രശ്മികളുടെ കഠിനമായ ചൂടിൽ വാടി തളർന്ന് സ്വന്തം ജീവൻപോലും നഷ്ടമാകും എന്ന അവസ്ഥയിൽ അത് അതിന്റെ ഉത്തരവാദിത്തം നിറവേറ്റുന്നു. ഇലകൾ ആഹാരമുണ്ടാക്കുന്നില്ലെന്നു തീരുമാനിച്ചാൽ സംവാഹക കുഴലുകളുടെ പ്രയത്നം വ്യർത്ഥമായി പോകും. നാം നമ്മുടെ ചുറ്റുമുള്ളവരിൽനിന്ന് എല്ലാം സ്വീകരിക്കുന്നു. എന്നാൽ ഇത് ഇരട്ടിയായി തിരിച്ചു കൊടുക്കേണ്ട കടമ നമുക്കില്ലേ? രണ്ടാമത്തെ ചോദ്യമിതാണ്: സ്വീകരിക്കുന്നതെല്ലാം ഇരട്ടിയായി തിരിച്ചു കൊടുക്കാൻ എനിക്കു കഴിയുന്നുണ്ടോ?

ഒരു സസ്യത്തിന്റെ എല്ലാമായിരിക്കുന്ന ഇല, അത് ജീവന്റെ ഉറവിടമായി മാറുമ്പോഴും അവസാനം, കൊഴിഞ്ഞ് താഴെ വീഴുന്നു. എല്ലാ ആശകളും അറ്റതുപോലെ... അത് വീഴുന്നത് മറ്റുള്ളവയ്ക്ക് വളമാകാനും തണൽ നൽകാനുമാണ്. ആ ഇല മരത്തിലെ ശിഖരത്തിലായിരുന്നപ്പോൾ സ്വീകരിച്ച ഊർജ്ജം വളമായി മാറുന്നു. അവസാനം അത് മണ്ണിലേക്ക് ലയിച്ചു ചേരുന്നു. മൂന്നാമത്തെ ചോദ്യത്തിലേക്കും നാമെത്തിച്ചേർന്നു. ഏൽപ്പിച്ച ജോലികൾ പൂർത്തിയാക്കി നാം വിടപറയുമ്പോൾ ആ നേരത്തെ ശപിക്കാതെ മറ്റുള്ളവരുടെ ജീവിതത്തിലേക്കിറങ്ങി അവർക്കു മാതൃകയായി അവരെ സന്തോഷിപ്പിക്കാൻ നമുക്കാകുമോ?

ഇല പഠിപ്പിക്കുന്ന ഒരു പാഠമുണ്ട്. ഓർക്കുക, കൊടുക്കുക, സന്തോഷിപ്പിക്കുക. വാസ്തവത്തിൽ ഇതു തന്നെയല്ലേ സമൂഹജീവിതം. ഇതുതന്നെയല്ലേ മിശിഹാനുകരണം. സ്വയത്തെ വെടിഞ്ഞ് മറ്റുള്ളവരെ സ്നേഹിക്കുമ്പോൾ മാത്രമേ ഇലകൾ തണൽ നൽകുന്നതുപോലെ നമുക്കും സമൂഹമായി നിന്ന് ദൈവസ്നേഹമാകുന്ന തണൽ നൽകാനാവൂ... അപ്പോൾ അനേകർ ഈ തണലിൽ വിശ്രമിക്കാൻ സന്തോഷത്തോടെ കടന്നു വരും... ബഥനി ആശ്വാസത്തിന്റെ ഭവനമാകും.

# ദർശന സാഗരം: ആബൂൻ മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ സാമൂഹിക ദൈവശാസ്ത്ര ദർശനങ്ങൾ

**ഫാ. മനു വർഗീസ് ഒ.ഐ.സി**

**ആമുഖം**

ഉന്നതാദർശങ്ങളാൽ പ്രചോദിതവും, ദൈവകൃപയാൽ നീതവും അജഗണത്തോടുള്ള യഥാർത്ഥ സ്നേഹത്താലും കരുതലാലും ഒരു ശ്രേഷ്ഠ ഇടയനടുത്ത ഉത്തരവാദിത്വങ്ങൾ പൂർത്തിയാക്കി "തന്റെ ഭവനത്തിലുള്ളവർക്ക് കൃത്യസമയത്ത് ഭക്ഷണം നൽകുവാൻ യജമാനൻ നിയോഗിച്ച വിശ്വസ്തനും വിവേകിയുമായ ഭൃത്യനായി"[1] നാലുപതിറ്റാണ്ടിലേറെ മലങ്കര കത്തോലിക്കാ സഭയെ നയിച്ച ഒരു ജീവിത സാഫല്യത്തെപ്പറ്റി വിചിന്തനം ചെയ്യുന്നതുതന്നെ പുണ്യം. 'സുകൃതം സുകൃതികളിൽ നിന്നേ ഉണ്ടാകൂ"[2] എന്ന ഗുരുമൊഴി യഥാവിധി ജീവിതത്തിൽ പ്രതിഫലിപ്പിച്ച വ്യക്തിത്വം. നിരാശയുടെയും ശുഭാപ്തിവിശ്വാസത്തിന്റെയും തിരിനാളം കൊളുത്തുവാൻ പര്യാപ്തമായ വിധത്തിൽ ആ സുകൃതജീവിതം ആഴത്തിൽ വേരൂന്നി പടർന്നു പന്തലിച്ചു എന്ന യാഥാർത്ഥ്യം അതിന്റെ ഫലങ്ങളിലൂടെ ഇന്നും സമൂഹത്തിൽ പ്രതിധ്വനിക്കുന്നു. പിതാവിന്റെ സംഭാവനകൾ അമൂല്യമെന്നതിനു ചരിത്രം സാക്ഷി. ഒരു മനുഷ്യായുസ്സുകൊണ്ടു ചെയ്തു തീർക്കുവാൻ സാധ്യമല്ലാത്തിടത്തോളം കാര്യങ്ങൾ അദ്ദേഹം ചുരുങ്ങിയ കാലഘട്ടംകൊണ്ട് ചെയ്തുതീർത്തു എന്നു പറയുന്നതോടൊപ്പം തന്റെ ആത്മീകസാന്നിദ്ധ്യംകൊണ്ട് മനുഷ്യഹൃദയങ്ങളെ അത് ഇന്നും പ്രചോദിപ്പിക്കുന്നുണ്ട് എന്നതാണു വാസ്തവം. തെളിച്ചു കിട്ടിയ ഉൾക്കാഴ്ചകളിലൂടെ വ്യക്തമായ ലക്ഷ്യത്തിലേക്ക് ഉന്നതമായ ഒരു പ്രവർത്തന ശൈലി ആവിഷ്കരിക്കുവാൻ പിതാവിന്റെ ദർശനങ്ങൾ മനുഷ്യഹൃദയങ്ങളെ ഇന്നും പ്രേരിപ്പിക്കുന്നു. അതിൽനിന്ന് ഊർജ്ജം ഉൾകൊണ്ടുകൊണ്ട് അനേകായിരങ്ങൾ വിവിധ കർമ്മമണ്ഡലങ്ങളിൽ വിശ്വാസത്തേയും സാമൂഹികനന്മയേയും കൈമുതലാക്കി പ്രവർത്തിക്കുന്നതു കാണുമ്പോൾ പിതാവ് അവരിലൂടെ ഇന്നും ജീവിക്കുന്നു. തന്റെ കാലത്തിലും ദേശത്തിലും സംസ്കാരത്തിലും ആദ്ധ്യാത്മികതയിലും നിറഞ്ഞുനിന്നുകൊണ്ട് അവയ്ക്കപ്പുറത്തുള്ള ലോകത്തെ അദ്ദേഹം കീഴടക്കി ഒരു പ്രശാന്ത സുന്ദരമായ നക്ഷത്രമായി വാനിൽ പ്രകാശിക്കുമ്പോൾ ആ ദർശനസാഗരത്തിൽ നിന്ന് ജീവകണം സ്വീകരിച്ച അനേകം ആത്മാക്കൾ ഗ്രഹങ്ങളായി ആ വലിയ നക്ഷത്രത്തിന്റെ ക്ഷീരപഥത്തിൽ ഭ്രമണപഥങ്ങൾ സൃഷ്ടിച്ച് പ്രകാശം പ്രതിഫലിപ്പിക്കുന്ന രീതിയിലേക്ക് വളർന്നുവന്നത് ആ ജീവിതത്തിന്റെ സാക്ഷ്യമായി മാറി. ആ വ്യക്തിപ്രഭവത്തിന്റെ മുമ്പിൽ ലേഖകന്റെ ഒരു കോടിപ്രണാമം. ആ വന്ദ്യതാതന്റെ സാമൂഹിക ദൈവശാസ്ത്രദർശനങ്ങൾ സമൂഹത്തിലും സഭയിലും കൂടുതൽ പ്രചോദനമാകട്ടെ എന്ന പ്രാർത്ഥനയോടെ.

**തിരുമേനിയുടെ സാമൂഹിക ദർശനം**

പൗരോഹിത്യത്തിന് ഒരു പുതിയ മാനവും വീക്ഷണവും പരിവേഷവും നൽകി സഭയിൽ മാത്രമല്ല സകല ജനത്തിനും ആശയും ആവേശവുമായി തീരുവാൻ തക്കവണ്ണം സമൂഹത്തിലേക്ക് ഇറങ്ങിച്ചെന്ന് വിവിധ തലങ്ങളിൽ നന്മയുടെ വിത്തുപാകിയ വ്യക്തിത്വമാണ് അഭിവന്ദ്യ പിതാവ്. 'പഠിപ്പിക്കുക, നയിക്കുക, വിശുദ്ധീകരിക്കുക' എന്നീ ത്രിവിധ പൗരോഹിത്യ ധർമ്മങ്ങൾ ആത്മീയ ജീവിതത്തിൽ മാത്രം ഒതുക്കാതെ സമൂഹത്തിലേക്കിറങ്ങി സാധാരണ മനുഷ്യരുടെ ഉന്നമനത്തിന് അവരെ പഠിപ്പിക്കുകയും നയിക്കുകയും ചെയ്തുകൊണ്ട് നല്ല മനുഷ്യരാക്കി

വിശുദ്ധീകരിക്കുവാൻ നടത്തിയ പിതാവിന്റെ പരിശ്രമങ്ങൾ അമൂല്യങ്ങളാണ് ആത്മീയ പുരോഗതി മാത്രമല്ല സമൂഹത്തിന്റെ സമഗ്ര പുരോഗതിയും ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനമായിരുന്നു അത്.

**സമഗ്ര വികസനത്തിന്റെ പര്യായം**

മനുഷ്യൻ ഒരു സമൂഹ ജീവിയാണ്. വ്യക്തികളിൽ തുടങ്ങി കുടുംബങ്ങളിൽക്കൂടി മനുഷ്യൻ ഒരുമിച്ചു പ്രവർത്തിക്കുമ്പോഴാണ് സമൂഹനന്മ കൈവരുന്നത്. പ്രവർത്തനങ്ങളിലേക്ക് വരുമ്പോൾ ഇക്കൂട്ടർക്ക് പ്രസംഗത്തിൽ കാണിക്കുന്ന ആവേശമോ താല്പര്യമോ ഇല്ലായെന്നുള്ളതാണ് വാസ്തവം. എന്നാൽ ഇതിൽനിന്നൊക്കെ വിഭിന്നമായി പറയുന്നതുമാത്രം പ്രവർത്തിച്ച ജീവിതശൈലിയാണ് പിതാവിന്റേത്. സമൂഹത്തിന്റെ പുരോഗതിക്കായി മനുഷ്യന്റെ സമഗ്രപുരോഗതി അദ്ദേഹം സ്വപ്നംകണ്ടു. യേശുവിന്റെ ശുശ്രൂഷയുടെ തുടർച്ചയെന്നോണം തന്റെ ശുശ്രൂഷയെ നിർവഹിച്ചുകൊണ്ട് സമൂഹ നന്മയെപ്രതി സമൂഹത്തിന്റെ വ്യത്യസ്ത മണ്ഡലങ്ങളെ അദ്ദേഹം സ്പർശിച്ചു. അതിൽനിന്ന് ഒരു നെല്ലിട വ്യതിചലിക്കാതെ പരിപൂർണ്ണ സമ്മതത്തോടെ അദ്ദേഹം പ്രയത്നിച്ചു. സമഗ്രവികസനത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്താത്ത ഒന്നും തന്നെ ഉണ്ടായിരുന്നില്ല. വിദ്യാഭ്യാസം, സാമൂഹികക്ഷേമം, ശുചിത്വം, കൃഷി, ആദ്ധ്യാത്മികത, സംസ്കാരങ്ങളുടെ പടുത്തുയർത്തൽ, പരസ്പര ബഹുമാനം, ആരോഗ്യസുരക്ഷ, സാധുജന പരിപാലനം, അർഹിക്കുന്നവരുടെ പുനരധിവാസം, മതസൗഹാർദ്ദം, മാനവമൈത്രി, തൊഴിലധിഷ്ഠിത വിഭവ വികേന്ദ്രീകരണം തുടങ്ങി ഒരു സമഗ്ര വികസനത്തിന്റെ പര്യായമായി അവിടുന്നു മാറി. ഇവിടെ പ്രസംഗം കുറവായിരുന്നു, പ്രവൃത്തിയായിരുന്നു കൂടുതൽ. ഇവിടെ ആരോപണങ്ങൾക്ക് പ്രസക്തിയില്ല, അന്തഛിദ്രങ്ങൾക്കു സ്ഥാനമില്ല. മറിച്ച് ക്രിസ്തുവിന്റെ കർമ്മശേഷിയുടെ 'ആത്മാവിൽ തിളച്ചുതുളുമ്പിയ സ്വർണ്ണശോഭ ഉയിരിൽനിന്ന് ഉടലിലേക്ക് പരന്നൊഴുകി, സമൂഹത്തെ വികസനത്തിന്റെ പാതയിൽ പ്രകാശമാനമാക്കി. 'പാവങ്ങളുടെ അധസ്ഥലങ്ങളിലേക്ക് കുനിഞ്ഞ്, കരം പിടിച്ചവരെ തീരാവേദനയുടെ ദുരിതഗർത്തങ്ങളിൽ നിന്ന് കരകയറ്റി'[3] അവരുൾപ്പെടുന്ന സമൂഹത്തെ പ്രകാശപൂർണ്ണമാക്കി. സമൂഹം നാനാജാതി, വർണ്ണ വൈവിദ്ധ്യങ്ങൾ ഉൾപ്പെട്ടതാണെങ്കിൽ അവരെല്ലാം ദൈവത്തിന്റെ മക്കളാണ് എന്ന സാർവലൗകികസ്നേഹത്തിലൂടെ വികസനത്തിന് അദ്ദേഹം ഊടും പാവും നൽകുകയായിരുന്നു. ടാഗോർ ഗീതാഞ്ജലിയിൽ പറയുന്നതുപോലെ[4] സമൂഹമദ്ധ്യത്തിൽ അനേകർ പിതാവിലൂടെ ദൈവത്തെ ദർശിച്ചു.

**വിശ്രമമില്ലാത്ത കർമ്മയോഗി**

പ്രശ്നസങ്കീർണമായ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. വിഭാഗീയതയും ഭിന്നതയും സർവസാധാരണമായിരിക്കുന്നു. ദുഷ്പ്രവൃത്തികൾ ലോകത്തിൽ നടമാടുന്നു. മൂല്യങ്ങൾ അപ്രത്യക്ഷമായിരിക്കുന്നു. ശാസ്ത്രത്തിന്റെ മുന്നേറ്റം വിതച്ച മനുഷ്യന്റെ ജീവിതനിലവാരത്തിലുള്ള ഉയർച്ചമൂലം സുഖലോലുപത മനസ്സുകളിൽ കുടിയേറി. അവരവരുടെ കൊച്ചുലോകങ്ങൾക്കപ്പുറം ജീവിതം ഇല്ല എന്നു മനുഷ്യർ വിശ്വസിച്ചു തുടങ്ങി. താനും എന്റെ 'പ്രിയപ്പെട്ടവരുമടങ്ങുന്നതാണ്' അവരുടെ ലോകം. 'അവരുടെ സുഖമാണ് എന്റെ സുഖം' എന്നൊക്കെ ചിന്തിക്കുന്നവർ. വിരൽത്തുമ്പിൽ ലോകത്തെ അളന്നുകുറിച്ച് ഗതിവിഗതികൾ നിർണ്ണയിക്കുവർ. തങ്ങളുടെ അഭിരുചികളെയും ചിന്താമണ്ഡലത്തേയും സ്പർശിക്കുന്നവയെ 'ലൈക്ക്' ചെയ്യുകയും മറ്റുള്ളവയെ കണ്ടില്ല എന്നടിക്കുകയും ചെയ്യുന്നവർ. അവർക്ക് അഭിവന്ദ്യ തിരുമേനി വെല്ലുവിളിയാണ്. പിതാവിന്റെ കർമ്മഭൂമി അരമനയ്ക്ക് വെളിയിൽ ആയിരുന്നു.[5]

വിശ്രമമില്ലാത്ത ആ ജീവിതചര്യ ശ്രീരാമകൃഷ്ണ പരമഹംസർ വിഭാവനം ചെയ്തതുപോലെ ആയിരുന്നു. ഇടത്തുകൈ ഭഗവൽ പദത്തിലും വലത്തുകൈ കർമ്മഭൂമിയിലും. ചെറിയ കൂട്ടായ്മകൾ ശക്തിപ്പെടുത്തുന്നതിനും തിരുമേനി ശ്രമിച്ചു (MSS-ന്റെ പ്രവർത്തനം)[6]. ചെറിയവയിലൂടെ വലിയവ ലക്ഷ്യം വച്ചു. ജീവിതത്തിന്റെ അനന്തസാദ്ധ്യതകളിലേക്ക് മനുഷ്യരെ കൈപിടിച്ച് ഉയർത്തി. ദേശാഭിമാനത്തിന്റേയും സ്വാശ്രയത്തിന്റേയും സന്ദേശം സമൂഹത്തിൽ പരത്തി. അത് ഒരു പുതിയ മാറ്റത്തിനു നാന്ദിയായി. എല്ലാം വിജയമോ പരാജയമോ എന്നു ചർച്ച ചെയ്യുന്നില്ല. എല്ലാം ഒന്നുപോലെ പ്രാവർത്തികമായി എന്ന അവകാശവാദമോ മുൻവിധിയോ ഇല്ല മറിച്ച് അതിലൂടെ അനേക ജീവിതങ്ങൾ പരിവർത്തനത്തിന്റെ പാതയിൽ മുന്നേറി എന്നുപറയുമ്പോൾ അതിന്റെ വിജയം ഊഹിക്കാം. ഈ ദർശനങ്ങൾ ഇന്നും മനുഷ്യരെ ജീവിക്കാൻ പ്രേരിപ്പിക്കുന്നു.

**മാനവമൈത്രി എന്റെ സന്ദേശം**

ശക്തമായ സമൂഹവും, സംതൃപ്തമായ കുടുംബബന്ധങ്ങളും രൂപീകരിക്കുന്നതാണ് മനുഷ്യ പുരോഗതിയുടെ ചാലകശക്തി. മനുഷ്യബന്ധങ്ങൾ ഊട്ടിയുറപ്പിക്കുമ്പോഴാണ് മനുഷ്യർക്ക് സ്വതന്ത്രമായി ചിന്തിക്കാനും, പ്രവർത്തിക്കാനും കഴിയുക. മനുഷ്യ ഹൃദയങ്ങളുടെ ഐക്യം ആണ് പുരോഗതിയുടെ മന്ത്രം. അവിടെ ഹൃദയം ഹൃദയത്തോട് സംസാരിക്കുന്നു (cor ard cor loquitur).[7] ഇവിടെ മനുഷ്യന്റെ സ്വപ്നങ്ങൾ പൂവണിയുന്നു. ഒരു തരത്തിൽ ജനക്ഷേമ പ്രവർത്തനങ്ങളിലൂടെ പാവപ്പെട്ടവരുടെ ജീവിത സാഹചര്യം മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം കൂടിവരുന്ന ഈ സാഹചര്യത്തിൽ പിതാവിന്റെ മാതൃക രണ്ടാമതൊന്നില്ലാതെ തുടരുകയല്ലേ? പ്രശ്നത്തിലും പ്രയാസത്തിലും കഴിയുന്ന സമൂഹത്തിലോ കൂട്ടായ്മയിലെത്തി മതത്തിനും ചിന്തകൾക്കുമതീതമായി താൻ അഭ്യസിച്ചു വളർന്ന ആദ്ധ്യാത്മികതയുടെ ബഹിർസ്ഫുരണം എന്നപോലെ മനുഷ്യ ഹൃദയത്തിന്റെ ഒരുമയാണ് പുരോഗതിയുടേയും അഖണ്ഡതയുടേയും രഹസ്യം എന്ന് അദ്ദേഹം പഠിപ്പിച്ചു. മാനവമൈത്രിയിലൂടെ സമൂഹത്തിൽ വളർച്ചയുണ്ടാകുമെന്നും അതിന്റെ നേട്ടങ്ങൾ ദരിദ്രരും, സമ്പന്നരും ഒരുപോലെ പങ്കിടുമെന്നും അദ്ദേഹം കാട്ടിത്തന്നു. വർഗ്ഗീയത, മതാന്ധത തുടങ്ങിയ പ്രവർത്തികൾ അന്തഛിദ്രം സൃഷ്ടിക്കുമെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. കലാപങ്ങളിൽ ഒരു ശാന്തിദൂതനായി കടന്നെത്തി സമാധാനത്തിനു തിരിതെളിച്ചു. ദേശത്തേയും രാജ്യത്തേയും ഒരുപക്ഷേ കത്തിച്ചു ചാമ്പലാക്കുവാൻ കഴിവുള്ള വർഗ്ഗീയ കലാപത്തിന്റെ രോഷാഗ്നി ബുദ്ധിപൂർവ്വവും, സുസാദ്ധ്യവുമായ ഒരു നീക്കത്തിലൂടെ ഏവരേയും അതിശയിപ്പിക്കുമാറ് നിർവ്വീര്യമാക്കുവാനും തല്ലിക്കെടുത്താനും അദ്ദേഹത്തിനു കഴിഞ്ഞു എന്നത് ഇന്നും അനേകം മനുഷ്യർ ഓർക്കുന്നു.[8] ഓരോ മനുഷ്യരും 'അദ്ദേഹത്തിന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവുമാണെന്നുള്ള'[9] ചിന്ത അദ്ദേഹത്തെ ഭരിച്ചത്. അങ്ങനെ ശാന്തിയാത്രകൾ മാനവമൈത്രി പ്രഘോഷിക്കുന്ന വേദികൾ ആയിത്തീർന്നു.

**അന്ത്യോദയം സർവോദയം**

സമൂഹത്തിൽ ധാർമികബോധമുള്ള തലമുറയെ വാർത്തെടുക്കുവാൻ കഠിനാദ്ധ്വാനം ആവശ്യമാണ്. വിദ്യാഭ്യാസ ശുശ്രൂഷയിലൂടെ അതിനു സാധിക്കും എന്നു പിതാവിനറിയാമായിരുന്നു. നല്ല വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിലെ താഴത്തെ തട്ടിലുള്ളവർക്കും, വിദ്യാഭ്യാസം പ്രാപ്യമാണെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. ആ ദർശനമാണ് അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതിനദ്ദേഹത്തെ പ്രേരിപ്പിച്ചത്.

തിരുവനന്തപുരത്തു തലയുയർത്തി നിൽക്കുന്ന സർവോദയ വിദ്യാലയം ഇതിനൊരുദാഹരണം മാത്രം. സർവ്വരും അവസാനത്തിൽ വിദ്യയുടെ പ്രഭാവലയത്തിൽ നിറയും എന്ന ഗാന്ധിജിയുടെ തത്വം അക്ഷരാർത്ഥത്തിൽ അദ്ദേഹം പ്രാവർത്തികമാക്കുകയായിരുന്നു. ശരിയായ വിദ്യാഭ്യാസത്തിന്റെ തത്വങ്ങൾ കൃത്യമായി അദ്ദേഹം പകർന്നു നൽകി. വിദ്യ അഭ്യസിക്കുന്നവർക്കും അഭ്യസിക്കുവാൻ പരിശീലിക്കുന്നവർക്കും വേണ്ടിയുള്ള കലാലയങ്ങൾ അവിടുന്നു പണി കഴിപ്പിച്ചു. ഭാരതത്തിന്റെ ആത്മാവ് അവികസിത ഗ്രാമങ്ങളാണ് വസിക്കുന്നതെന്നു മനസ്സിലാക്കിയ അദ്ദേഹം ഗ്രാമപ്രദേശങ്ങൾ വിദ്യാഭ്യാസശുശ്രൂഷയ്ക്കായി തിരഞ്ഞെടുത്തു. അഞ്ചലും തമിഴ്നാട്ടിലെ പാഡിയും ഒക്കെ ഇതിനുദാഹരണങ്ങളാണ്. വിദ്യാഭ്യാസത്തിലൂടെ സ്വന്തം കാലിൽ നിൽക്കാൻ അദ്ദേഹം മനുഷ്യരെ സന്നദ്ധരാക്കി.

**സാമൂഹ്യപുരോഗതിയുടെ വിവിധ മാനങ്ങൾ**

ലോകമുള്ള കാലത്തോളം നിലനിൽക്കേണ്ടതാണ് സാംസ്കാരിക പൈതൃകം എന്ന് പണ്ഡിതമതം. 'ദീർഘവീക്ഷണമുള്ളവർക്ക് ആണ്ടുകളെപ്പറ്റിയും നൂറ്റാണ്ടുകളെപ്പറ്റിയും സഹസ്രാബ്ദങ്ങളെപ്പറ്റിയും യുഗങ്ങളെപ്പറ്റിയും ചിന്തിക്കാൻ കഴിയും. അത്തരം മനുഷ്യർ കാലങ്ങളെ വിശകലനം ചെയ്ത് സാമൂഹിക ചുറ്റുപാടുകളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും പുനരുദ്ധരിക്കാനോ പുനർനിർമ്മിക്കാനോ ശ്രമിക്കും.[10] തിരുമേനി അത്തരത്തിലുള്ള ആളായിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിലെ നാഴികക്കല്ലുകൾ ഇരുപതാം നൂറ്റാണ്ടിന്റെ മാത്രമല്ല വരുന്ന നൂറ്റാണ്ടിലെതന്നെ വഴിത്തിരിവുകളാണ്. സമൂഹനന്മ ലക്ഷ്യമാക്കി പിതാവു ചെയ്തതെല്ലാം ഈ കാലത്തിലും പ്രാധാന്യമർഹിക്കുന്നവയാണ്. 'ഹെൽത്ത് ഫോർ മില്യൺ' പരിപാടിയോടു ചേർന്നുള്ള ജീവകാരുണ്യപ്രവർത്തനങ്ങൾ, തൊഴിലില്ലായ്മയും പാർപ്പിടമില്ലായ്മയും പരിഹാരവും, കൃഷിരീതികൾ മുതലായവ അവയിൽ ചിലതു മാത്രം. ജൈവകൃഷിയുടെ ഒരു വക്താവായിരുന്നു അദ്ദേഹം. പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയും അതിനുള്ള പദ്ധതികളും അദ്ദേഹത്തിന്റെ കർമവീഥിയിൽ തളിരിട്ടു. ഏതൊരു മനുഷ്യരിലുമുള്ള ദൈവത്വത്തെ ആദരിക്കാനുള്ള ആഹ്വാനം ആയിരുന്നു അവിടുത്തെ പദ്ധതികൾ. ആ ദർശനങ്ങൾ മനുഷ്യന്റെ അന്തസിനെ ഉദ്ഘോഷിക്കുന്നതായിരുന്നു. ഇതിനപ്പുറമുള്ളതിനെ പിതാവ് ഒഴിവാക്കി. ഈ ദർശനങ്ങൾ ഇന്നും അനേകരെ പ്രചോദിപ്പിക്കുന്നു.

**അഭിവന്ദ്യ പിതാവിന്റെ ദൈവശാസ്ത്ര ദർശനം**

'മലങ്കര കത്തോലിക്കാസഭ ശൂന്യതയിൽ നിന്ന് ഉയിർകൊണ്ട് ഒരു മഹാത്ഭുതമാണെന്ന് നാമെത്ര തവണ കൃതജ്ഞതാനിർഭരമായി അനുസ്മരിച്ചിട്ടുണ്ട്.'[11] ബാലാരിഷ്ടതകളിൽ കുടുങ്ങിയ സഭയെ ദൈവശാസ്ത്രപരമായ അടിത്തറപാകി ആദ്ധ്യാത്മികത കൊണ്ടു നിറച്ച് വിശുദ്ധീകരിച്ച് നയിക്കുന്നതിന് പിതാവ് നിയോഗിക്കപ്പെട്ട നിമിഷം മുതൽ വിശ്രമമെന്യേ പരിശ്രമിച്ചതിന്റെ ഫലമാണ് നാം ഇന്നുകാണുന്ന സഭ. 'സ്വഭാവത്താലേ സഭ മിഷനറിയാണ്'[12] എന്ന് പിതാവ് മനസ്സിലാക്കിയിരുന്നു. അരണ്ട സന്ധ്യാവെളിച്ചത്തിൽനിന്ന് ഒരു പാതിരാവിന്റെ വറുതിയിലേക്ക് അടിവച്ചുനീങ്ങുന്ന നമ്മുടെ കാലത്തിനും സഭയ്ക്കും അദ്ദേഹം നിരന്തരമായി ദർശനങ്ങൾ നിറസാന്നിദ്ധ്യമായി സമ്മാനിക്കുന്നു ഭൗതികമായി നമ്മോടൊപ്പമില്ലെങ്കിൽപ്പോലും. തന്നെ ഏൽപ്പിച്ച താലന്തുകൾ ആത്മീയപുരോഗതിയിലേക്കും അതുവഴി സർവോന്മുഖമായ പുരോഗതിയിലേക്ക് നയിക്കത്തക്ക ദൈവശാസ്ത്ര ദർശനങ്ങളാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. ആദർശനസാഗരത്തിൽ നിന്ന് ഒരൽപ്പം കൈക്കുമ്പിളിൽ എടുക്കാൻ ശ്രമിക്കട്ടെ.

**സ്നേഹം മമ ദീപം**

പിതാവായ ദൈവം സ്നേഹത്തിന്റെ നിറകുടമാണെന്ന് ലോകത്തിനു വെളിപ്പെടുത്തിയത് പുത്രനായ ദൈവമാണ്. പുത്രനെ അനുഭവിച്ച ജനസഹസ്രം ഒരുമിച്ച് പറഞ്ഞു, 'ദൈവം സ്നേഹമാകുന്നു'[13] ആ സ്നേഹം അനുഭവിച്ച തിരുമേനി സ്നേഹമാണ് തന്റെ ദീപം എന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് സ്നേഹത്തിന്റെ മുത്തുകൾ വാരി വിതറി. സ്നേഹം പ്രവർത്തി പഥത്തിൽ കൊണ്ടുവന്ന് പൂർണ്ണതയിലെത്താനുള്ള ശ്രമമാണ്[14] ക്രിസ്തീയ ജീവിതം എന്ന് മനസ്സിലാക്കി അത് അനുനിമിഷം പ്രാവർത്തികമാക്കി. സ്നേഹം മൂലം ദാസനായി ശുശ്രൂഷിക്കപ്പെടാനല്ലാതെ ശുശ്രൂഷിക്കുവാൻ[15] സ്നേഹത്തെ ആയുധമാക്കി ഒരു ദൈവശാസ്ത്ര ദർശനം അവിടുന്ന് രൂപപ്പെടുത്തി.

**വിശ്വാസവും സുവിശേഷപ്രഘോഷണവും**

മാർ ഈവാനിയോസ് തിരുമേനി ഏൽപ്പിച്ചുകൊടുത്ത ചെറിയ സമൂഹത്തെ വിശ്വാസ ദൃഢതയിൽ വളർത്തുന്നതിനും, സഭയുടെ വളർച്ച സുവിശേഷപ്രഘോഷണത്തിലൂടെ സാദ്ധ്യമാകും എന്ന് വിശ്വസിച്ച് അതിനുവേണ്ടി അക്ഷീണം പ്രവർത്തിക്കുകയായിരുന്നു തിരുമേനി. ഈ ചെറിയ സമൂഹം ഛിന്നഭിന്നമായിപ്പോകാതെ 'ഏകവും വിശുദ്ധവും കാതോലികവും അപ്പസ്തോലികവുമായ[16] സഭയിൽ 'നിഷ്കളങ്കവും അന്യൂനവുമായ സത്യവിശ്വാസത്തെ കാത്തുപരിപാലിച്ച വിശുദ്ധ പിതാക്കന്മാരോട് ചേർന്ന്[17] വിശ്വാസത്തി ന്റെയും സുവിശേഷത്തിന്റെയും പ്രഘോഷണത്തിലൂടെ ദൃഢതയാർജ്ജിച്ച സമൂഹമാക്കി പിതാവ് വളർത്തി. വിശാലമായ ഒരു സഭാദർശനത്തിന്റെ പ്രത്യേകതയാണത്. സഭാസ്ഥാപനങ്ങൾ ഇതിനുള്ള വേദികളായി മാറി. 'പല കാര്യങ്ങളെപ്പറ്റി വിഭിന്ന അഭിപ്രായങ്ങളും അതിന്റെ അടിസ്ഥാനത്തിൽ ചേരികളും സമിതികളും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ വിവിധ ഭാഗങ്ങളിൽ നിന്ന് സഭയിലെത്തിയവർക്ക്...[18] ആദിമസഭയുടെ പ്രേഷിതചൈതന്യം[19] പ്രദാനം ചെയ്തത് തിരുമേനിയാണ്.

**മിശിഹായുടെ രക്ഷണകൃത്യം തുടരുന്ന സഭ**

'സഭ മിശിഹായുടെ ശരീരമാണ്.[20] തന്റെ ജീവിതത്തിൽ സായത്തമാക്കിയ ദർശനങ്ങൾ അദ്ദേഹം സഭയിൽ പകർന്നു നൽകി. മിശിഹായുടെ രക്ഷണകൃത്യം സഭയിലൂടെ തുടരുന്നു എന്നു പഠിപ്പിക്കുകവഴി അനേകർ സഭയെ സ്നേഹിക്കുകയും, സഭയിലൂടെ സാദ്ധ്യമാകുന്ന കൗദാശിക രക്ഷ സ്വീകരിക്കുകയും ചെയ്തു. ക്രമേണ 'സഭ ദൈവജനത്തിന്റെ കൂട്ടായ്മയായി'[21] മാറുകയായിരുന്നു. സഭയിൽ വ്യത്യസ്ത ശുശ്രൂഷകൾ നിർവഹിക്കുന്നതിനു നിയോഗിക്കപ്പെട്ടവർക്ക് മനസ്സിലാകുന്ന വിധത്തിൽ ആശയങ്ങൾ പിതാവ് അവതരിപ്പിച്ചു. വൈദികരോടും, വിശ്വാസിഗണത്തോടുമുള്ള തന്റെ സമീപനം പോലും മിശിഹായുടെ കരുണയും രക്ഷയും അനുഭവവേദ്യമാകുന്ന രീതിയിലായിരുന്നു. അദ്ദേഹം ശ്രേഷ്ഠാചാര്യനായതുമുതൽ ഇത് നമുക്ക് മനസ്സിലാക്കാൻ കഴിയും.[22] വിളി ഏതുതന്നെ ആയിരുന്നാലും അതിന്റെ ഉത്തരവാദിത്വത്തെ മനസ്സിലാക്കി ജീവിക്കുന്നതിനുതകുന്ന പാഠങ്ങൾ പിതാവിന്റെ കൈവശം ഉണ്ടായിരുന്നു. വൈദിക പരിശീലനത്തിനുവേണ്ടി ഉണ്ടാക്കിയ മേജർ സെമിനാരി ഇന്നു വൈദിക വിദ്യാർത്ഥികൾക്കു മാത്രമല്ല സാധാരണ മനുഷ്യർക്കും ദൈവശാസ്ത്ര ദർശനങ്ങൾ പകർന്നു നൽകുന്ന വേദിയായി മാറിയിരിക്കുന്നു. സഭയുടെ ഭൗതികമായ തുടർച്ച വിവാഹബന്ധത്തിലാണെന്നും അതിന്റെ കെട്ടുറപ്പ് കുടുംബത്തിലുള്ള ആത്മീയതയാണെന്നും പിതാവ് പഠിപ്പിച്ചു.[23] കുടുംബങ്ങൾ 'ഗാർഹിക സഭയായി'[24] മാറുകയായിരുന്നു. പിതാവിന്റെ

ഈദൃശദർശനങ്ങളെപ്പറ്റിയുള്ള ഡോ.എബ്രഹാം കോശിയുടെ വിവരണം ലേഖകനെ മാത്രമല്ല സഭയെ മുഴുവനായും ഇന്നും പ്രചോദിപ്പിക്കുന്നു.[25]

**പ്രകൃതിജന്യമായ ആത്മീയത**

പ്രകൃതിയെ മനോഹരമാക്കിയിരിക്കുന്നത് ദൈവത്തിന്റെ കരവേലയാണ് എന്ന് ഓരോ നിമിഷവും പിതാവ് ഓർത്തിരുന്നു. ദൈവത്തിന്റെ നന്മയും സൗന്ദര്യവും സൃഷ്ടിയിൽ പ്രതിഫലിക്കുമ്പോഴാണ് അവയിൽ നന്മയും സൗന്ദര്യവും നിറഞ്ഞുനിൽക്കുന്നത് എന്ന് അദ്ദേഹം ഉദ്ഘോഷിച്ചു.[26] പ്രകൃതി സംരക്ഷണവും വനവൽക്കരണവും ജൈവകൃഷിയുമൊക്കെ പ്രകൃതിയെ സ്നേഹിക്കുന്നതുവഴി നാം സ്രഷ്ടാവിലേക്ക് യാത്ര ചെയ്യുകയാണ്. പ്രകൃതിയെ സംരക്ഷിക്കുന്നത് ഒരു ദിവ്യകടമയായി അവിടുന്ന് കണക്കാക്കി. ആ പ്രകൃതിയിൽ ജീവിക്കുമ്പോൾ നാം ഏവരും സമന്മാരാണെന്ന ചിന്ത ആ മനസിനെ ഭരിച്ചു. അത് മതസൗഹാർദ്ദത്തിന്റെ തിരിനാളമായി. സഭാഭിന്നതകൾപ്പോലും ഇവിടെ മനസിനെ നോവിക്കുന്ന തേങ്ങലുകൾ സമ്മാനിച്ചിരുന്നിരിക്കണം. ഒരു സ്രഷ്ടാവും അവിടുത്തെ സൃഷ്ടിയും ഉള്ളപ്പോൾ അവർ തമ്മിൽ എങ്ങനെ ഭിന്നതകൾ ഉടലെടുക്കും. കർത്താവിന്റെ ശരീരമായ സഭ അവിഭക്തമാകുമ്പോഴാണ് സ്രഷ്ടാവിനെ പ്രതിഫലിപ്പിക്കാനും മനസ്സിലാക്കാനും കഴിയുക എന്നദ്ദേഹം മനസ്സിലാക്കി. അതിനാൽ കടുത്ത മതസൗഹാർദ്ദത്തിന്റേയും എക്യുമെനിസത്തിന്റെയും വക്താവായി അദ്ദേഹം മാറി.

**ശ്രേഷ്ഠഇടയൻ മറ്റൊരു ക്രിസ്തുവായി**

സ്നേഹത്തിന്റെ കനകരശ്മി പരത്തിയ തിരുമേനിക്ക് പൗരോഹിത്യം ശുശ്രൂഷയുടെ വിളിയാണ്. പൗരോഹിത്യ ധർമ്മത്തിന്റെ മാനങ്ങൾ ഇവിടെ തെളിഞ്ഞത് കടുത്ത സന്ന്യാസനിഷ്ഠയിലൂടെയും പുണ്യാഭ്യാസനത്തിലൂടെയുമാണ്. യേശുതമ്പുരാൻ അഭ്യസിച്ച അനുസരണം, എളിമ, വിശ്വസ്തത ഇവ തെല്ലും സംശയം കൂടാതെ തന്റെ ജീവിതത്തിൽ അദ്ദേഹം പകർത്തിവച്ചു. അത് മറ്റുള്ളവർക്ക് മാതൃകയായി. അദ്ദേഹത്തിന്റെ ജീവിതം കണ്ടവർക്ക് ഈ ദർശനങ്ങളിൽ ജീവിക്കാൻ പ്രേരണ ഉണ്ടായതിൽ ഒട്ടും അതിശയോക്തിയില്ല. പ്രാർത്ഥനയിൽ ശക്തിപ്പെട്ട് മറ്റുള്ളവരെ പ്രാർത്ഥിക്കുന്ന മനുഷ്യരാക്കി പൊതുനിരത്തുകളിൽക്കൂടി അദ്ദേഹം നടന്നുപോയപ്പോൾ അവിടെ നിന്നിരുന്നവർ പറഞ്ഞു 'ക്രിസ്തു നടന്നുപോകുന്നു' എന്ന്.

**ഉപസംഹാരം**

പ്രവർത്തിച്ച ഏതു രംഗങ്ങളിലും തന്റെ തനതായ വ്യക്തിമുദ്ര പതിപ്പിച്ച ആളായിരുന്നു അഭിവന്ദ്യ പിതാവ്. ആത്മീയതേജസ്സ് പൊഴിക്കുന്ന ആ മുഖവും അദ്ദേഹത്തിൽ നിന്നനുഭവിച്ച സ്നേഹവാത്സല്യങ്ങളും അനുഭവവേദ്യർക്ക് മറക്കാവുന്നതല്ല. അന്ധകാരാവൃതമായ പൂമുഖത്ത് പ്രത്യാശയുടെ ചിരാത് കൊളുത്തുവാൻ സഹായിച്ചവരെയാണ് ലോകം മഹാന്മാർ എന്നു വിളിക്കുക. വ്യാപകമായി ചിന്തിച്ചാൽ അദ്ദേഹം നൽകിയ ദർശനങ്ങൾ പലർക്കും പ്രചോദനമായിത്തീരുന്നില്ലേ ഇപ്പോഴും? അലയടിച്ചുയരുന്ന ഒരു മഹാസാഗരംപോലെ വിസ്തൃതമാണ് ആ ദർശനങ്ങളുടെ ആഴവും പെരുമയും. അതിൽനിന്ന് ഒരു കൈക്കുമ്പിൾ നിറയെ ചിലതുമാത്രം കോരിയെടുക്കാനാണ് ശ്രമിച്ചത്. തികച്ചും സാഹസികവും അപ്രാപ്യവുമാണ് അത് എന്ന ബലഹീനമായ ലേഖകന്റെ ചിന്ത, ഈ ദർശനങ്ങൾ നൽകുന്ന പ്രത്യാശ ഒട്ടും ചെറുതല്ല എന്ന തിരിച്ചറിവിൽ സന്തോഷിക്കുന്നു. ഒരു ആത്മശോധനയോടെ നിർത്തട്ടെ. ഈ ദർശനസാഗരത്തിന്റെ ഊഷ്മളതയിൽ കുറേ നേരമെങ്കിലും ധ്യാനിച്ചിരിക്കുവാൻ

ശ്രമിച്ച ഞാൻ അതിന്റെ നന്മകളിൽ ഒരംശമെങ്കിലും സ്വാംശീകരിക്കുവാൻ പ്രയത്നിച്ചുവോ എന്ന ചിന്ത എന്നെ അലട്ടുന്നുണ്ട്. ഇല്ലെന്നതാണ് എന്റെ ദുഃഖം. ബലഹീനരോട് ദൈവം പൊറുക്കട്ടെ, അഭിവന്ദ്യ പിതാവിന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

---

1. മത്തായി 24:25
2. മാർ ഈവാനിയോസ് മെത്രാപ്പോലീത്താ, ഗിരിദീപം, കോട്ടയം: ബഥനി പബ്ലിക്കേഷൻസ്, 2010, പേജ് 23
3. എബ്രഹാം, പീറ്റർ, സി. ബനഡിക്ട് മാർ ഗ്രിഗോറിയോസ്: ജനതകളുടെ വെളിച്ചം. കോട്ടയം: കറണ്ട് ബുക്സ്, 2004, പേജ് 15.
4. രവീന്ദ്രനാഥ് ടാഗോർ, ഗീതാഞ്ജലി
5. ജന്മശതാബ്ദിയോടനുബന്ധിച്ചുള്ള ബാവാ തിരുമേനിയുടെ ഇടയലേഖനം കാണുക.
6. കടകംപള്ളിൽ, ഫാ.മാത്യു, "പടവുകൾ കയറി മലങ്കര സോഷ്യൽ സർവീസ് സൊസൈറ്റി" കവർ സ്റ്റോറി: ക്രൈസ്തവകാഹളം, വാല്യം 63, നമ്പർ 11, പേജ് 26-27, അഭി.പിതാവിന്റെ കർമ്മപദ്ധതികളുടെ വിവരണം ലേഖനത്തിൽ നൽകിയിട്ടുണ്ട്. സ്ഥലപരിമിതികാരണം ചേർക്കാൻ സാധിക്കാത്തതിൽ ഖേദിക്കുന്നു.
7. L'osservartore Romano, March 23/2013-news on "first meeting of Pope Francis with Pope Benedict XVI"
8. Refer news. catholicate.net; 'Pranamam 2015'
9. എബ്രഹാം, പീറ്റർ, സി.ബനഡിക്ട് മാർ ഗ്രീഗോറിയോസ്: ജനതകളുടെ വെളിച്ചം, പേജ് 314
10. ജേക്കബ്, അലക്സാണ്ടർ, "സാമൂഹിക പരിഷ്കർത്താവ്" ധന്യജീവിതം, 157
11. തട്ടാരുണ്ടിൽ, ഫാ.വിൽസൺ, 'ആമുഖം'-ദർശനം, പേജ് 7
12. Ad gentes, 2.
13. 1 John 4/8
14. Mathew 22/37ff
15. Mathew 20/28
16. See Nicence-Constantinople Creed
17. See great intercession of Holy Eucharist, Canon 5
18. എബ്രഹാം, ഡോ.കോശി, "ആർച്ച് ബിഷപ്പ് തിരുമേനിയുടെ സഭാരംഗത്തുള്ള സേവനങ്ങൾ" പേജ് 5
19. Acts 2/42, 4/3ff
20. Lumen Gentium, 39-42
21. Lumen Gentium, Chapter 2
22. ഞായല്ലൂർ, ഫാ.ജേക്കബ്, 'ആർച്ച്ബിഷപ്പ് മാർ ഗ്രിഗോറിയോസ്'-ഇടയലേഖനങ്ങൾ കാണുക, പേജ് 159-182
23. പിതാവിന്റെ സന്ദേശം - 'കുടുംബഭദ്രത ഇന്നിന്റെ ആവശ്യം. 'കാഹളം, വാല്യം 6, നമ്പർ 6, ജൂൺ 1993, പേജ് 3.
24. Lumen Gentium, 11
25. ഏബ്രഹാം, ഡോ.കോശി, 'ആർച്ച് ബിഷപ്പ് തിരുമേനിയുടെ സഭാരംഗത്തുള്ള സേവനങ്ങൾ, പേജ് 5-7)
26. പിതാവിന്റെ സന്ദേശം - കാഹളം, വാല്യം 6, നമ്പർ 7, ജൂൺ 1993, പേജ് 2.

# ഓർമ്മയുടെ ചിറകുകൾ

ബ്രദർ അലൻ വർക്കി, നോവിഷ്യേറ്റ്

മഞ്ഞുതുള്ളികളുടെ നേർത്ത കണങ്ങളെ തുടച്ചുമാറ്റിക്കൊണ്ട് കിഴക്കേ ചക്രവാളത്തിൽ നിന്ന് സൂര്യൻ തന്റെ യാത്ര ആരംഭിച്ചിരിക്കുന്നു. കിളികളും മനുഷ്യരും ഒന്നുപോലെ ഉണർന്നു വരുന്ന നിമിഷങ്ങൾ. ഉദയസൂര്യന്റെ പ്രഭയേറ്റുവാങ്ങി സ്വർണപ്രകാശത്തിൽ മുങ്ങി നിൽക്കുന്ന മലയുടെ താഴ്‌വാരം. ഈ താഴ്‌വാരം ജറുസലേം പട്ടണത്തോടു ചേർന്ന് സ്ഥിതി ചെയ്യുന്നതാണ്. ഇത് കർഷകരുടെ മാത്രം ഒരു ഗ്രാമമാണ്. വലുതും ചെറുതുമായ ഒട്ടനവധി കർഷക കുടുംബങ്ങൾ പാർക്കുന്ന സുന്ദരമായ ഗ്രാമം. ഈ ഗ്രാമത്തിലെ ഒരു ഭവനമാണ് സ്കറിയാത്തോ ഭവനം. പ്രശസ്തമായ രീതിയിൽ കർഷകർ എന്ന് പേരെടുത്ത ഒരു കുടുംബം. ഈ കുടുംബത്തിലെ മൂത്ത ആൺതരിയാണ് യൂദാസ്കറിയോത്താ. വലിയ കർഷകനാകുക എന്ന ലക്ഷ്യത്തോടെ മണ്ണിനോട് അനുദിനം ഇടപഴകുന്ന ഒരു ചെറുപ്പക്കാരൻ. സ്കറിയാത്തോ കുടുംബത്തിന്റെ നായികയായ മരിയാ സ്കറിയാത്തോയുടെ ശബ്ദത്താലാണ് എന്നും ആ ഭവനം ഉണരുക. “സ്കറിയാത്തോ, എടാ, യൂദാസ്കറിയാത്തോ ഒന്ന് എണീറ്റുവാ, നിനക്ക് ഇന്ന് പട്ടണത്തിൽ പോവണ്ടേ. ദേ വണ്ടിക്കാരൻ പോലും വന്നു. എണീക്കെടാ” എന്ന നീട്ടിയുള്ള ആ ശബ്ദം കേട്ടാണ് യൂദാസ് എഴുന്നേറ്റത്. മടിയോടു കൂടിയാണെങ്കിലും യൂദാസ് എഴുന്നേറ്റ് പ്രഭാതകൃത്യങ്ങൾ നടത്തി പട്ടണത്തിലേക്ക് പോവാൻ തയ്യാറായിക്കൊണ്ടിരുന്നു. മരിയ സ്കറിയാത്തോയുടെ ശബ്ദം വീണ്ടും ആ വീട്ടിൽ ഒരു തരംഗം സൃഷ്ടിച്ചു. “ഭക്ഷണം കഴിച്ചിട്ടു വേണം കേട്ടോ പോവാൻ” എന്ന അമ്മ മനസിന്റെ സന്ദേശം യൂദാസിന്റെ ചെവിയിൽ എത്തി. ‘ആ....’ എന്ന നീട്ടിയുള്ള മറുപടിയിൽ യൂദാസ് ഉത്തരവും നൽകി. മാതൃവാത്സല്യം ആവോളം നിറഞ്ഞ പ്രഭാതഭക്ഷണം കഴിച്ച് മുറ്റത്തു തന്നെ കൊണ്ടുപോകാൻവന്ന വണ്ടിക്കാരന്റെ അരികിലേക്ക് യൂദാസ് നീങ്ങി.

മുഖത്ത് നിറഞ്ഞ പുഞ്ചിരിയുമായി യൂദാസ് വണ്ടിക്കാരന് അഭിവാദ്യം സമർപ്പിച്ചു. വണ്ടിക്കാരന്റെ മുഖത്ത് ഒരു അമർഷഭാവം ഉണ്ടെങ്കിലും അത് പ്രകടിപ്പിക്കാതെ വണ്ടിക്കാരനും ഒരു പുഞ്ചിരി നേർന്നു. യൂദാസ് വണ്ടിയിൽ കയറി ജെറുസലേം പട്ടണത്തിലേക്ക് യാത്ര തിരിച്ചു. വണ്ടിയുടെ പുറകിലാണെങ്കിലും വഴിയിലെ കുഴികളുടെ ആഴം മനസിലാക്കാൻ സാധിക്കുന്നുണ്ട്. ഗ്രാമത്തിൽ നിന്ന് പട്ടണകവാടം വരെയുള്ള പാതകൾ ഇങ്ങനെയാണ്. എന്നാൽ പട്ടണ കവാടം മുതൽ കല്ലുപാകിയ നല്ല പാതയാണ്. “പട്ടണത്തിൽ ഏതു കടയിലാ പോകുന്നത്” എന്ന വണ്ടിക്കാരന്റെ ചോദ്യമാണ് യൂദാസിനെ വീണ്ടും ചിന്തകളിൽ നിന്നു മാറ്റിയത്. “ഞാൻ പോകുന്നത് ക്ലീറ്റസിന്റെ കടയിലേക്കാണ്.” ക്ലീറ്റസിന്റെ കട പട്ടണത്തിലെ വലിയൊരു കടയാണ്. നിറയെ വൃക്ഷത്തൈകളും ചെടികളും വളങ്ങളും മറ്റ് കൃഷിപണിയായുധങ്ങളും ലഭിക്കുന്ന കട. പക്ഷേ വില അല്പം കൂടുതലാണ്. എന്നാലും കുഴപ്പമില്ല. നല്ല സാധനങ്ങൾ കിട്ടും. ഒത്തിരി ദൂരെയല്ലാതെ പട്ടണ കവാടം ദൃഷ്ടിയിലേക്ക് അടുത്തു വരുന്നത് യൂദാസ് കാണുന്നുണ്ടായിരുന്നു. അധികം സമയം ഇനി വേണ്ട കൂടിവന്നാൽ ഏതാനും നിമിഷങ്ങൾ മാത്രം മതി. പട്ടണ കവാടത്തിൽ എത്തിയ നിമിഷം മുതൽ വണ്ടി പതിയെയാണ് നീങ്ങുന്നത്.

ഇന്ന് പതിവിലും കൂടുതൽ തിരക്കാണ് പട്ടണ പാതയിൽ. “എന്താ ഇന്ന് ഇത്രയും തിരക്ക്” യൂദാസ് വണ്ടിക്കാരനോട് ചോദിച്ചു, “ഞാൻ അങ്ങോട്ട് വന്നപ്പോഴും ഇവിടെ ആളുകൾ കൂടിട്ടുണ്ടായിരുന്നു. ആരൊക്കെയോ പറയുന്ന കേട്ടിരുന്നു, യേശു വരുന്നുണ്ട് എന്ന്. നസ്രായനായ യേശു. വലിയ അത്ഭുതങ്ങളൊക്കെ ചെയ്യുന്ന വ്യക്തിയാണെന്നൊക്കെ കേൾക്കുന്നുണ്ട്.”

നസ്രായനായ യേശുവോ, അത്ഭുത പ്രവർത്തകനോ, ആരാണാവോ ആ അവതാരം? യൂദാസ് മനസിൽ പറഞ്ഞു നിർത്തി. എന്തായാലും ഇന്ന് നല്ല തിരക്കുണ്ട്. വണ്ടി കടയുടെ മുമ്പിൽ ചെന്ന് നിന്നപ്പോഴാണ് യൂദാസ് വീണ്ടും വർത്തമാന കാലത്തിലേക്ക് വന്നത്. ആവശ്യമുള്ള സാധനങ്ങൾ എല്ലാം വാങ്ങി പുറത്തിറങ്ങിയപ്പോഴാണ് ക്ലീറ്റസ് ഒരു ഓർമ്മപ്പെടുത്തലുമായി വന്നത്, "പണം ഇനിയും തരാനുണ്ട്. കുറച്ചു ദിവസം കഴിഞ്ഞ് തരാം" എന്ന് യൂദാസ് വിനീത ഭാവത്തിൽ പറഞ്ഞു. സാധനങ്ങൾ വണ്ടിയിൽ കയറ്റി തിരികെ വീട്ടിലേക്ക് പുറപ്പെട്ടപ്പോഴാണ് വണ്ടിയുടെ സമീപത്തുകൂടി ഒരു സൗമ്യനായ ചെറുപ്പക്കാരൻ നടന്നു നീങ്ങുന്നത് യൂദാസ് ശ്രദ്ധിച്ചത്. അവനു പിറകെ ജനങ്ങൾ 'യേശു, യേശു' എന്ന് പറഞ്ഞ് നടക്കുന്നതും യൂദാസ് കണ്ടു. എന്തായാലും ആ മുഖത്ത് ഒരു പ്രഭയുണ്ട്. അസാധാരണമായ ഒരു പ്രഭ.

ഉറുമ്പിന്റെ പുറത്താണോ താൻ യാത്ര ചെയ്യുന്നതെന്ന് യൂദാസിന് തോന്നി തുടങ്ങിയിരുന്നു. കാരണം വണ്ടി അത്രയ്ക്ക് പതുക്കെയാണ് നീങ്ങിക്കൊണ്ടിരുന്നത്. അത്രമാത്രം ജനങ്ങൾ ആ പട്ടണ പാതയോരങ്ങളിൽ നിറഞ്ഞിരുന്നു. എങ്ങനെയോ വീട്ടിലെത്തി സാധനങ്ങൾ വണ്ടിയിൽ നിന്ന് വീടിന്റെ മുറ്റത്ത് വച്ചതിനുശേഷം വണ്ടിക്കാരന് കൂലി നൽകി യൂദാസ് വീട്ടിലേക്ക് പ്രവേശിച്ചു. യൂദാസ് നീ എന്തേ ഇത്രയും വൈകിയത് എന്ന ചോദ്യത്തോടെയുള്ള മരിയയുടെ നോട്ടത്തിന് യൂദാസ് മറുപടി നൽകി, "വഴിയോരത്തും പട്ടണത്തിലും നല്ല തിരക്കായിരുന്നു. യേശു എന്ന ഒരുവൻ പട്ടണത്തിലേക്ക് വന്നിട്ടുണ്ട്." മരിയയുടെ മിഴികളിൽ ഒരു തിളക്കം യൂദാസ് കണ്ടു. അവൾ പറഞ്ഞു, "ഇന്ന് ഞാനും യേശുവിനെ കണ്ടിരുന്നു, പാതയോരത്ത്. ഒരു സുന്ദരനായ ചെറുപ്പക്കാരൻ." "അമ്മേ, കഴിക്കാൻ വല്ലതും താ" യൂദാസ് അമ്മയെ വിളിച്ചു. നല്ല വിശപ്പ് സമയം ഒത്തിരി വൈകി. മരിയ യൂദാസിനുള്ള ഭക്ഷണം ഒരുക്കാൻ വേണ്ടി അകത്തേക്ക് പോയി.

ഭക്ഷണവും ഉച്ചയുറക്കവും കഴിഞ്ഞ് വെയിൽതാണ സമയത്ത് യൂദാസ് തന്റെ കൃഷിയിടങ്ങളിലൂടെ ഒരു പരിശോധന നടത്തി തിരികെ വന്ന് വാങ്ങിയ സാധനങ്ങൾ തരം തിരിച്ച് പിറ്റേന്നത്തെ പണിക്കുവേണ്ടി എല്ലാം തയ്യാറാക്കി വച്ചുകൊണ്ടിരുന്നു. പ്രഭാതത്തിൽ യൂദാസിനേക്കാൾ മുമ്പ് യാത്ര തുടങ്ങിയ സൂര്യൻ തന്റെ വിശ്രമത്തിനായി പടിഞ്ഞാറേ ചക്രവാളത്തിലേക്ക് പോയി മറയുന്നത് യൂദാസ് അറിയുന്നുണ്ടായിരുന്നു. വൈകുന്നേര കർമ്മങ്ങൾക്കുശേഷം സന്ധ്യയ്ക്ക് പ്രാർത്ഥനയും ചൊല്ലി ഭക്ഷണവും കഴിഞ്ഞ് യൂദാസ് പിറ്റേന്ന് ചെയ്യുവാനുള്ള പണികൾ മനസ്സിൽ പദ്ധതി ചെയ്ത് ഉറങ്ങാൻ കിടന്നു. രാവിലെ മുതലുള്ള യാത്രയുടെയും പണികളുടെയും ക്ഷീണം മുഖത്തുണ്ടെങ്കിലും നിദ്രാദേവി യൂദാസിനെ പുൽകുവാൻ സമയം ഏറെയെടുത്തു. പിന്നീട് എപ്പോഴോ ഉറങ്ങിപ്പോയ യൂദാസ് പ്രഭാത സൂര്യന്റെ പ്രഭയേറുന്ന കിരണങ്ങൾ മുഖത്ത് തത്തിക്കളിക്കാൻ തുടങ്ങിയപ്പോഴാണ് ഉണർന്നത്.

പ്രഭാതകൃത്യങ്ങൾക്കുശേഷം ഭക്ഷണവും കഴിഞ്ഞ് പണിയായുധങ്ങളുമായി വഴിയരികിനോട് ചേർന്ന തോട്ടത്തിലേക്ക് പോയി. ഇന്നലെ വാങ്ങിയ സിക്കമൂർ മരം തന്നെ ആദ്യം നടാം എന്ന ഉദ്ദേശത്തോടെ കുഴികുഴിച്ച് തൈ കുഴിയിൽ വച്ചിട്ട് മണ്ണിട്ട് മൂടി. കുറച്ചു വെള്ളം ഒഴിച്ചപ്പോൾ, 'യൂദാസ് എന്നെ അനുഗമിക്കുക' എന്ന ശാന്തവും അപരിചിതവുമായ ഒരു ശബ്ദം തന്റെ കർണപുടങ്ങളിൽ മുഴങ്ങുന്നത് യൂദാസ് അറിഞ്ഞു. പിന്നിലേക്ക് തിരിഞ്ഞു നോക്കിയപ്പോൾ ഇന്നലെ വഴിവക്കിൽ കണ്ട ആ ചെറുപ്പക്കാരൻ 'യേശു' തന്റെ മുമ്പിൽ നിൽക്കുന്നത് യൂദാസ് കണ്ടു. "യൂദാസേ എന്നെ അനുഗമിക്കുക" എന്ന ക്ഷണം പിന്നെയും

അവന്റെ കാതിൽ മുഴങ്ങിനിന്നു. ആ വിളിക്ക് എതിരു പറയുവാൻ അവന് സാധിച്ചില്ല. തന്റെ പണിയായുധങ്ങൾ അവിടെ ഉപേക്ഷിച്ച് യൂദാസ് യേശുവിനോടുകൂടി യാത്ര തിരിച്ചു.

ഇതെല്ലാം കണ്ടുകൊണ്ട് മരിയ അടുത്തുതന്നെയുണ്ടായിരുന്നു. യൂദാസ് ഒരു വാക്കുപോലും പറയാതെ പോകുന്നതിൽ മരിയയ്ക്ക് വിഷമം ഉണ്ടെങ്കിലും യേശു എന്ന ചെറുപ്പക്കാരനിൽ അവൾ എന്തോ പ്രത്യേകത കണ്ടിരുന്നു. അതുകൊണ്ട് യൂദാസിനെ അവൾ തടഞ്ഞില്ല.

യേശുവിനോടും മറ്റ് ശിഷ്യന്മാരോടും കൂടെയുള്ള യൂദാസിന്റെ യാത്രകൾ തുടങ്ങീട്ട് നാളുകൾ പലതു കഴിഞ്ഞിരുന്നു. യേശുവിന്റെ അത്ഭുതങ്ങൾ യൂദാസ് നേരിട്ട് കണ്ടും അനുഭവിച്ചും അറിഞ്ഞു കൊണ്ടിരുന്നു. യേശുവിന്റെ സ്നേഹവും കരുതലുമെല്ലാം യൂദാസിനെ ആകർഷിച്ചിരുന്നു.

കാലങ്ങൾ കടന്നുപൊയ്ക്കൊണ്ടിരുന്നു. യേശു പലർക്കും ശത്രുവായി മാറിയതും യേശുവിനെ കൊല്ലാൻ ആലോചിക്കുന്നതുമെല്ലാം യൂദാസ് അറിഞ്ഞിരുന്നു. എങ്കിലും യൂദാസ് അതൊന്നും അത്ര കാര്യമായി എടുത്തില്ല. യേശു തന്റെ മരണത്തെക്കുറിച്ചുള്ള വെളിപ്പെടുത്തലുകൾ ശിഷ്യന്മാർക്ക് നൽകിക്കൊണ്ടിരുന്ന സമയം. യൂദാസ് തനിയെ ജെറുസലേം പട്ടണത്തിലൂടെ നടന്നു നീങ്ങുമ്പോഴാണ് ഒരു ചുവരെഴുത്ത് ശ്രദ്ധിച്ചത്. 'നസ്രായനായ യേശുവിനെ പിടിച്ചു തരുന്നവർക്ക് മുപ്പത് വെള്ളിക്കാശ്.' ആ ചുവരെഴുത്ത് തന്നെ ആകർഷിക്കുന്നതായി യൂദാസ് അറിഞ്ഞു. തന്റെ അമ്മയുടെയും സഹോദരങ്ങളുടെയും മുഖം യൂദാസിന്റെ മനസിൽ തെളിഞ്ഞു വന്നു.

ക്ലീറ്റസിന്റെ ഭീഷണിയുടെ മുമ്പിൽ നിസഹായരായി നിന്ന അമ്മയും സഹോദരങ്ങളും. പാപിനിയായ സ്ത്രീ യേശുവിന്റെ മേൽ തൈലം ഒഴിച്ചതിലായിരുന്നില്ല യൂദാസിന്റെ സങ്കടം. ആ തൈലം തനിക്ക് കിട്ടിയിരുന്നെങ്കിൽ തന്റെ അമ്മയുടെ കടങ്ങൾ ആ തൈലം വിറ്റുതീർക്കാമായിരുന്നു; എന്ന് യൂദാസ് ആഗ്രഹിച്ച നിമിഷം. എല്ലാം പോയി, ഇനി മുപ്പത് വെള്ളിക്കാശിന്റെ ചുവരെഴുത്ത് തനിക്കുള്ള ഒരു ഭാഗ്യമായി യൂദാസ് കണ്ട നിമിഷം. അവൻ പിന്നീട് ഒന്നും ചിന്തിക്കാതെ അധികാരികളെ സമീപിച്ച് മുപ്പത് വെള്ളിക്കാശ് വാങ്ങി തിരികെ യേശുവിനെ തേടി യാത്ര തുടങ്ങി.

ദിവസങ്ങൾ കടന്നുപൊയ്ക്കൊണ്ടിരുന്നു. മർക്കോസിന്റെ മാളികയിലെ പെസഹാ ആഘോഷത്തിനുശേഷം ഗത്സമൻ തോട്ടത്തിൽ പ്രാർത്ഥനയിൽ മുഴുകിക്കൊണ്ടിരുന്ന യേശുവിനെ തേടിവന്ന പടയാളികൾക്ക് മുമ്പിൽ വഴികാട്ടിയായി കടന്നുവന്ന് മുപ്പത് വെള്ളിക്കാശിന്റെ ചതിയുടെ ചുംബനത്താൽ ഒറ്റിക്കൊടുത്ത നിമിഷങ്ങളുമെല്ലാം ആ തണുപ്പുള്ള രാത്രിയെ ചൂടുള്ള നിമിഷങ്ങളാക്കി മാറ്റിയതുമെല്ലാം ഒരു പദ്ധതിയായിരുന്നു. ആ വേളയിലും ഒറ്റിക്കൊടുക്കപ്പെട്ടവന്റെ, ഒറ്റിയവനോടുള്ള സ്നേഹവും വാത്സല്യവും നിറഞ്ഞ് ഒഴുകിക്കൊണ്ടിരുന്നു. തന്റെ എല്ലാ പ്രാരാബ്ധങ്ങൾക്കും പരിഹാരമായി താൻ കൊണ്ടുവന്ന ആ മുപ്പത് വെള്ളിക്കാശ്, സ്നേഹിക്കാൻ മാത്രം പഠിപ്പിച്ചവന്റെ രക്തത്തിന്റെ ചൂടും ചൂരും തന്നെ പൊള്ളിക്കുന്നതായി യൂദാസ് മനസിലാക്കി. കയ്യിലെ പണവും വലിച്ചെറിഞ്ഞ് പ്രകൃതിയിലെ സർവ്വവും ഉറങ്ങുന്ന നിമിഷം യൂദാസ് ഓടി, തന്റെ വീടിന്റെ സമീപത്തെത്തി. വീടിനെ ഒന്നു നോക്കി. താൻ നട്ടുവളർത്തിയ സിക്കമൂർ മരക്കൊമ്പിൽ ഒരു കയറിൽ യൂദാസ് പിടഞ്ഞു തീരുന്നത് മനോമുകരത്തിൽ കണ്ട യോഹന്നാൻ, യൂദായുടെ കഥ പറഞ്ഞ് അവസാനിപ്പിച്ചു.

# ഗ്രിഗോറിയോസ് അനുഭവങ്ങൾ

**ഫാ. ജെറോം പീടികപ്പറമ്പിൽ ഒ.ഐ.സി**

ഞാൻ ആശ്രമത്തിൽ ചേർന്ന കാലംമുതലേ വന്ദ്യപിതാവിനെ അറിയും. കാരണം വന്ദ്യപിതാവിന്റെ അനിയൻ ബഹു.ഇഗ്നേഷ്യസ് അച്ചൻ ഞങ്ങളുടെ ബാച്ചിൽ ഉണ്ടായിരുന്നു. അതുകൊണ്ട് കൂടെക്കൂടെ ഇവിടെ വരികയും കാണുകയും ചെയ്തിട്ടുണ്ട്. 1953-ൽ ഞാൻ ആശ്രമത്തിൽ ചേർന്നു. 1953-ൽ അദ്ദേഹത്തെ കാണുന്നതിന് സാധിച്ചിട്ടുണ്ട്. 1953-ലാണ് അദ്ദേഹം മെത്രാനായി തീർന്നത്. അങ്ങനെ മെത്രാനായ ശേഷം ഇഗ്നേഷ്യസ് അച്ചനെ കാണുന്നതിന് തിരുവല്ലായിൽ വന്നപ്പോൾ അദ്ദേഹത്തെ ഞാനും കാണുകയുണ്ടായി. അതിനുശേഷം ഞങ്ങൾ പഠിച്ചുകൊണ്ടിരിക്കുന്ന കാലത്ത് അദ്ദേഹമാണ് ഞങ്ങൾക്ക് ശെമ്മാശപട്ടം നൽകിയത്. അതിനുശേഷം പട്ടം തരുന്നതിന് അദ്ദേഹത്തിന് സാധിച്ചില്ല. കാരണം അദ്ദേഹം ആ അവസരത്തിൽ റോമിൽ പോവുകയുണ്ടായി. അല്ലെങ്കിൽ അനിയൻ ഉണ്ടായിരുന്നതുകൊണ്ട് അദ്ദേഹമായിരുന്നു തരേണ്ടത്. ഞങ്ങൾ അങ്ങനെ വിശ്വസിച്ചിരിക്കുകയായിരുന്നു. അദ്ദേഹം പൂനായ്ക്ക് വരുമെന്ന്. അദ്ദേഹം വരാഞ്ഞതുകൊണ്ട് പൂനാ ബിഷപ്പായിരുന്നു ഇഗ്നേഷ്യസ് അച്ചനും എനിക്കുമൊക്കെ പട്ടം നൽകിയത്.

പട്ടത്തിനുശേഷം ഞാൻ തിരിച്ച് നാട്ടിൽ വന്നു. ഞാൻ ആദ്യം സേവനം ചെയ്തത് തിരുവല്ലായിലായിരുന്നു. അതിനുശേഷം ഗ്രിഗോറിയോസ് തിരുമേനിയെ പല പ്രാവശ്യം കാണുന്നതിന് ഇടയായിട്ടുണ്ട്. അദ്ദേഹം വളരെയധികം താല്പര്യത്തോടും സ്നേഹത്തോടുംകൂടിയാണ് എന്നോട് ഇടപെട്ടത്. മലങ്കരക്കാർക്കുവേണ്ടിയുള്ള ചിക്കാഗോ മിഷൻ നോക്കുന്നതിന് വന്ദ്യപിതാവ് എന്നെ അങ്ങോട്ട് വിടുകയുണ്ടായി. ചിക്കാഗോയിൽ ഗ്രിഗറി ഗ്രേറ്റ് ചർച്ചിൽ അസിസ്റ്റന്റ് വികാരിയായിട്ടും മലങ്കരക്കാരുടെ വികാരിയായിട്ടും ഏതാണ്ട് മൂന്നുവർഷത്തോളം ഞാനവിടെ പ്രവർത്തിക്കുകയുണ്ടായി. അതിനുശേഷം തിരിച്ച് നാട്ടിൽ വന്നു. പിന്നീട് ആശ്രമത്തിന്റേതായിട്ടുള്ള ജോലിയൊക്കെ നോക്കിക്കൊണ്ടിരുന്നു. പിന്നെ സെക്രട്ടറി ജനറാൾ ആയിരുന്നപ്പോഴും ജനറാൾ ആയതിനുശേഷവും അദ്ദേഹത്തെ പലപ്പോഴും കണ്ടിട്ടുണ്ട്.

ബഥനി ആശ്രമത്തെയും അംഗങ്ങളെയും വളരെയധികം സ്നേഹിച്ച ഒരു പിതാവായിരുന്നു വന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ്. അദ്ദേഹത്തിന്റെ മാധ്യസ്ഥം നമ്മുടെ സമൂഹത്തിന് അനുഗ്രഹമായി തീരുവാൻ നമുക്ക് എപ്പോഴും പ്രാർത്ഥിക്കാം.

**ഫാ. ഫിലിപ്പ് തരകൻ ആന്നിയിൽ ഒ.ഐ.സി**

1960-ൽ ഞാൻ ആശ്രമത്തിൽ ചേർന്നപ്പോൾ മുതൽ ഞാൻ പിതാവിനെ കാണുന്നുണ്ട് എങ്കിലും പിതാവിനെ അടുത്തറിയുന്നത് 1970 ഒക്ടോബർ 26-ാം തീയതി എന്റെ ഓർഡിനേഷനോടുകൂടിയാണ്. ചാരുമ്മൂട് ഇടവകയിൽ വച്ച് അഭിവന്ദ്യ പിതാവ് എന്നെ ശുശ്രൂഷാപൗരോഹിത്യത്തിലേക്ക് ഉയർത്തുകയുണ്ടായി. 1971-ൽ എന്നെ ആദ്യമായിട്ട് കരിപ്പൂർ ഇടവകയിലെ വികാരിയായിട്ട് അഭിവന്ദ്യ ഗ്രിഗോറിയോസ് തിരുമേനി നിയമിക്കുകയുണ്ടായി. അവിടെ ചെന്നതിനുശേഷം ഒരു ചെറിയ ഷെഡ്ഡിലായിരുന്നു വി.കുർബാന

നടത്തിക്കൊണ്ടിരുന്നത്. അവിടെ ഒരു പള്ളി പണിയുന്നതിനുവേണ്ടി ഞാൻ പിതാവിനോടു അനുവാദം ചോദിക്കുകയും ഞാൻ ഒരു പ്രോജക്ട് തയ്യാറാക്കി പിതാവിന്റെ അനുവാദത്തിനുവേണ്ടി കൊടുക്കുകയും ചെയ്തു. അങ്ങനെ അവിടെ പള്ളി പണിയുന്നതിന് തീരുമാനിച്ചപ്പോൾ പിതാവ് പ്രത്യേകമായ ഒരു പ്ലാനും പദ്ധതിയും തയ്യാറാക്കി തരികയും ഒരു മേസ്തിരിയെ അയയ്ക്കുകയും ചെയ്തു. അങ്ങനെ വട്ടപ്പള്ളിയാണ് ആദ്യമായിട്ട് അവിടെ പണിയുന്നത്. അതിന്റെ കൂദാശയും അഭിവന്ദ്യ പിതാവ് നടത്തുകയുണ്ടായി. അതിനുശേഷം എന്നെ നെടുമങ്ങാട് ഇടവകയിലേക്ക് സ്ഥലം മാറ്റുകയും നെടുമങ്ങാട് ജില്ലാ വികാരിയായിട്ട് നിയമിക്കുകയും പല പള്ളികളുടെയും ചുമതല ഏൽപ്പിക്കുകയും ചെയ്തു.

പിതാവ് എന്നോടൊത്തിരി സ്നേഹവും വാത്സല്യവും കാണിച്ചിരുന്നു. കാരണം, പിതാവ് എപ്പോൾ വന്നാലും ഞാൻ എന്തെങ്കിലുമൊക്കെ പദ്ധതികൾ തയ്യാറാക്കിക്കൊണ്ടിരുന്നു. കൂടെക്കൂടെ പിതാവ് വടക്കോട്ടു പോകുന്ന അവസരത്തിലെല്ലാം വെമ്പായം വഴി നെടുമങ്ങാട്ട് വന്നിട്ടാണ് പോകുന്നത്. അവിടെ വരുമ്പോഴൊക്കെ പാവപ്പെട്ട ചില ആളുകൾ ഓടിക്കൂടുമ്പോൾ പിതാവ് വളരെ സന്തോഷത്തോടുകൂടി അവരെ സ്വീകരിക്കുകയും പോക്കറ്റിൽ നിന്നും പൈസ എടുത്ത് അവർക്ക് കൊടുക്കുകയും ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഒത്തിരി സ്നേഹവും വാത്സല്യവുമൊക്ക് ഗ്രിഗോറിയോസ് പിതാവ് അവിടുത്തെ പാവപ്പെട്ട ആളുകളോട് കാണിച്ചിരുന്നു.

അതുപോലെതന്നെ പിതാവിന്റെ ജൂബിലി പ്രമാണിച്ച് ഒരു സമൂഹവിവാഹം നടത്തുന്നതിന് ഞാൻ തീരുമാനിച്ചിരുന്നു. അതിനുവേണ്ടിയുള്ള ഫണ്ടൊക്കെ എനിക്ക് ലഭിക്കുകയുണ്ടായി. അങ്ങനെ പത്തൊമ്പതുപേരുടെ സമൂഹവിവാഹം പിതാവിന്റെ നേതൃത്വത്തിൽ അവിടെവച്ച് നടക്കുകയുണ്ടായി. ഇവർക്കെല്ലാം ഓരോ വീടും 5 സെന്റ് സ്ഥലവും കൊടുക്കുകയുണ്ടായി. പിതാവിന്റെ ജൂബിലി പ്രമാണിച്ച് അങ്ങനെയൊരു പദ്ധതി നെടുമങ്ങാട് വച്ച് നടത്തിയതിൽ എല്ലാവർക്കും വളരെയധികം സന്തോഷം ആയിരുന്നു.

എനിക്ക് പ്രത്യേകമായി പറയാനുള്ളത് ഞാൻ ആദ്യം ഒരു വാഹനത്തിനുവേണ്ടിയുള്ള അപേക്ഷയുമായി പിതാവിന്റെ അടുക്കൽ ചെന്നപ്പോൾ പിതാവ് എന്നെ കെട്ടിപ്പിടിച്ചുകൊണ്ട് പറഞ്ഞു, അച്ചന് ഇതിപ്പോൾ ആവശ്യമുണ്ടോ എന്ന് ഒരിക്കൽ കൂടി ചിന്തിച്ചു നോക്കുക, പിതാവ് കോളേജിൽ പ്രിൻസിപ്പൽ ആയിരുന്ന അവസരത്തിൽ  സൈക്കിൾ ചവിട്ടിയാണ് വെറ്റിനാട്, വെമ്പായം മിഷനുകളിൽ പോയിരുന്നത് എന്ന് എന്നോട് ഒരിക്കൽ പറയുകയുണ്ടായി. അതുകൊണ്ട് അച്ചൻ ഒരിക്കൽ കൂടി ചിന്തിക്കുക എന്ന് പറഞ്ഞു, പക്ഷേ പിന്നീട് പിതാവ് എന്നെ തിരിച്ചുവിളിച്ചുവരുത്തി അത് റെക്കമെൻഡ് ചെയ്തു തരികയുണ്ടായി. ഇങ്ങനെയുള്ള കാര്യങ്ങളിലൊക്കെ പിതാവ് തക്കസമയത്ത് വേണ്ടുന്ന നിർദ്ദേശവും പ്രോത്സാഹനവും ഉപദേശവുമൊക്കെ എനിക്ക് തന്നിട്ടുണ്ടായിരുന്നു. കാരണം നെടുമങ്ങാട് എന്നെ ഏല്പിച്ചതുമുതൽ മിക്കവാറും പിതാവ് ഒരു മുന്നറിയിപ്പുമില്ലാതെ കടന്നുവരികയും പ്രവർത്തനങ്ങൾ കണ്ട് എന്നെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു.

പിന്നീട് പിതാവിന്റെ അവസാന സമയമായപ്പോൾ കറ്റാനത്ത് വരികയുണ്ടായി. കറ്റാനത്ത് വന്നപ്പോൾ ഞങ്ങൾ അച്ചന്മാരാരും അവിടെ ഉണ്ടായിരുന്നില്ല. ജോലിക്കാരൻ പറഞ്ഞു പിതാവ് വന്നിട്ടുണ്ടെന്ന്. ഞാൻ ഓടിവന്നപ്പോൾ പിതാവ് വെറും കട്ടിലിൽ, പായയും തലയണയുമൊന്നുമില്ലാതെ കിടന്ന് ഉറങ്ങുന്നു. അപ്പോൾ ഞാൻ പെട്ടെന്ന് വന്നു, പിതാവിനെ ഉണർത്തി. ഞാൻ പിതാവിനോടു പറഞ്ഞു, പിതാവേ ഞാൻ ഇവിടെ ഇല്ലായിരുന്നു. പിന്നീട്

ഞാൻ ബെഡ്ഡെല്ലാം വൃത്തിയാക്കി കൊടുത്തു. അപ്പോൾ പിതാവ് പറഞ്ഞു, എനിക്ക് അല്പം കഞ്ഞി മതി എന്ന്. ഞാൻ കഞ്ഞിയുണ്ടാക്കി പിതാവിനു കൊടുത്തു. അതിനുശേഷം പിതാവ് എന്നോടു പറഞ്ഞു, ഞാൻ ചാപ്പലിലേക്ക് പോകട്ടെയെന്ന്. ഞാൻ തന്നെ പിതാവിനെ ചാപ്പലിൽ കൊണ്ടുപോയി. പിതാവ് ഒന്നൊന്നര മണിക്കൂർ ആ രാത്രിയിൽ ദേവാലയത്തിലിരുന്ന് വി.കുർബാനയുടെ സന്നിധിയിലിരുന്ന് പ്രാർത്ഥിക്കുന്നതു കണ്ടിട്ട് എന്റെ ജീവിതത്തിൽ തന്നെ ഒത്തിരി പരിവർത്തനമുണ്ടായി. പിതാവ് എപ്പോൾ ആശ്രമത്തിൽ വന്നാലും വി.കുർബാനയുടെ സന്നിധിയിൽ ദീർഘനേരമിരുന്ന് പ്രാർത്ഥിക്കുമായിരുന്നു. അങ്ങനെ പിതാവിന്റെ ആ പ്രാർത്ഥനാ ചൈതന്യം വാസ്തവത്തിൽ നമുക്ക് നമ്മുടെ ജീവിതത്തിൽ വളരെയധികം പ്രോത്സാഹനം നൽകുന്നതായിരുന്നു. ആശ്രമത്തിൽ എപ്പോൾ വന്നാലും ഒരു മണിക്കൂർ എങ്കിലും ദേവാലയത്തിൽ വി.കുർബാനയുടെ സന്നിധിയിൽ ഇരിക്കുന്ന പതിവ് പിതാവിനുണ്ടായിരുന്നു. ചാപ്പലിൽ പോകാതെ വരികയോ പോവുകയോ ചെയ്യുന്ന പതിവ് ഞാൻ കണ്ടിട്ടേയില്ല. കറ്റാനത്തായാലും, നെടുമങ്ങാട്ടായാലും അവിടെയൊക്കെ പിതാവിന്റെ സാന്നിദ്ധ്യം മിക്കവാറും എന്റെ പ്രവർത്തനങ്ങൾക്ക് അനുഗ്രഹവും കൃപകളും പ്രോത്സാഹനവുമൊക്കെ തന്നിരുന്നു. ഇങ്ങനെയുള്ള അനുഭവങ്ങളാണ് എനിക്ക് പിതാവിനെപ്പറ്റിയുള്ളത്.

**ഫാ. ക്രിസോസ്റ്റം കുളത്തിന്റെമേലേതിൽ ഒ.ഐ.സി**

അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവിനെ ആദ്യമായി കാണുന്നത് പിതാവിന്റെ മെത്രാഭിഷേകം കഴിഞ്ഞ് ഇടവക സന്ദർശിച്ചു വന്നപ്പോളാണ്. നീണ്ട താടിയും കൃശഗാത്രനും പ്രസരിപ്പുള്ള ചുറുചുറുക്കുള്ള ആ രൂപവും കണ്ട് പിതാവിനെ ഏവർക്കും ഇഷ്ടമായി. എല്ലാവരോടും കുശലം പറഞ്ഞ് ചായ കുടിക്കുമ്പോൾ ഞങ്ങൾ ചുറ്റും നില്പുണ്ടായിരുന്നു. എല്ലാവരോടും വളരെ സ്നേഹത്തോടെ സംസാരിക്കുകയും ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്തിട്ടാണ് പിതാവ് തിരിച്ച് പോയത്.

പിന്നീട് പിതാവിനെ ആശ്രമത്തിൽ വന്നതിനുശേഷം പല പ്രാവശ്യം കാണുന്നതിന് ഇടയായി. രൂപതയിൽ എന്തു സംഭവം നടന്നാലും ആശ്രമത്തിൽ വന്ന് അറിയിക്കും. ആശ്രമത്തിൽ അച്ചന്മാർ അവിടെ പോയി അതിൽ പങ്കുചേരും. വിദേശയാത്രയ്ക്കു പോകുന്നതിനുമുമ്പ് ആശ്രമത്തിൽ വന്ന് പറഞ്ഞിട്ടേ പോവുകയുള്ളു. യാത്ര കഴിഞ്ഞിട്ട് തിരികെ വന്ന് അവിടെയുണ്ടായ സംഭവങ്ങളും അനുഭവങ്ങളും പങ്കുവയ്ക്കുകയും ചെയ്യും. ഒരു കുടുംബത്തിലെ അംഗത്തിനെപ്പോലെയാണ് പിതാവ് ആശ്രമത്തിൽ കയറി വരുന്നത്. ഔപചാരികത യാതൊന്നുമില്ലാതെ കയറിവരും. എല്ലാവരും പോയി സ്വീകരിക്കും. ഒരു അദൃശ്യശക്തി പിതാവിൽ ചൂഴ്ന്നു നിൽക്കുന്നതായി കാണാമായിരുന്നു. എനിക്ക് പട്ടം തന്നത് പിതാവാണ്. പട്ടം കഴിഞ്ഞ് ആദ്യകുർബാനയ്ക്ക് പിതാവ് വന്നിട്ടുണ്ടായിരുന്നു. വീട്ടുസൽക്കാരത്തിൽ പങ്കുചേർന്ന് എല്ലാവരെയും അനുഗ്രഹിച്ചിട്ടാണ് പിതാവ് പോയത്. പിന്നെ ഞാൻ ആശ്രമത്തിൽ സ്റ്റുഡന്റ്സ് ചാർജായി വരുമ്പോൾ സ്റ്റുഡന്റിനെയുംകൊണ്ട് പിതാവിനെ കാണാൻ പോയിരുന്നു. ചെല്ലുമ്പോൾ ആരാ വന്നിരിക്കുന്നതെന്ന് സെക്രട്ടറി വന്ന് ചോദിക്കും, കയറ്റിവിടാൻ പറയും. കണ്ടിട്ട് പെട്ടെന്നിറങ്ങി തിരിച്ചു പോരും. നാലാഞ്ചിറ ആശ്രമത്തിന്റെ സുപ്പീര്യറായി ഞാൻ വരുമ്പോൾ 1984-1986-ൽ പിതാവിനെ ഞാൻ അടുത്തറിയുന്നതിനായി ഇടയായിട്ടുണ്ട്. പിതാവിന്റെ മുറിയിൽ പല പ്രാവശ്യം പോയിട്ടുണ്ട്. ചെല്ലുമ്പോഴൊക്കെ സന്തോഷത്തോടെ സ്വീകരിക്കും. നമ്മുടെ കാര്യങ്ങൾ പറയുമ്പോൾ അത് അംഗീകരിക്കും. കൈ മുത്തിയിട്ട്

തിരിച്ചുപോരും. ഒരിക്കൽ ഒന്നിച്ച് റാന്നി ആശ്രമത്തിന്റെ കൂദാശയ്ക്ക് എന്നെ കൊണ്ടുപോയി വഴിയിലിൽ വച്ച് ഒത്തിരി വർത്തമാനങ്ങൾ പറഞ്ഞു, നാട് പരിചയപ്പെടുത്തി തന്നു.

ഒരു ദിവസം ഞാൻ അരമനയിൽ ചെന്നപ്പോൾ പിതാവിന്റെ മുറിയിൽ ഒരു പ്രായമായ മനുഷ്യനും മകളും വന്നു നില്പ്പുണ്ട്. അവർക്ക് അഡ്മിഷനാണു വേണ്ടത്. പിതാവ് പരിഗണിക്കാമെന്നു പറഞ്ഞു. ആ അപ്പച്ചൻ അഡ്മിഷൻ തരണം എന്നു നിർബന്ധം പിടിച്ചു. പിതാവ് അഡ്മിഷൻ കൊടുത്തു, അതൊരു ഹിന്ദു സഹോദരൻ ആയിരുന്നു. പിതാവിനെ എല്ലാവരും ഒരു രൂപതാദ്ധ്യക്ഷനായിട്ടല്ല, മനുഷ്യസ്നേഹിയായിട്ടാണ് കണ്ടിരുന്നത്. കൃഷി ചെയ്യാനുള്ള വൈദഗ്ദ്ധ്യം, പാവങ്ങളോടുള്ള പ്രത്യേകത എപ്പോഴും പറഞ്ഞു കേൾക്കുമായിരുന്നു. പ്രത്യേകമായി നമ്മളൊരു ആവശ്യമായി ചെന്നാൽ അത് പരിഗണിക്കുകയും ആവശ്യമായ ഉപദേശം തരികയും ചെയ്തു. ആശ്രമനിയമം പാലിക്കുന്നതിന് പിതാവ് ഏറെ കൃത്യനിഷ്ഠ പാലിച്ചിരുന്നു. ഒരു അനുവാദത്തിനു ചെന്നാൽ ആദ്യം ചോദിക്കുന്നത് സുപ്പീര്യർ അച്ചന്റെ അനുവാദമുണ്ടോ? ഉണ്ടെങ്കിൽ മാത്രമേ പരിഗണിക്കുകയുള്ളു. അതുപോലെ തന്നെ ലളിത ജീവിതം നയിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. ലളിതജീവിതം മാത്രമല്ല, ആശ്രമത്തിൽ മൗനം പാലിക്കുന്നതിലും അദ്ദേഹം എപ്പോഴും ശ്രദ്ധിച്ചിരുന്നു. വ്യക്തിപരമായി പറഞ്ഞാൽ വിശുദ്ധിയുടെ പരിമളം വീശുന്ന ഒരു വ്യക്തിയായിരുന്നു പിതാവ്. ഒരു വേദിയിൽ കയറി വന്നാൽ പ്രത്യേക പ്രഭ അവിടെ അനുഭവപ്പെട്ടിരുന്നു. എല്ലാവരും പെട്ടെന്ന് പിതാവിനെ ശ്രദ്ധിക്കാൻ തുടങ്ങുമായിരുന്നു. പിതാവിനെ കേൾക്കുന്നത് ഏവർക്കും സന്തോഷമായിരുന്നു. രോഗാവസ്ഥയിലും പിതാവിനെ കാണാൻ സാധിച്ചിട്ടുണ്ട്. ഒത്തിരി ഇടപഴകാൻ സാധിച്ചിട്ടുണ്ട്. ഒരു രൂപതാദ്ധ്യക്ഷൻ എന്നതിലുപരിയായി ജ്യേഷ്ഠസഹോദരനെപോലെ കാണുകയും പെരുമാറുകയും ചെയ്ത അവസരം ധാരാളമുണ്ടായിട്ടുണ്ട്. പിതാവിനെ ഒരു വിശുദ്ധനായിട്ടാണ് ഞാൻ കാണുന്നത്. പിതാവിനുവേണ്ടി എന്നും പ്രാർത്ഥിക്കാറുണ്ട്. പിതാവിന്റെ മാധ്യസ്ഥം അപേക്ഷിക്കാറുണ്ട്.

**ഫാ. ചാൾസ് ഞാറക്കുളത്ത് ഒ.ഐ.സി**

ഗ്രിഗോറിയോസ് പിതാവിനെക്കുറിച്ച് പറയുമ്പോൾ യാതൊരുവിധ ആർഭാടവുമില്ലാത്ത ലളിതജീവിതം പിതാവ് നയിച്ചിരുന്നു. എല്ലാവരോടും നിഷ്കളങ്കമായി പെരുമാറിയിരുന്നു. പിതാവിന്റെ ഇടവകജനങ്ങളോടുള്ള താല്പര്യവും പ്രാർത്ഥനാ ജീവിതവുമാണ് എന്നെ ആകർഷിച്ചത്. എത്ര വൈകി വന്നാലും ചാപ്പലിൽ പോയി പ്രാർത്ഥന കഴിഞ്ഞിട്ടേ പിതാവ് മറ്റു പരിപാടിക്ക് പോയിരുന്നുള്ളു. രാത്രിയുടെ യാമങ്ങളിലൊക്കെ ജപമാല ചൊല്ലിക്കൊണ്ട് അരമനയിയുടെയും ആശ്രമങ്ങളുടെയും വരാന്തകളിലൂടെ നടക്കുന്നത് ഞാൻ കണ്ടിട്ടുള്ളതാണ്. ആ പ്രാർത്ഥനാചൈതന്യം എന്നെ കൂടുതൽ ആകർഷിച്ചു. ആരെ കണ്ടാലും പുഞ്ചിരി തൂകി ആലിംഗനം ചെയ്ത് സ്വീകരിച്ചിരുന്നു. പിതാവിന്റെ ജീവിതത്തിൽ മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിന് അദ്ദേഹം എന്നും ശ്രദ്ധിച്ചിരുന്നു. അദ്ദേഹം ഒരു ധനതത്വശാസ്ത്ര പണ്ഡിതനായിരുന്നു. തൃശിനാപ്പള്ളി കോളേജിൽ നിന്നും ഒന്നാം റാങ്കോടുകൂടി ബി.എ.എക്കണോമിക്സ് പാസായി. അതിനുശേഷം തിരികെവന്ന് മാർ ഈവാനിയോസ് കോളേജിന്റെ പ്രഥമ പ്രിൻസിപ്പലായിട്ടൊക്കെ സേവനം ചെയ്തു. വിദ്യാഭ്യാസമേഖലയിലും തനിക്കു കിട്ടിയ അറിവ് സാധാരണക്കാർക്ക് പകർന്നുകൊടുക്കുന്നതിന് താല്പര്യം

കാണിച്ചിരുന്നു. ആധുനിക കൃഷിരീതികളെക്കുറിച്ചും മൃഗപരിപാലനത്തെക്കുറിച്ചുമൊക്കെ വിശദമായി ക്ലാസെടുക്കുകയും ചർച്ച ചെയ്യുകയും ചെയ്തിരുന്നു.

കേരളാ ഗവൺമെന്റിലെ പ്രത്യേകിച്ച് കരുണാകരനും മറ്റ് മുഖ്യമന്ത്രിമാരുമൊക്കെ പിതാവിന്റെ ഉപദേശം പല കാര്യങ്ങളിലും തേടി അരമനയിലൊക്കെ വരുമായിരുന്നു. പിതാവ് എന്തെങ്കിലും ഒരു കാര്യം പറഞ്ഞാൽ ഏതു മന്ത്രിയാണെങ്കിലും അത് ചെയ്യാൻ സാധിക്കുമെങ്കിൽ അവരതു ചെയ്യുമായിരുന്നു. അങ്ങനെ രാഷ്ട്രീയ സാമൂഹികമായ മണ്ഡലങ്ങളിൽ പിതാവിന് തനതായ ഒരു വ്യക്തിമുദ്രയും സ്വാധീനവും ഉണ്ടായിരുന്നു. ഗ്രിഗോറിയോസ് പിതാവ് മലങ്കരയുടെ തിരുവനന്തപുരം ആർച്ചുബിഷപ്പ് ആണെന്നതിൽ മലങ്കരസഭാമക്കൾക്ക് അഭിമാനകരമായിരുന്നു. പിതാവിനെ പ്രത്യേകമായി എടുത്തുപറയുന്നത് കുമ്പഴയിൽ എന്റെ റീജൻസി പൂർത്തിയാക്കിയശേഷം പൂനായിലേക്ക് പോകേണ്ട സമയമായി. കുമ്പഴയിൽ നിന്ന് പോകുമ്പോൾ ഗ്രിഗോറിയോസ് പിതാവിന്റെ കാറിലാണ് എന്നെയും എന്റെ സാധനസാമഗ്രികളുമൊക്കെ കയറ്റി നാലാഞ്ചിറ ആശ്രമത്തിൽ എത്തിച്ചർന്നത്. സാധാരണ പിതാക്കന്മാർ അങ്ങനെ ചെയ്യുന്നത് വളരെ അപൂർവ്വമാണ്. എങ്കിലും പിതാവ് വളരെ താല്പര്യത്തോടുകൂടി ഈ കാര്യങ്ങളൊക്കെ ചെയ്തു. പിതാവ് വിദേശരാജ്യങ്ങളിലൊക്കെ പോകുമ്പോൾ അവിടെ കാണുന്ന സസ്യങ്ങളും വൃക്ഷതൈകളുമൊക്കെ നാട്ടിൽ കൊണ്ടുവന്ന് പ്രചരിപ്പിക്കുവാൻ ശ്രമിച്ചിരുന്നു. നല്ലൊരു ധനതത്വശാസ്ത്രജ്ഞനും കാർഷികമേഖലയിലൊക്കെ താല്പര്യം കാണിച്ച നല്ല പ്രായോഗികമായ പരിജ്ഞാനങ്ങളൂടെ കാര്യങ്ങളൊക്കെ നിർവ്വഹിച്ചു. പിതാവിന്റെ കാലത്താണല്ലോ നമ്മുടെ അഞ്ചൽ കോളേജ് സ്ഥാപിതമായത്. വികസനം എത്തിനോക്കാത്ത ഒരു സ്ഥലത്ത് അഞ്ചൽ എന്ന ആ ഗ്രാമമേഖലയിലാണ് കോളേജ് സ്ഥാപിച്ചത്. നാനാജാതി മതസ്ഥരായ എല്ലാവർക്കും പിതാവ് സ്വീകാര്യനായിരുന്നു. രാഷ്ട്രീയഭേദം കൂടാതെ എല്ലാ മതവിഭാഗങ്ങളെയും ഒന്നാക്കി ഒന്നിച്ചു നിർത്തുന്നതിന് പിതാവിന് സാധിച്ചു.

പിതാവിന് പെട്ടെന്നാണ് രോഗം ബാധിച്ചത്. രോഗാവസ്ഥയിൽ കിടന്നപ്പോഴും ആവലാതിയോ, സങ്കടമോ ആ വേവലാതിയൊക്കെ സന്തോഷത്തോടെ സഹിച്ചുകൊണ്ട് തന്റെ ജനത്തിനുവേണ്ടി ആ വേദനയൊക്കെ കാഴ്ചവച്ചു. പിതാവിന്റെ മരണശേഷം ശവസംസ്കാരത്തിൽ അന്ന് തിരുവനന്തപുരം പട്ടണം മുഴുവനും പങ്കെടുത്തിരുന്നു. കേരളത്തിനു തന്നെ പൊതുഅവധി പോലെയായിരുന്നു തിരുവനന്തപുരത്തിന് പ്രത്യേകിച്ച്. പാളയത്തിൽ നിന്നും പട്ടം കത്തീഡ്രൽ വരെയുള്ള നഗരി കാണിക്കൽ പതിനായിരക്കണക്കിന് ജനങ്ങൾ പങ്കെടുത്ത ഒരു വലിയ വിലാപയാത്രയായിരുന്നു. തിരുവനന്തപുരം പട്ടണം അതുപോലൊരു ജനക്കൂട്ടത്തെ ദർശിക്കുന്നത് വളരെ ചുരുക്കമായിരുന്നു. നാടിന് എല്ലാവർക്കും പിതാവിനോടുള്ള ആദരവായിരുന്നു അത് പ്രകടമാക്കുന്നത്. പിതാവിനെക്കുറിച്ചുള്ള നല്ല ഓർമ്മകളെല്ലാം പിതാവിനെ കണ്ടിട്ടുള്ള എല്ലാവരും ഇന്നും കാത്തുസൂക്ഷിക്കുന്നു. പിതാവ് സ്വർഗ്ഗത്തിലിരുന്നുകൊണ്ട് മലങ്കര മക്കളെയും എല്ലാം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

**ഫാ. മൈക്കിൾ വരിക്കോലിത്തറയിൽ ഒ.ഐ.സി**

ഭാഗ്യസ്മരണാർഹനായ അഭി.ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ചരമവാർഷികം നമ്മൾ ഒക്ടോബർ 10-ാം തീയതി ആചരിച്ചു. ഇത്തരുണത്തിൽ അദ്ദേഹത്തെ

പറ്റി ഒരുപാട് സ്മരണകളുണ്ട്. ഞാൻ ആദ്യമായി അദ്ദേഹത്തെ കാണുന്നത് പത്താം ക്ലാസ് പഠിച്ച് തിരുവനന്തപുരത്ത് ആശ്രമത്തിൽ വന്ന സമയത്താണ്. അദ്ദേഹത്തെ കാണാൻ ഞങ്ങൾ വിദ്യാർത്ഥികൾ എല്ലാവരും പട്ടം സെന്റ് മേരീസിന് അടുത്തുള്ള ആർച്ച്ബിഷപ്പ് ഹൗസിൽ ചെല്ലുകയും അദ്ദേഹത്തെ കാണുകയും അദ്ദേഹത്തിനോട് സംസാരിക്കുന്നതുമൊക്കെ വളരെ സന്തോഷമുള്ള കാര്യങ്ങളായിരുന്നു. എനിക്കന്ന് 16 വയസ് മാത്രമേ ഉള്ളൂ. അതിനുശേഷം പിന്നീട് അദ്ദേഹത്തെ കാണുന്നത് ആലുവ-മംഗലപ്പുഴ സെമിനാരിയിൽ പഠിക്കുന്ന സമയത്തായിരുന്നു. അദ്ദേഹം കുർബാന അർപ്പിക്കുകയും അതിനുശേഷം ഞങ്ങളെയൊക്കെ കാണുകയും ചെയ്തു. ആ അവസരത്തിൽ എനിക്ക് അദ്ദേഹത്തെ ഒരു സഹായ ആവശ്യത്തിനായി വ്യക്തിപരമായി കാണേണ്ട ആവശ്യമുണ്ടായിരുന്നു. അദ്ദേഹം അതു കേൾക്കുകയും വളരെ അനുഭാവപൂർവമായ മറുപടി പറയുകയും ആവശ്യപ്പെട്ടതനുസരിച്ച് അദ്ദേഹം എനിക്ക് ആ സഹായം ചെയ്യുകയും ചെയ്തു. അതിൽ ഞാൻ വളരെ സന്തോഷവാനാണ്. ബ്രദറായിരുന്ന കാലഘട്ടത്തിൽപോലും അങ്ങനെ സഹായിക്കാൻ ഒരു സന്മനസ്സ് അദ്ദേഹത്തിനുണ്ടായിരുന്നു എന്നുള്ളതാണ് ഞാൻ മനസിലാക്കുന്നത്.

പിന്നീട് പിതാവുമായിട്ടുള്ള ബന്ധം ഞങ്ങളുടെ ഓഡിനേഷൻ സമയത്തായിരുന്നു. പത്തനംതിട്ടയിലെ കുമ്പഴ പള്ളിയിൽ വച്ചായിരുന്നു പട്ടംകൊട ശുശ്രൂഷ. തലേദിവസം തന്നെ പിതാവ് അവിടെ വരികയും, താമസിക്കുകയും അദ്ദേഹത്തോടൊപ്പം ഞങ്ങൾ പ്രാർത്ഥിക്കുകയും പട്ടത്തിനായുള്ള ഒരുക്കങ്ങൾ ചെയ്യുകയും ചെയ്തിരുന്നു. പിറ്റേ ദിവസം 1974 ഡിസംബർ മാസം 19-ാം തീയതിയായിരുന്നു എന്റെ വൈദികപട്ടം.

പിന്നീട് എനിക്ക് ആദ്യം ഇടവക തരുന്നത് വന്ദ്യപിതാവാണ്. 1975-ൽ കാഞ്ഞിരംകുളത്ത് താമസിച്ചുകൊണ്ട് പാമ്പുകാലാ, വെള്ളലമ്പ് മുതലായ മിഷനുകളിലൊക്കെ പ്രവർത്തിക്കാനുമൊക്കെ ഇടയായി. അദ്ദേഹത്തെ രണ്ടു പള്ളിയിലും ഞാൻ പ്രത്യേകം ക്ഷണിക്കുകയും രണ്ട് പള്ളിയിലും ഓരോ കുരിശടി സ്ഥാപിക്കുകയും ആ കുരിശടി ആശീർവദിക്കാനായിട്ട് അദ്ദേഹം അവിടെ കടന്നുവരികയും ചെയ്തു. സ്റ്റേജിൽ എത്ര പിതാക്കന്മാർ ഇരുന്നാലും, എത്ര വലിയ ആളുകൾ ഇരുന്നാലും എത്ര മന്ത്രിമാർ ഇരുന്നാലും ഗ്രിഗോറിയോസ് തിരുമേനി ആ സ്റ്റേജിൽ കയറുമ്പോൾ വലിയൊരു അനുഗ്രഹമാണ് എല്ലാവർക്കും തന്നെ. ആ സമയം വളരെ നിശബ്ദതയും ആദരവോടുംകൂടിയാണ് അദ്ദേഹത്തെ സ്വീകരിക്കുന്നത്. അത്രമാത്രം വിനയമുള്ള വളരെ നല്ല ഒരു വ്യക്തിത്വമായിരുന്നു ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടേത്.

അതുകൂടാതെ ഞാൻ ഓർക്കുന്നത് നെയ്യാർ ഡാമിനടുത്തുള്ള ഒരു ജയിലിൽ ജയിൽപുള്ളികൾക്കുവേണ്ടി വി.കുർബാന നടത്തുവാനായി പോയപ്പോൾ പിതാവ് എന്നെയും ക്ഷണിച്ചിരുന്നു. അവിടെ പോയി ആ കുറ്റവാളികളുടെയിടയിൽ വി.കുർബാന നടത്തുകയും കുമ്പസാരിപ്പിക്കുകയും പ്രാർത്ഥന നടത്തുകയുമൊക്കെ ചെയ്ത ഒരു നല്ല അനുഭവം എനിക്കുണ്ട്. ഒട്ടും പ്രതീക്ഷിക്കാതെ വളരെ സന്തോഷത്തോടുകൂടിയുള്ള ഒരു കാര്യമായിരുന്നു ജയിലിൽപോയി ആത്മീയകാര്യങ്ങളൊക്കെ ചെയ്യാൻ സാധിച്ചു എന്നുള്ളത്. കുറ്റവാളികളൊക്കെ വലിയ സന്തോഷത്തോടുകൂടി പിതാവിനെ സ്വീകരിച്ചു എന്നത് ഇത്തരുണത്തിൽ എടുത്തു പറയേണ്ടതാണ്. ഇതുപോലെയുള്ള ഒരുപാട് അനുഭവങ്ങൾ എനിക്ക് അദ്ദേഹത്തോടുകൂടിയുണ്ട് എന്നുള്ളതും വലിയ സന്തോഷകരമാണ്.

**ഫാ. ജെയിംസ് മമ്മൂട്ടിൽ ഒ.ഐ.സി**

പുണ്യശ്ലോകനും ഭാഗ്യസ്മരണാർഹനുമായ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് വലിയ മെത്രാപ്പോലീത്തായെപ്പറ്റി സംസാരിക്കുമ്പോൾ വ്യക്തിപരമായിട്ടും സഭാപരമായിട്ടും ഭാരതത്തിനും കേരളത്തിനും ലോകസഭയ്ക്കും അഭിവന്ദ്യ പിതാവ് ഒരു വലിയ പ്രകാശഗോപുരമായിരുന്നു എന്ന് ഓർക്കാനാണ് എനിക്കിഷ്ടം. അഭിവന്ദ്യ പിതാവിൽ നിന്നാണ് 1978 മെയ് 1-ാം വൈദികപട്ടം സ്വീകരിക്കാൻ ദൈവം എനിക്ക് ഭാഗ്യം തന്നത്. ദൈവശാസ്ത്രജ്ഞൻ എന്ന നിലയിൽ അഭിവന്ദ്യപിതാവിനെക്കുറിച്ച് പറയുമ്പോൾ അഭിവന്ദ്യ പിതാവ് പറയുമായിരുന്നു, "നിങ്ങൾ വിശുദ്ധ കുർബാന സ്വീകരിക്കുമ്പോൾ നിങ്ങൾ കർത്താവിനാൽ സ്വീകരിക്കപ്പെടുകയാണ് ചെയ്യുന്നത്. അവിടുന്ന് സർവ്വരുടെയും സ്രഷ്ടാവും സംരക്ഷകനുമാകുമ്പോൾ നാം അവിടുത്തെ സ്വീകരിക്കുന്നു എന്നു പറയുമ്പോൾ അവിടുന്ന് നമ്മെ സ്വീകരിക്കുകയാണ് (നാം സ്വീകരിക്കപ്പെടുകയാണ്) ചെയ്യുന്നത്."

മറ്റൊരിക്കൽ അദ്ദേഹം പറഞ്ഞു, വി.കുർബാന എന്നു പറയുന്നത് കാൽവരിയിലെ വിശുദ്ധ ബലിയുടെ ആവർത്തനമല്ല മറിച്ച്, ആ ബലി തന്നെയാണ്. വീണ്ടും അഭിവന്ദ്യ പിതാവ് പറയും, ദേവാലയം എന്നു പറയുമ്പോൾ ഒരുപക്ഷേ നാം ഇഷ്ടികകൊണ്ടും സിമന്റുകൊണ്ടും പണിത കെട്ടിടത്തെപ്പറ്റിയാണ് ചിന്തിക്കുന്നത്. എന്നാൽ അപ്പസ്തോലനായ വി.പത്രോസ് പറയുന്നതുപോലെ ജീവനുള്ള കല്ലുകളായ നിങ്ങളാൽ പണിയപ്പെട്ട ദേവാലയം എന്ന് ദേവാലയത്തെപ്പറ്റി, സഭയെപ്പറ്റി ചിന്തിക്കാൻ നമുക്കാവണമെന്ന് അദ്ദേഹം നമ്മെ ഓർമ്മപ്പെടുത്തുന്നു. അഭിവന്ദ്യ പിതാവിന്റെ പ്രസംഗങ്ങളും വാക്കുകളും വിജ്ഞാനത്തിന്റെയും ആദ്ധ്യാത്മികതയുടെയും വലിയ വിധത്തിലുള്ള ഒരു അനുഗ്രഹകരമായ വാതിൽ നമുക്ക് തുറന്നു തരുന്നതായി നമുക്ക് കാണാൻ സാധിക്കും. എന്റെ ഓഡിനേഷന്റെ സമയത്ത് 1978 മെയ് മാസത്തിൽ വളരെ വാത്സല്യത്തോടുകൂടി ഓരോ നിമിഷവും എല്ലാ ത്യാഗവും സഹിച്ച് പട്ടംകൊടയ്ക്കും ആദ്യകുർബാനയ്ക്കും അതോടൊപ്പംതന്നെ ഭവനത്തിൽ വരുന്നതിനും എല്ലാവിധത്തിലും വാത്സല്യത്തോടും ക്ഷമയോടും കരുതലോടുംകൂടി ഇടപെടുന്ന സംഭവം ഞാനിപ്പോൾ ഓർക്കുകയാണ്. ഏതു യാത്ര കഴിഞ്ഞു വന്നാലും മണിക്കൂറുകളോളം സ്വകാര്യദേവാലയത്തിൽ പ്രാർത്ഥിച്ചതിനുശേഷം മാത്രമാണ് അദ്ദേഹം മുറിയിൽ പോയിരുന്നത്. പട്ടം കൊടുക്കുക, ദേവാലയകൂദാശ നടത്തുക ആദ്യകുർബാനയിൽ സംബന്ധിക്കുക തുടങ്ങിയ കാര്യങ്ങൾ വരുമ്പോൾ ഉപവസിച്ചും പ്രാർത്ഥിച്ചും അതിനുവേണ്ടി പിതാവ് ഒരുങ്ങുന്നത് അനേകരിൽനിന്നും മനസിലാക്കാൻ സാധിച്ചിട്ടുണ്ട്. വലിയ ആഹ്ലാദത്തോടും സന്തോഷത്തോടും പുഞ്ചിരിയോടുംകൂടിയല്ലാതെ അദ്ദേഹത്തെ നമുക്ക് കാണാനായി സാധിക്കുമായിരുന്നില്ല. ഏതെങ്കിലും സദസിൽ അഭിവന്ദ്യപിതാവ് സന്നിഹിതനാണെങ്കിൽ എല്ലാവരുടെയും ശ്രദ്ധാകേന്ദ്രം അഭിവന്ദ്യ പിതാവായിരിക്കും. പ്രസംഗമാണെങ്കിൽ ഏറ്റം പണ്ഡിതന്മാരായ ആളുകൾക്കും, ഏറ്റം സാധാരണക്കാരായ ആളുകൾക്കും മനസിലാകുന്ന വിധത്തിലുള്ള അസാധാരണ പരിശുദ്ധാത്മ അഭിഷേകമുള്ള പ്രസംഗകമായിരുന്നു അഭിവന്ദ്യ പിതാവ് നടത്തിയിരുന്നത്.

ബൈബിളിലെ ഓരോ സംഭവങ്ങളുമെടുത്ത് അഭിവന്ദ്യ വിശദീകരിച്ച് പ്രസംഗിക്കുമ്പോൾ നാം അത്ഭുതപ്പെട്ടുപോകും, ഇത്രമാത്രം ആഴത്തിൽ സാധാരണക്കാരുടെ മനസിലേക്ക് കടന്നുവരാൻ കഴിയത്തക്ക വിധത്തിൽ എങ്ങനെയൊരു മേലദ്ധ്യക്ഷന് സംസാരിക്കാൻ കഴിയും എന്ന് നാം അത്ഭുതപ്പെട്ടുപോകും. പിതാവ് പ്രസംഗിക്കുമ്പോൾ ശ്രോതാക്കളുടെ മനസിലേക്ക്

അത് എന്നേക്കും നിലനിൽക്കത്തക്ക വിധത്തിൽ ആഹ്വാനങ്ങളും മറ്റുവിധത്തിലുള്ള പ്രബോധനങ്ങളും ആയിത്തീരുന്നത് സാധാരണമാണ്.

കേരളത്തിലുള്ള ഓരോ വ്യക്തിത്വങ്ങളും അഭിവന്ദ്യ പിതാവിന് പ്രിയപ്പെട്ടതായിരുന്നു. രാഷ്ട്രീയനേതാക്കന്മാരാണെങ്കിലും സമുദായനേതാക്കന്മാരാണെങ്കിലും ബഹുജനനേതാക്കന്മാരാണെങ്കിലും ഉദ്യോഗസ്ഥ പ്രമുഖരാണെങ്കിലും ഗവർണറായാലും, കളക്ടറായാലും മറ്റ് വ്യക്തിത്വങ്ങളായാലും അഭിവന്ദ്യ പിതാവിന് സ്വന്തംപോലെ പ്രിയപ്പെട്ടവരായിരുന്നു. അവരോടെല്ലം നല്ല ബന്ധം പുലർത്താനും എല്ലാവരുടേയും നന്മ മനസിലാക്കാനും സ്വയം നന്മയ്ക്കുവേണ്ടി നിലനിൽക്കാനും അഭിവന്ദ്യ പിതാവിന് സാധിച്ചു. പ്രത്യേകിച്ച് കേരളത്തിലെ സമുദായ സൗഹാർദ്ദം നിലനിൽക്കുന്നതിനും ഏതെങ്കിലും വിധത്തിൽ സമുദായ സൗഹാർദ്ദം തകരുമ്പോൾ അതിൽ ഇടപെട്ട് പ്രവർത്തിക്കാനും അഭിവന്ദ്യ പിതാവിന് സാധിച്ചിരുന്നു.

പൂവാർ ലഹള അതോടൊപ്പം തന്നെ മറ്റ് അനേകം സ്ഥലത്തുള്ള സമുദായ ലഹളകളൊക്കെ പരിഹരിക്കുവാനായിട്ട് സർക്കാർപോലും അഭിവന്ദ്യ പിതാവിനെ സമീപിച്ച് സമാധാനത്തിന്റെ ശാന്തിയാത്രയുടെയൊക്കെയും നേതൃത്വം അഭിവന്ദ്യ പിതാവ് ഏറ്റെടുക്കുവാൻ ആവശ്യപ്പെട്ടു. ഏത് മേഖലയിലും ലാളിത്യത്തിന്റെ പ്രതീകമായി നിലനിൽക്കുവാനും അഭിവന്ദ്യ പിതാവിന് സാധിച്ചു. തീർച്ചയായും അത് എന്നും കേരളീയ സമൂഹം അഭിമാനത്തോടും സന്തോഷത്തോടും അനുസ്മരിക്കുന്ന ഒരു യാഥാർത്ഥ്യമാണ്. ഉന്നതസ്ഥാനത്തിരിക്കുന്ന ആളുകൾ ലളിത ജീവിതത്തിന്റെ മാതൃകകളായി മാറുക എന്നു പറഞ്ഞാൽ മഹാത്മജിയുടെയും മറ്റ് മഹത്തുക്കളായ വ്യക്തിത്വങ്ങളുടെയും വലിയ മാതൃകകളാണ് നമുക്ക് അവിടെ കാണാൻ സാധിക്കുക. വന്ദ്യപിതാവിന്റെ മാതൃകകൾ നമ്മുടെ ജീവിതത്തിലും പ്രാവർത്തികമാക്കുവാനും പിതാവിനുണ്ടായിരുന്ന നന്മകളെല്ലാം ബഥനി സന്ന്യാസി സമൂഹത്തിലൂടെ ഇന്നും തുടർന്നു കൊണ്ടുപോകുവാൻ പിതാവിന്റെ മാധ്യസ്ഥം നമുക്ക് കോട്ടയായിരിക്കുവാൻ പ്രാർത്ഥിക്കാം.

**ഫാ. തോമസ് സജീവ് തെക്കേച്ചരുവിൽ ഒ.ഐ.സി**

അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിനെപ്പറ്റി ഓർക്കുമ്പോൾ ഒത്തിരി സന്തോഷമുണ്ട്. പിതാവിനെപ്പറ്റി ഏതാനും കാര്യങ്ങൾ ഓർമ്മയിൽനിന്നും പങ്കുവയ്ക്കുകയാണ്.

എന്റെ ജീവിതത്തിലെ ആരംഭം മുതൽ ഞാൻ കണ്ടിട്ടുള്ള പിതാവ് മാർ ഗ്രിഗോറിയോസ് പിതാവായിരുന്നു. എന്റെ ബാല്യകാലത്തു തന്നെ ഞങ്ങളുടെ അച്ഛനുപ്പാപ്പന്റെ ഫാ.ജോഷ്വാ തെക്കേച്ചരുവിലിന്റെ ആദ്യകുർബാന ചൊല്ലിയപ്പോൾ കുമ്പഴ പള്ളിയിൽ എത്തിയതും അതിനുശേഷം ഞങ്ങളുടെ ഭവനത്തിൽ വന്ന് വിരുന്നിൽ സംബന്ധിച്ചതൊക്കെയും ഒരു ബാലനായിരുന്ന എനിക്ക് നല്ല ഓർമ്മയുണ്ട്. അപ്പോഴൊക്കെയും കുട്ടികളെ കാണുമ്പോൾ സന്തോഷത്തോടെ സൗഹൃദത്തോടെ സംസാരിക്കുന്ന ഒരു മനോഭാവവും അഭിവന്ദ്യ പിതാവിൽ കാണുവാൻ സാധിച്ചിട്ടുണ്ട്. പിന്നീട് എന്റെ ബാല്യകാലത്തുതന്നെ കുമ്പഴ പള്ളിയുടെ വികാരി ബഹു.ഇഗ്നേഷ്യസ് അച്ചനായിരുന്നു. ഇഗ്നേഷ്യസ് അച്ചൻ അഭിവന്ദ്യ പിതാവിന്റെ ഏറ്റവും ഇളയ സഹോദരനാണ്. ആ രീതിയിൽ പലപ്പോഴും അഭിവന്ദ്യ പിതാവ് കുമ്പഴ ആശ്രമത്തിൽ വന്നിരുന്ന അവസരത്തിൽ ഞങ്ങൾ കൊച്ചുകുട്ടികൾ ആശ്രമത്തിൽ ചെല്ലുമ്പോൾ പിതാവിനെ കണ്ടിരുന്നു. അപ്പോഴൊക്കെ ഞങ്ങളോട് സന്തോഷത്തോടെ, സൗഹൃദത്തോടെ സംസാരിച്ച കാര്യവും ഞാൻ

ഓർക്കുകയാണ്. എല്ലാവരെയും സ്നേഹിക്കുവാനും ഉൾക്കൊള്ളുവാനുമുള്ള നല്ല ഒരു മനസ്സ് ഉള്ള ഒരു തിരുമേനിയായിട്ടാണ് പിതാവിനെ അന്ന് കാണുവാൻ സാധിച്ചിട്ടുള്ളത്. തുടർന്നും എന്റെ ജീവിതത്തിൽ ഒത്തിരി നല്ല അനുഭവങ്ങൾ കടന്നുവന്നത് പിതാവിന്റെ സാന്നിദ്ധ്യത്തിലായിരുന്നുവെന്നതും നല്ല ഓർമ്മയായിട്ട് സൂക്ഷിക്കുകയാണ്.

എന്റെ ആദ്യകുർബാന സ്വീകരണത്തിന് കുമ്പഴ പള്ളിയിൽ എഴുന്നെള്ളിവന്നത് പിതാവായിരുന്നു. അഭിവന്ദ്യ പിതാവിൽ നിന്നുമാണ് വിശുദ്ധ കുർബാന ആദ്യമായിട്ട് ഞാൻ സ്വീകരിച്ചതും. അതൊരു വലിയ അനുഭവമായിട്ട് ഇപ്പോഴും ജീവിതത്തിൽ സൂക്ഷിക്കുന്നു. പിന്നീട് 1974-ൽ ആശ്രമത്തിൽ ചേർന്നതിനുശേഷവും പല പ്രാവശ്യവും അഭി.മാർ ഗ്രിഗോറിയോസ് തിരുമേനിയായിട്ട് അടുത്തിടപഴകുന്നതിനും അഭിവന്ദ്യ പിതാവിന്റെ വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നതിനും പിതാവിന്റെ നിരവധിയായ പ്രസംഗങ്ങൾ കേൾക്കുന്നതിനും ഇടവന്നിട്ടുണ്ട്. അതൊക്കെയും ഇപ്പോഴും മനസിൽ വലിയൊരു അനുഭവമായിട്ട് കാത്തുസൂക്ഷിക്കുന്നുമുണ്ട്. തുടർന്നുള്ളതായ എന്റെ പരിശീലനത്തിൽ എനിക്ക് ശെമ്മാശപട്ടം നൽകിയതും അതുപോലെ എനിക്ക് വൈദികപട്ടം നൽകിയതും അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് പിതാവ് തന്നെയായിരുന്നു.

പിതാവിന്റെ വ്യക്തിത്വത്തെപ്പറ്റി ചിന്തിക്കുമ്പോൾ ഓർക്കുന്ന കാര്യം ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സന്ന്യാസ പ്രസ്ഥാനത്തിലാകൃഷ്ടനായിട്ട് ബഥനി ആശ്രമത്തിലേക്ക് കടന്നുവരികയും ഒരു യഥാർത്ഥ സന്ന്യാസിയായിട്ട് ജീവിക്കുകയും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ദർശനങ്ങൾ തന്റെ ജീവിതത്തിൽ ഏറ്റെടുത്തുകൊണ്ട് ഒരു നല്ല സന്ന്യാസിയായി ജീവിച്ചുകൊണ്ട് എല്ലാവർക്കും മാതൃക നൽകി എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

വൈദികജീവിതത്തിലെ 1990-ൽ ഞാൻ ബഹു.ഇഗ്നേഷ്യസ് അച്ചനുമൊത്ത് ബോംബെയിലായിരിക്കുമ്പോൾ പല അവസരത്തിലും അഭിവന്ദ്യ പിതാവ് ബോംബെ ആശ്രമത്തിൽ കടന്നുവരുന്നതിന് അവസരം ഉണ്ടായിട്ടുണ്ട്. അപ്പോഴൊക്കെയും പിതാവിനെ ഒന്നുകൂടി അടുത്തറിയുവാനും പിതാവിന്റെ വ്യക്തിത്വത്തെ മനസിലാക്കുവാനും സാധിച്ചിട്ടുണ്ട്. ഒരു യഥാർത്ഥ സന്ന്യാസിയായിട്ടാണ് എവിടെയും പിതാവ് ജീവിച്ചിരുന്നത്. ലളിതജീവിതം ഏറ്റം പ്രധാനപ്പെട്ട കാര്യമായി കാണുവാൻ സാധിക്കും. സ്വന്തം വസ്ത്രങ്ങൾ പോലും സ്വയമായിട്ട് അലക്കുന്ന മനോഭാവവും പിതാവിന് ഉണ്ടായിരുന്നു. അതുപോലെ പിതാവിനെപ്പറ്റി ചിന്തിക്കുമ്പോൾ പിതാവ് ഒരു മഹാത്മാവായിരുന്നു എന്നു പറയുന്നതിൽ യാതൊരു സംശയവുമില്ല. വിശുദ്ധനായിരുന്നു, എല്ലാവരെയും ഉൾക്കൊള്ളുന്ന വ്യക്തിയായിരുന്നു. എല്ലാവർക്കുമുള്ള ഒരു തിരുമേനിയായിട്ട് പിതാവ് ജീവിച്ചു.

അതുപോലെ പിതാവിന്റെ ജീവിതത്തെപ്പറ്റി ഓർക്കുമ്പോൾ മനുഷ്യനെ അവന്റെ സർവ്വ മഹത്വത്തിനും ദർശിച്ച ഒരു വ്യക്തിത്വമായിരുന്നു മാർ ഗ്രിഗോറിയോസ് പിതാവിനുള്ളത്. ഒരു വ്യക്തിയുടെ സ്ഥാനമാനങ്ങളോ പദവികളോ ഒന്നുമല്ല ആ വ്യക്തിയെ യഥാർത്ഥ വ്യക്തിയാക്കി മാറ്റുന്നത് എന്ന ചിന്ത പിതാവിനുണ്ടായിരുന്നു. അതിനാൽ തന്നെ എല്ലാവരെയും സമഭാവനയോടെ ഉൾക്കൊള്ളുന്ന ഒരു മനോഭാവമായിരുന്നു തിരുമേനിക്കുണ്ടായിരുന്നത്. അതു നമ്മുടെ സഭയിലുള്ളവരെയായാലും പുറത്തുള്ളവരെയായാലും എല്ലാവരെയും ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു ജീവിതമായിരുന്നു പിതാവിനുള്ളത്.

അതുപോലെ പ്രകൃതി സ്നേഹിയായിരുന്നു പിതാവ്. പ്രകൃതിയോട് ഒത്തുചേർന്നുകൊണ്ട് ജീവിച്ച് ഈ പ്രകൃതിയെ വളർത്തുവാനും പരിപോഷിപ്പിക്കുവാനുമുള്ള എല്ലാ അവസരങ്ങളും പിതാവ് തന്റെ ജീവിതത്തിലൂടെ കാണിച്ചുതന്നു. മനുഷ്യന്റെ നന്മയ്ക്കുവേണ്ടി ഈ പ്രകൃതിയെ ഉപയോഗിക്കുവാനും കൃഷിയും അതുപോലെ മറ്റ് വികസനപ്രവർത്തനങ്ങളുമൊക്കെയും ഏർപ്പെടുത്തി മനുഷ്യന്റെ ആത്മീയവും ഭൗതികവുമായ നിലകളിൽ പരിപോഷിപ്പിക്കുന്നതിനായിട്ട് പിതാവ് വളരെയേറെ പരിശ്രമിച്ചിട്ടുണ്ട്. അതുപോലെ പിതാവിനെപ്പറ്റി ഓർക്കുമ്പോൾ നമുക്ക് അറിയാം. നമ്മുടെ സഭയുടെ അദ്ധ്യക്ഷനായിരുന്നുകൊണ്ട് നല്പത്തിയൊന്നു വർഷം നമ്മെ നയിച്ചു. തീർച്ചയായും മലങ്കര കത്തോലിക്കാ സഭയുടെ ഇന്നുവരെയുള്ള ചരിത്രത്തിൽ നിർണ്ണായകമായ അഭിവൃദ്ധിയുടെ പടവുകളാണ് പിതാവിന്റെ ജീവിതം വഴി ഉണ്ടായിട്ടുള്ളത്.

ഒരുപക്ഷേ പിതാവിന്റെ അഡ്രസിൽ തന്നെയായിരുന്നു ഒരു കാലഘട്ടത്തിൽ മലങ്കരകത്തോലിക്കാ സഭ അറിഞ്ഞിരുന്നത്. അതുപോലെയൊരു വ്യക്തിപ്രാഭവമായിരുന്നു മാർ ഗ്രിഗോറിയോസ് പിതാവിനുണ്ടായിരുന്നത്. അങ്ങനെ എല്ലാവരെയും ഉൾക്കൊള്ളുകയും എല്ലാവരെയും സ്നേഹിക്കുകയും എല്ലാവരുടെയും അഭിവൃദ്ധിക്കായി പ്രവർത്തിക്കുകയും ചെയ്ത പിതാവ് തീർച്ചയായും മലങ്കര മക്കളുടെ മനസിൽ മാത്രമല്ല, ബഥനി ആശ്രമസ്ഥരുടെ മനസിൽ മാത്രമല്ല, ഈ പൊതു സമൂഹത്തിലെ എല്ലാവരുടെയും മനസിൽ ഒരു യശശരീരനായ തിരുമേനിയായിട്ട് ഇന്നും വാഴുന്നു. ആ പിതാവിന്റെ സ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു, നിത്യസൗഭാഗ്യത്തിൽ പിതാവിനെ നമുക്ക് കാണാം എന്ന പ്രത്യാശയിൽ.

### ഫാ. ആന്റണി പടിപ്പുരയ്ക്കൽ ഒ.ഐ.സി

1987–'88 കാലഘട്ടത്തിലാണ് എന്റെ റീജൻസി കാലം. റീജൻസിയുടെ ആദ്യപകുതിയിൽ വെങ്ങോലയിൽ സമാപിച്ചുകഴിഞ്ഞപ്പോൾ തിരുവല്ലായിലേക്കാണ് എന്നെ നിയമിച്ചത്. അപ്പോൾ ആ റീജൻസി കാലത്ത് തിരുവല്ലാ അതിഭദ്രാസനത്തിൽ അഡ്മിനിസ്ട്രേറ്ററുടെ ഭരണനേതൃത്വത്തിൽ ആയിരുന്ന ഒരു കാലഘട്ടം ഈ കാലഘട്ടത്തിൽ ഗ്രിഗോറിയോസ് തിരുമേനി മാത്രമേ മലങ്കര സഭയിൽ മെത്രാപ്പോലീത്തായായിട്ട് ഉണ്ടായിരുന്നുള്ളു. അപ്പോൾ തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ കീഴിലുള്ള പള്ളികളോ അതിനോടനുബന്ധിച്ചുള്ളതായ സ്ഥാപനങ്ങളിലോ മാത്രമല്ല പിതാവ് ശുശ്രൂഷയ്ക്കായിട്ട് കടന്നുവന്നത്. തിരുവല്ലാ അതിഭദ്രാസനത്തിനും പള്ളികൂദാശകൾ, സന്ന്യാസവ്രതാനുഷ്ഠാനങ്ങൾ, പൗരോഹിത്യ ശുശ്രൂഷകൾ അഥവാ പട്ടംകൊട തുടങ്ങിയ കാര്യങ്ങളിൽ ഗ്രിഗോറിയോസ് തിരുമേനി ആ കാലഘട്ടത്തിൽ നിരന്തരമായ തന്റെ സാന്നിദ്ധ്യം വളരെ സ്നേഹപൂർവ്വം നൽകിയിരുന്നു. റീജൻസി കാലത്ത് പിതാവ് നമ്മുടെ ചില പള്ളികളിൽ ജൂബിലിയാഘോഷങ്ങളും അതുപോലെ പള്ളികൂദാശകളുമൊക്കെ നടത്തിയിരുന്നു. അങ്ങനെയുള്ള വേദികളിലൊക്കെ ക്വയർ ലീഡ് ചെയ്യുന്നതിന് എന്നെ അയച്ചിരുന്നു. ഓർഗൻ വായിക്കുന്ന സമയത്ത് പലപ്പോഴും ഉള്ളിൽ ഭയമുണ്ടായിരുന്നെങ്കിലും ഗ്രിഗോറിയോസ് തിരുമേനിയായിരുന്നു കാർമികൻ എന്നതിനാൽ ചില കാര്യങ്ങളിൽ വഴക്കു പറയുമോ എന്ന സംശയമൊക്കെ ഉണ്ടായിരുന്നുവെങ്കിലും അങ്ങനെയൊന്നുമായിരുന്നില്ല. കുർബാനയും കൂദാശയുമൊക്കെ കഴിഞ്ഞ് ഓരോ പ്രാവശ്യവും നന്നായിരുന്നു എന്ന് പറയുന്ന, പ്രോത്സാഹിപ്പിക്കുന്ന വാക്കുകളാണ് പിതാവിൽ നിന്നു കേട്ടത്.

ഞാൻ കറ്റാനത്ത് ആയിരുന്നപ്പോൾ ഒരു ദിവസം ചുറ്റുപാടുകൾ തൂക്കുകയും വൃത്തിയാക്കുകയും ചെയ്യുന്ന സമയത്ത് അഭിവന്ദ്യ പിതാവ് അവിടേക്ക് കടന്നുവരികയുണ്ടായി. അപ്പോൾ എന്റെ കയ്യിൽ ചൂലാണ് ഇരുന്നത്. ഞാൻ പെട്ടെന്ന് ചൂൽ താഴെയിട്ടു. പിതാവിന്റ കൈ മുത്തി, അപ്പോൾ പിതാവ് പറഞ്ഞ വാക്കുകൾ: "കൊച്ചച്ചന്മാരായാൽ ഇങ്ങനെയൊക്കെ ആയിരിക്കണം" അതുകഴിഞ്ഞിട്ട് അല്പം വിശ്രമിക്കണമെന്നു പറഞ്ഞു, അപ്പോൾ ഞാൻ പെട്ടെന്ന് ബെഡ്ഷീറ്റ്, തോർത്ത്, സോപ്പ് തുടങ്ങിയവ എടുക്കുവാനായിട്ട് കയറിയപ്പോൾ സാരമില്ല, എനിക്ക് അല്പസമയമൊന്ന് കിടന്നാൽ മതിയെന്നു പറഞ്ഞ് പിതാവ് ഷീറ്റുപോലും വിരിക്കാതെ അവിടെതന്നെ കിടന്നു. അന്നുതന്നെ ഉച്ചയ്ക്ക് ആശ്രമത്തിൽ തയ്യാറാക്കിയിരുന്ന ഭക്ഷണം പ്രത്യേകിച്ച് വേറൊയൊരു ഭക്ഷണം തയ്യാറാക്കുവാനായിട്ട് പിതാവിന് താല്പര്യമൊന്നും ഇല്ലായിരുന്നു. ഉള്ള ഭക്ഷണം എല്ലാവരുമായി സന്തോഷത്തോടെ കഴിച്ചിട്ട് മടങ്ങിപ്പോയി.

ബഥനിയിലെ മാർ ഗ്രിഗോറിയോസ് എന്നു പറയുന്ന ആ വ്യക്തി ബഥനി ആശ്രമത്തിന്റെ മുഖം ആയിരുന്നു. ലാളിത്യത്തിന്റെയും സ്നേഹത്തിന്റെയും പരിചരണത്തിന്റെയും പ്രോത്സാഹനത്തിന്റെയുമൊക്കെയും ആ വലിയ മനോഭാവം, പ്രോത്സാഹനത്തിന്റെയുമൊക്കെ വലിയ മനോഭാവം. അപ്പോൾ പിതാവിന്റെ മുഖം എന്നു പറയുന്നത് ബഥനി ആശ്രമത്തിന്റെ മുഖമായിരുന്നു. പിതാവ് എന്നും ബഥനി ആശ്രമസ്ഥനായിട്ടാണ് ജീവിച്ചത്. അതിന്റെ ലാളിത്യത്തിലും അതിന്റെ എല്ലാ ആത്മാവിലും ഉൾക്കൊണ്ടുകൊണ്ട് തന്റെ ജീവിതം പൂർത്തിയാക്കി. ആ വലിയ സന്ന്യാസത്തിന്റെയും ലാളിത്യത്തിന്റെയും മുഖം ബഥനി ആശ്രമത്തിന്റെ മുഖമാണെന്ന് ജീവിതത്തിലുടനീളം തെളിയിച്ച പിതാവ് മറ്റു സമൂഹങ്ങളുടെ ഇടയിലും മലങ്കര സഭയെ എടുത്തു കാട്ടുന്നതിന് ആ ജീവിതശൈലി ഉപയോഗിച്ചു എന്നുള്ളതാണ്.

**ഫാ. ഡാമിയൻ എടനാട്ടുപീടികയിൽ ഒ.ഐ.സി**

ഏറ്റവും സിംപിളായ മനുഷ്യൻ. ഒരു സുഖലോലുപതയും ഇല്ല, ഒരു ആഡംബരവുമില്ല, ഏറ്റവും ലളിതനായിട്ട് ജീവിച്ച മനുഷ്യനാണ്. അദ്ദേഹം പത്തനംതിട്ട ദേശത്തുകൂടി എവിടെപ്പോയാലും എന്തിനുപോയാലും അന്ന് കുമ്പഴ ആശ്രമത്തിൽ വന്നു താമസിക്കുമായിരുന്നു. മുൻകൂട്ടി അറിയിച്ചിട്ടല്ല വരുന്നത്. ഉള്ള ഭക്ഷണം കഴിച്ച് ഉള്ളിടത്ത് കിടക്കും. ദിവസവും വന്ന് അദ്ദേഹം അന്ന് ധരിച്ചതായ വസ്ത്രം കഴുകിയിടും. പിറ്റേദിവസം അത് ഇട്ടുകൊണ്ടാണ് പോകുന്നത്. അതുപോലെതന്നെ അദ്ദേഹത്തിന്റെ ദൈവഭക്തി അദ്ദേഹം പ്രാർത്ഥനയിൽ സംബന്ധിക്കുമായിരുന്നു. യാമപ്രാർത്ഥന കഴിഞ്ഞ് ഞങ്ങളോട് പോകാൻ പറഞ്ഞതിനുശേഷം അദ്ദേഹം രാത്രി ഒരുമണി കഴിഞ്ഞാലും പ്രാർത്ഥിക്കുമായിരുന്നു. അങ്ങനെ പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും ലാളിത്യത്തിന്റെയും ഒരു മനുഷ്യനായിരുന്നു. അദ്ദേഹത്തെ ഞാൻ മനസിലാക്കിയിടത്തോളം പാവപ്പെട്ടവരെ സഹായിക്കാൻ വളരെ സന്നദ്ധതയുള്ള ആളായിരുന്നു. പണത്തിന്റെ പിറകേ പോകുന്ന

# ബഥനി വാർത്തകൾ

## പൂനാ ബഥനി ആശ്രമം

**ബഥനി വിശുദ്ധരുടെ തിരുന്നാൾ ആഘോഷം (29-07-22)**

ബഥനി വിശുദ്ധരുടെ തിരുന്നാൾ സമൂഹത്തോടൊപ്പം പൂനാ ആശ്രമവും, ജൂലൈ മാസം 29-ാം തീയതി ആഘോഷിച്ചു. അന്നേ ദിവസം രാവിലെ ദിവസത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളിച്ചുകൊണ്ട്, പ്രാർത്ഥനാ ശുശ്രൂഷകൾ നടത്തി. തുടർന്ന് എല്ലാ വർഷങ്ങളിലെയും പോലെ ക്യാംപസിലെ എല്ലാവർക്കുമായി രാവിലെ 10.30 മുതൽ സ്നേഹഭോജനം (High Tea) ക്രമീകരിച്ചു. ആശ്രമവുമായി അടുപ്പമുള്ള നിരവധി ഭവനങ്ങൾ അന്നേ ദിവസം ആശ്രമത്തിൽ കടന്നുവരികയും ആശംസകൾ അറിയിക്കുകയും ചെയ്തു. തിരുന്നാളിന്റെ ആഘോഷമായ വി.കുർബാനക്കു ബഹു.ബ്രിട്ടോ ഒ.ഐ.സി. അച്ചൻ നേതൃത്വം നൽകി. തുടർന്ന് നടന്ന അത്താഴ വിരുന്നിൽ കാലേവാഡി ആശ്രമത്തിലെ അച്ചന്മാരും നമ്മുടെ ബ്രദേഴ്സ് മിഷൻ ചെയ്യുന്ന ദൈവാലയങ്ങളിൽ നിന്നുള്ള വൈദികരും സന്നിഹിതരായിരുന്നു. അവരുടെ സാന്നിദ്ധ്യം കൂട്ടായ്മയുടെ സന്തോഷം വർദ്ധിപ്പിച്ചു.

**സ്വാതന്ത്ര്യ ദിനാഘോഷം (15-08-2022)**

75-ാം സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് പൂനാ ബഥനി ആശ്രമത്തിൽ നടന്ന ചടങ്ങിൽ ആശ്രമത്തിന്റെ പ്രൊക്യുറേറ്റർ ബഹു. അലനച്ചൻ പതാക ഉയർത്തി. തുടർന്ന് ബ്ര.സ്റ്റാൻലി തോമസ് സ്വാതന്ത്ര്യദിന സന്ദേശം നൽകി.

**മലയാളം അക്കാദമി (30-08-2022)**

നമ്മുടെ ബ്രദേഴ്സിന്റെ സർഗ്ഗാത്മകമായ കഴിവുകളെ വളർത്തുന്നതിനുള്ള വേദിയായ മാർ ഈവാനിയോസ് അക്കാഡമിയിൽ ആഗസ്റ്റ് മാസം 30-ാം തീയതി, മലയാള പ്രസംഗ കളരി നടന്നു. തത്വശാസ്ത്ര വിദ്യാർത്ഥികൾ തങ്ങളുടെ ചിന്തകൾ പങ്കുവച്ചു. ആശ്രമാദ്ധ്യക്ഷനും, എം.ഐ.എ ആനിമേറ്ററും സന്നിഹിതരായിരുന്നു.

**പരി.ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ**

പൂനാ സ്കൊളാസ്റ്റികിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ പരി.ദൈവമാതാവിന്റെ ജനനപെരുന്നാളും എട്ടുനോമ്പും സെപ്റ്റംബർ ഒന്നുമുതൽ എട്ടുവരെ ഭക്ത്യാദരവോടെ നടന്നു. ഒന്നുമുതൽ അഞ്ചുവരെ ദിവസങ്ങളിൽ രാവിലെ വി.കുർബാനയും, വൈകുന്നേരം സന്ധ്യാപ്രാർത്ഥനയും പരിശുദ്ധ ദൈവമാതാവിന്റെ വിവിധങ്ങളായ ജീവിത രഹസ്യങ്ങളിലെ ധ്യാനചിന്തകൾ പങ്കുവെച്ചത് വിവിധ വർഷങ്ങളിൽ രൂപീകരണത്തിലിരിക്കുന്ന സന്ന്യാസ സഹോദരന്മാരായിരുന്നു. 6,7,8, ദിവസങ്ങളിൽ യഥാക്രമം സീറോ മലബാർ, ലത്തീൻ സഭകളുടെ വി.കുർബാനയും തുടർന്ന് ധ്യാനവിചിന്തനവും മദ്ധ്യസ്ഥപ്രാർത്ഥനയും നടത്തി. എട്ടാം ദിവസം നവജ്യോതി പ്രോവിൻസ് പ്രൊവിൻഷ്യൽ സെക്രട്ടറി ബഹു.ആന്റണി ഞെരിഞ്ഞാംപള്ളി ഒ.ഐ.സി. വി.കുർബാനയ്ക്കും പ്രാർത്ഥനകൾക്കും നേതൃത്വം നൽകി. നേർച്ച വിതരണത്തോടെ എട്ടുനോമ്പ് പെരുന്നാൾ സമാപിച്ചു. നിരവധി വിശ്വാസികളും എല്ലാ ആശ്രമാംഗങ്ങളും എട്ടുനോമ്പ് പെരുന്നാളിന് സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചു.

**ഔട്ട് റീച്ച് പ്രോഗ്രാം (8-9-2022)**

പൂനാ ബഥനി ആശ്രമത്തിലെ സോഷ്യൽ സർവ്വീസിന്റെ ഭാഗമായി തിരുവോണ ദിവസം ആശ്രമത്തിലെ സമീപ പ്രദേശങ്ങളിലെ വിവിധ സ്ഥലങ്ങളിൽ ഉച്ചഭക്ഷണ വിതരണം നടത്തി. സാമൂഹിക പ്രതിബദ്ധത വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ പരിപാടി നടത്തിയത്.

**ഓണാഘോഷം 2022 (10-09-2022)**

10-09-2022 ന് പൂനാ ബഥനി ആശ്രമത്തിൽ ഈ വർഷത്തെ ഓണാഘോഷം നടത്തപ്പെട്ടു. ഓണത്തിന്റെ സന്ദേശം ആശ്രമത്തിന്റെ റെക്ടറുമായിരിക്കുന്ന ബഹു.തോമസ് റെജി അച്ചൻ നൽകി. വിവിധങ്ങളായ ഓണക്കളികളിൽ ആഘോഷങ്ങൾക്ക് കൊഴുപ്പേകി. നവജ്യോതി പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സെക്രട്ടറി ബഹു.ആന്റണി അച്ചനും, ബഹു.വർഗ്ഗീസ് തൈക്കൂട്ടത്തിൽ അച്ചനും കാലേവാഡി കമ്മ്യൂണിറ്റിയും ഓണാഘോഷങ്ങളിൽ പങ്കെടുത്തു. തുടർന്ന് വിഭവ സമൃദ്ധമായ ഓണസദ്യയും നടന്നു.

**ഡീക്കന്മാരുടെ കോംപ്രിഹെൻസീവ് എക്സാം (1-10-2022)**

തിയോളജി പഠനത്തിന്റെ ഭാഗമായ കോംപ്രിഹെൻസീവ് എക്സാം 1-10-22-ന് കോളേജിൽ വച്ച് നടത്തപ്പെട്ടു. എക്സാം നടത്തുന്നതിനായി ഫാ.തോമസ് റെജി, ഫാ.തോമസ് പ്രശോഭ്, ഫാ.തോമസ് പ്രമോദ്, ഫാ.റ്റൈറ്റസ് ജോൺ, ജെ.ഡി.യിലെ മറ്റു പ്രൊഫസർമാരും സന്നിഹിതരായിരുന്നു. ഡീക്കൻ ജിതിൻ, ഡീക്കൻ ജിജോ, ഡീക്കൻ അലക്സിസ്, ഡീക്കൻ ഷൈജു, ഡീക്കൻ ജിത്തു എന്നിവർ വളരെ നല്ല രീതിയിൽ എക്സാം കൊടുക്കുകയും ഉന്നത വിജയം കരസ്ഥമാക്കുകയും ചെയ്തു.

**ഐസക്കച്ചന്റെ അനുമോദനവും ഡീക്കന്മാരുടെ യാത്രയയപ്പും (2-10-2022)**

ബഹു.ഐസക് പാറക്കലച്ചന്റെ സന്ന്യാസ വൈദികജീവിതത്തിന്റെ സിൽവർ ജൂബിലിയും റോമിൽ നിന്ന് പ്രൊഫസർഷിപ്പ് ലഭിച്ചതിനും ആശ്രമത്തിൽ അനുമോദനം സംഘടിപ്പിച്ചു. അതിനോടൊപ്പം ഡീക്കന്മാർക്ക് യാത്രയയപ്പും നൽകി.

## എത്യോപ്യ

**ഗോറു ആശ്രമം**

ഗോറു ആശ്രമത്തിൽ താമസിച്ചുകൊണ്ട് ഗോറു കേന്ദ്രീകരിച്ചും ഗാഗുറെ ബോറാ ഗാലിയ റോഗ്ഡ എന്നീ മിഷനുകൾ കേന്ദ്രീകരിച്ചുമാണ് മിഷൻ പ്രവർത്തനങ്ങൾ നടന്നു വരുന്നത്.

ഗോറു ആശ്രമത്തോടു ചേർന്ന് പ്രവർത്തിച്ചു വരുന്ന ലിറ്റിൽ ഫ്ളവർ ബഥനി സ്കൂളിൽ ഈ വർഷത്തെ അധ്യയന വർഷം ആരംഭിച്ചു. കെ.ജി മുതൽ ആറാം സ്റ്റാൻഡേർഡു വരെ 467 കുട്ടികളാണ് വിദ്യാരംഭം കുറിച്ചത്. ആശ്രമത്തോടു ചേർന്നുള്ള ബോയ്സ് ഹോമിൽ ഈ വർഷം നാല് കുട്ടികളെ മാത്രമാണ് എടുത്തിരിക്കുന്നത്. ഫോർമേഷനുമായി ബന്ധപ്പെട്ട come and see ഒരു പ്രോഗ്രാം സംഘടിപ്പിക്കാനായി ആലോചിച്ചപ്പോൾ 17 കുട്ടികൾ പേര് നൽകുകയുണ്ടായി. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ മാറ്റിവെക്കേണ്ടി വന്നത് പുനർ ക്രമീകരിക്കാനായി സാധിച്ചിട്ടില്ല.

**ഗാഗുറെ ബോറാ**

ഗാഗുറെ ബോറാ കേന്ദ്രീകരിച്ച് നടത്തിയ മിഷൻ പ്രവർത്തനങ്ങളുടെ ഫലമായി ഈ വർഷം 20 കുട്ടികളുടെ ആദ്യകുർബാനയും 27 കുട്ടികളുടെ മാമോദീസായും ദേവാലയ തിരുന്നാളിനോട് അനുബന്ധിച്ച് നടത്തപ്പെടുകയുണ്ടായി. തിരുന്നാളിനോട് അനുബന്ധിച്ചു തന്നെ നവീകരിച്ച ദേവാലയത്തിന്റെ കൂദാശയും മേട നവീകരണവും നടത്തപ്പെട്ടു. വില്ലേജിന് വേണ്ടി ഒരു ബേക്കറിയുടെയും മില്ലിന്റെയും പണി പുരോഗമിക്കുകയാണ്.

## ബഥനി ആശ്രമം ജനറലേറ്റ്

**നവാഭിഷിക്തരായ പിതാക്കന്മാർക്ക് സ്വീകരണം**

നവാഭിഷിക്തരായ മാത്യൂസ് മാർ പോളികാർപ്പസ് പിതാവിനും ആന്റണി മാർ സിൽവാനോസ് പിതാവിനും 2022 ഓഗസ്റ്റു മാസം 19–ാം തീയതി ബഥനി ആശ്രമം ജനറലേറ്റിൽ സ്വീകരണം നൽകി. വൈകിട്ട് 6.30–ന് പിതാക്കന്മാർക്ക് മലങ്കര ആരാധന ക്രമമനുസരിച്ചുള്ള ലിറ്റർജിക്കൽ റിസപ്ഷനും സന്ധ്യാപ്രാർത്ഥനയും നടത്തി. സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം വന്ദ്യപിതാക്കന്മാരെ അനുമോദിച്ചുള്ള പൊതുസമ്മേളനം ആരംഭിച്ചു. പിതാക്കന്മാർക്ക് ആശംസകളർപ്പിച്ച് ബഹു.സുപ്പീര്യർ ജനറൽ മത്തായി കടവിലച്ചൻ സ്വാഗതപ്രസംഗം നടത്തി. ബഥനി സന്ന്യാസിനിസമൂഹത്തിന്റെ മദർ ജനറൽ സി.ആർദ്രയും കോട്ടയം വൈദികജില്ലാ വികാരി വർഗീസ് പള്ളിക്കലച്ചനും വാർഡ് മെമ്പർ ശ്രീമതി സിസി ബോബിയും ആശംസകളർപ്പിച്ച് സംസാരിച്ചു. ബഥനി സന്ന്യാസി സമൂഹത്തിന്റെ നാമത്തിലുള്ളതായ ഉപഹാരങ്ങൾ ജനറൽ കൗൺസിലർ ബ്രദർ ജോർജ്ജ് ഗ്രേഷ്യസ് കരിമ്പനാമണ്ണിൽ വന്ദ്യപിതാക്കന്മാർക്ക് സമർപ്പിച്ചു. പൊതുസമ്മേളനത്തെ തുടർന്ന് കടന്നുവന്ന എല്ലാവർക്കും ആശ്രമഭക്ഷണമുറിയിൽ സ്നേഹവിരുന്ന് നടത്തി. വന്ദ്യപിതാക്കന്മാരുടെ ആശീർവാദത്തോടെ ചടങ്ങുകൾ പര്യവസാനിച്ചു.

**വിഴിഞ്ഞം സമരം**

തിരുവനന്തപുരം ലത്തീൻ രൂപതയുടെ നേതൃത്വത്തിൽ മത്സ്യബന്ധന തൊഴിലാളികളുടെ പുനരധിവാസത്തിനായി നടന്നുവരുന്ന സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ബഥനി സന്ന്യാസി സമൂഹത്തിന്റെ സുപ്പീര്യർ ജനറൽ മത്തായി കടവിൽ അച്ചനും കൗൺസിലർ ഗ്രേഷ്യസ് ബ്രദറും സെക്രട്ടറി ജോബിനച്ചനും വിഴിഞ്ഞം ഹാർബറിലുള്ള സമരപ്പന്തൽ 2022 സെപ്റ്റംബർ മാസം 16–ാം തീയതി സന്ദർശിച്ചു. ഇവരോടൊപ്പം ബഥനി സന്ന്യാസിനി സമൂഹത്തിന്റെ മദർ ജനറൽ സി.ആർദ്രയും ജനറൽ കൗൺസിൽ അംഗങ്ങളും പത്തനംതിട്ട പ്രോവിൻസിന്റെ മദർ പ്രൊവിൻഷ്യൽ സി.തമീമും, തിരുവനന്തപുരം പ്രോവിൻസിന്റെ മദർ പ്രൊവിൻഷ്യൽ സി.സാന്ദ്രയും പ്രൊവിൻഷ്യൽ കൗൺസിലിന്റെ മറ്റ് അംഗങ്ങളും അഞ്ചു പ്രോവിൻസിൽ നിന്നുമുള്ള സിസ്റ്റേഴ്സും സമരപ്പന്തൽ സന്ദർശിച്ചു. ബഹു.ജനറാളച്ചൻ തന്റെ പ്രസംഗത്തിൽ കടലിന്റെ മക്കളെ അഭിസംബോധന ചെയ്ത് സംസാരിച്ചു. സമാധാനത്തിന്റെ മേഖലകളിലൂടെ സംവാദത്തിലൂടെയും സമവായത്തിലൂടെയും ജീവിതസാഹചര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി സമരം ചെയ്യുന്നവർക്ക് അച്ചൻ തന്റെ പിന്തുണ വാഗ്ദാനം ചെയ്തു. പ്രകൃതി ചൂഷണത്തിന് എതിരായി ശബ്ദമുയർത്തുന്നവരാകണം കത്തോലിക്കാ

വിശ്വാസികളെന്നും അദ്ദേഹം തന്റെ പ്രസംഗത്തിലൂടെ ആഹ്വാനം ചെയ്തു. തന്റെ പ്രാർത്ഥനയിലൂടെയും കഴിയുന്ന രീതിയിലൊക്കെയും സമരക്കാരോടൊത്ത് സഹകരിക്കുമെന്ന ഉറപ്പു നൽകി ബഥനി സന്ന്യാസി സമൂഹത്തിന്റെ ധാർമ്മിക പിന്തുണ വാഗ്ദാനം ചെയ്ത് തന്റെ പ്രസംഗം ഉപസംഹരിച്ചു. പ്രളയം വന്നപ്പോൾ മലയാളികളെ സഹായിച്ച കടലിന്റെ മക്കൾക്ക് പ്രാർത്ഥനകളും സഹായങ്ങളും വാഗ്ദാനം ചെയ്ത് ബഥനി സന്ന്യാസിനി സമൂഹത്തിന്റെ പിന്തുണ മദർ ജനറൽ സി.ആർദ്ര അറിയിച്ചു.

**ജനറാളച്ചന്റെ ഫീസ്റ്റ്**

വി.മത്തായി ശ്ലീഹായുടെ നാമം പേറുന്ന ബഹു. സുപ്പീര്യർ ജനറൽ മത്തായി കടവിലച്ചന്റെ നാമഹേതുക തിരുന്നാൾ 2022 സെപ്റ്റംബർ മാസം 21-ാം തീയതി ബഥനി ജനറലേറ്റ് ആശ്രമത്തിൽ ആഘോഷിച്ചു. ഈ ആഘോഷത്തിൽ ബഥനി നവജീവൻ, നവജ്യോതി പ്രൊവിൻഷ്യൽ കൗൺസിൽ അംഗങ്ങളും, ബഥനി സിസ്റ്റേഴ്സ് ജനറലേറ്റ് അംഗങ്ങളും, ഗിരിദീപം ആശ്രമത്തിലെ അംഗങ്ങളും സംബന്ധിച്ചു. ജനറാളച്ചന്റെ നേതൃത്വത്തിൽ വൈകിട്ട് 7.00 മണിക്ക് സന്ധ്യാപ്രാർത്ഥന നടത്തുകയും അതേ തുടർന്ന് ആശ്രമ ഭക്ഷണമുറിയിൽ സ്നേഹവിരുന്നും നടത്തി. കടന്നുവന്ന എല്ലാവർക്കും കൗൺസിലർ ജനറൽ വർഗീസ് തറമുട്ടം അച്ചൻ സ്വാഗതം ആശംസിച്ചു. ഈ സ്നേഹവിരുന്നിൽ ബഥനി നവജീവൻ പ്രൊവിൻഷ്യൽ സുപ്പീര്യർ മാത്യു തിരുവാലിൽ അച്ചനും, ബഥനി സന്ന്യാസിനി സമൂഹത്തിന്റെ സെക്രട്ടറി ജനറൽ സി.രാജിതയും വന്ദ്യ ജനറാളച്ചന് നാമഹേതുക തിരുന്നാളിന്റെ ആശംസകൾ അർപ്പിക്കുകയും, ബഥനി നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീര്യർ ബഹു.ജോർജ്ജ് അയ്യനേത്ത് അച്ചൻ പൂച്ചെണ്ട് സമർപ്പിക്കുകയും ചെയ്തു. ഗിരിദീപം ആശ്രമത്തിലെ വൈദിക വിദ്യാർത്ഥികൾ ജനറാളച്ചന് ആശംസകളർപ്പിച്ച് അനുമോദനഗാനം ആലപിച്ചു. ജനറാളച്ചൻ മറുപടി പ്രസംഗം നടത്തുകയും അച്ചന്റെ പ്രാർത്ഥനയോടെ ചടങ്ങുകൾ പര്യവസാനിക്കുകയും ചെയ്തു.

**അപ്പസ്തോലിക് വിസിറ്റേഷൻ**

അപ്പസ്തോലിക് വിസിറ്റേറ്ററായി നിയമിക്കപ്പെട്ട വസായ് രൂപതാദ്ധ്യക്ഷൻ ഫെലിക്സ് അന്തോണി മച്ചാഡോ പിതാവ് ഒക്ടോബർ മാസം 4-ാം തീയതി വൈകിട്ട് തിരുവനന്തപുരത്ത് വരികയും അന്നേദിവസം തിരുവനന്തപുരം മേജർ അതിഭദ്രാസന അരമനയിൽ താമസിക്കുകയും പിറ്റേദിവസം ഒക്ടോബർ 5-ന് രാവിലെ ബഹു.ജനറാളച്ചനോടൊപ്പം പട്ടം കത്തീഡ്രലിൽ മാർ ഈവാനിയോസ് പിതാവിന്റെ കബറിടം സന്ദർശിച്ച് പ്രാർത്ഥിച്ച് തിരുവനന്തപുരം ബഥനി കുന്നിലുള്ള നവജീവൻ പ്രൊവിൻഷ്യൽ ആശ്രമത്തിൽ എത്തിച്ചേർന്നു. അന്നേദിവസം രാവിലെ അദ്ദേഹം നവജീവൻ പ്രൊവിൻഷ്യൽ കൗൺസിൽ അംഗങ്ങളെ കാണുകയും അവരോട് സംസാരിക്കുകയും അവരെ ശ്രവിക്കുകയും ചെയ്തു. ഇതിനുശേഷം ഉച്ചകഴിഞ്ഞ് തന്നെ സന്ദർശിക്കുവാൻ വന്ന നവജീവൻ അംഗങ്ങളെ കാണുകയും തുടർന്ന് ബഥനി ദയറാ അംഗങ്ങളെ സന്ദർശിച്ച് അവരോട് സംസാരിക്കുകയും അവരെ ശ്രവിക്കുകയും ചെയ്തു.

ഒക്ടോബർ മാസം 6-ന് വന്ദ്യ പിതാവ് കോട്ടയം ബഥനി ജനറലേറ്റ് ആശ്രമത്തിൽ എത്തുകയും ജനറൽ കൗൺസിൽ അംഗങ്ങളെ കാണുകയും അവരോട് സംസാരിക്കുകയും ചെയ്തു. പിറ്റേദിവസം ഒക്ടോബർ 7-ന് പരിശുദ്ധ ജപമാല രാജ്ഞിയുടെ തിരുന്നാൾ ദിനത്തിൽ ബഥനി ജനറലേറ്റ് ചാപ്പലിൽ അർപ്പിച്ച ബലിയിൽ പിതാവ് സഹകാർമികനായിരുന്നു.

അന്നേദിവസം പിതാവിനെ കാണുവാനായി മുൻകൂട്ടി അനുവാദം വാങ്ങിയ അംഗങ്ങൾ അദ്ദേഹത്തെ കാണുകയും അദ്ദേഹത്തോട് സംസാരിക്കുകയും ചെയ്തു. അന്നുവൈകിട്ട് നടത്തിയ അത്താഴവിരുന്നിൽ വന്ദ്യപിതാവിന് സെക്രട്ടറി ജനറൽ ജോബിൻ കുര്യാക്കോസ് അച്ചൻ നന്ദി അർപ്പിച്ചു.

ഒക്ടോബർ മാസം 8-ാം തീയതി രാവിലെ അദ്ദേഹം ആലുവ ദേശം നവജ്യോതി പ്രൊവിൻഷ്യൽ ആശ്രമത്തിൽ എത്തിച്ചേരുകയും പ്രൊവിൻഷ്യൽ കൗൺസിൽ അംഗങ്ങളെകണ്ട് സംസാരിക്കുകയും അവരെ ശ്രവിക്കുകയും ചെയ്തു. ഒക്ടോബർ മാസം 9-ാം തീയതി രാവിലെ അപ്പസ്തോലിക് വിസിറ്റേഷന്റെ ആദ്യനടപടികൾ പൂർത്തിയാക്കി ഫെലിക്സ് അന്തോണി മച്ചാഡോ പിതാവ് മടങ്ങിപ്പോയി.

## മറ്റു വാർത്തകൾ

മാവേലിക്കര രൂപതയുടെ നേതൃത്വത്തിൽ നവാഭിഷിക്തരായ പോളികാർപ്പസ് പിതാവിനും സിൽവാനോസ് പിതാവിനും ഓഗസ്റ്റ് മാസം 8-ാം തീയതി നൽകിയ സ്വീകരണ ചടങ്ങിൽ ബഹു.സുപ്പീര്യർ ജനറൽ മത്തായി കടവിൽ അച്ചൻ പങ്കെടുത്തു.

ഡൽഹി ഗുഡ്ഗാവ് രൂപതയിലെ പ്രഥമ മെത്രാപ്പോലീത്താ ആയിരുന്ന ജേക്കബ് മാർ ബർണബാസ് പിതാവിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് ഓഗസ്റ്റ് 26-ാം തീയതി നടത്തിയ പരി.കുർബാനയിലും മറ്റു കർമ്മങ്ങളിലും ഒന്നാം ജനറൽ കൗൺസിലർ ഗീവർഗീസ് കുറ്റിയിലച്ചൻ പങ്കെടുത്തു.

സെപ്റ്റംബർമാസം 3-ാം തീയതി തിരുവല്ലാ അതിരൂപതയിലെ നീരേറ്റുകാവ് ഇടവകയിൽ വച്ച് ജേക്കബ് മാർ ബർണബാസ് പിതാവിന്റെ ഒന്നാം ഓർമ്മപ്പെരുന്നാൾ നടത്തി. വി.കുർബാനയിലും പൊതുസമ്മേളനത്തിലും ബഹു.സുപ്പീര്യർ ജനറൽ മത്തായി കടവിൽ അച്ചൻ പങ്കെടുത്തു.

പരിശുദ്ധ ദൈവമാതാവിന്റെ ജന്മദിനതിരുനാൾ ആഘോഷിച്ച സെപ്റ്റംബർ മാസം 8 തീയതി രാവിലെ തിരുവനന്തപുരം മേജർ അതിരൂപതയിൽ നെടുമങ്ങാട് മൂഴി സെന്റ് മേരീസ് ഇടവക ദേവാലയത്തിലും വൈകിട്ട് 6 മണിക്ക് മാവേലിക്കര രൂപതയിലെ സെന്റ് മേരീസ് കരിമുളക്കൽ ഇടവക ദേവാലയത്തിലും ബഹു.ജനറാളച്ചൻ തിരുന്നാൾ ബലി അർപ്പിച്ചു.

ഒക്ടോബർമാസം 2-ാം തീയതി പരി.കൊച്ചുത്രേസ്യാ പുണ്യവതിയുടെ തിരുന്നാൾ ദിനത്തിൽ കോട്ടയം കീച്ചാൽ ദേവാലയത്തിൽ ബഹു.ജനറാളച്ചൻ തിരുന്നാൾ ബലി അർപ്പിച്ചു.

ബഥനി സന്ന്യാസി സമൂഹത്തിലെ ഡീക്കന്മാരായ ജിതിൻ ജോർജ്ജ്, ജിജോ ബെഞ്ചമിൻ, അലക്സിസ് പെല്ലിശ്ശേരി, ജോസഫ് ഷൈജു, ജിത്തു ജോൺ എന്നിവർ ഉന്നതവിജയത്തോടെ പൂനാ ജ്ഞാനദീപയിൽ നിന്നും ദൈവശാസ്ത്രത്തിൽ ബിരുദം കരസ്ഥമാക്കി കേരളത്തിലെത്തിച്ചേർന്നു. ഒക്ടോബർ മാസം 20-ാം തീയതി കോട്ടയം ബഥനി ജനറലേറ്റ് ആശ്രമത്തിൽ ഇവരെ അനുമോദിച്ച് നടത്തിയ വിരുന്നിൽ ബഹു.ജനറാളച്ചൻ ഇവരെ അനുമോദിക്കുകയും ജോബിൻ അച്ചൻ ആശംസകൾ അർപ്പിക്കുകയും ചെയ്തു.